

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം


# പഞ്ചായത്ത്‌രാജ്

പുസ്തകം 59 ലക്കം 7

ഒക്ടോബർ 2019

## കേന്ദ്രപദ്ധതികൾ

### കേരളം മാതൃക



**എന്തുകൊണ്ട്
ഗാന്ധിജി !**

**മികവിന്റെ
ഒരു ചുവടു കൂടി**




'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ഒക്ടോബർ 2019

# അകത്ത്





മികവിന്റെ ഒരു ചുവടു കൂടി
എ.സി. മൊയ്തീൻ 4

എന്തുകൊണ്ട് ഗാന്ധിജി !
ഷിജു ഏലിയാസ് 8

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സവിശേഷതകളും സമീപനവും
ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ് 12

പഞ്ചായത്തുകളുടെ ശാക്തീകരണത്തിന് രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ
ജോസ്ന മോൾ എസ്. 17

നാഷണൽ റർബൻ മിഷൻ
ബിജോയ് കെ. വർഗ്ഗീസ് 19

സംയോജിത നീർത്തട പരിപാലനത്തിന് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന
വി.എസ്. സന്തോഷ് കുമാർ 20

നാടിനെ മാലിന്യരഹിതവും ശുചിത്വപൂർണ്ണവുമാക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ
എബ്രഹാം തോമസ് രഞ്ജിത് 22

കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതികൾ 24

മേസ്തിരി പരിശീലനം
ആർ. ഷൈനി 25

സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങളുമായി മഹിളാ കിസാൻ ശാക്തീകരൺ പരിയോജന
ഡോ.പി.കെ. സനിൽകുമാർ 27

ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മന്വർ പ്രോഗ്രാം
ടി.എം. മുഹമ്മദ് ജാ 28

ദീന ദയാൽ അന്ത്യോദയ യോജന 29

ഹരിത നിയമങ്ങൾ കർശനമാക്കി തദ്ദേശസ്ഥാപനങ്ങൾ 30

ഹരിത ടൂറിസം പദ്ധതിക്ക് തുടക്കം 31

പായം: സമാനതകളില്ലാത്ത വികസന മുന്നേറ്റത്തിലേക്ക്
എൻ. അശോക് 35

മാതൃകയായി കിരണം സ്പെഷ്യൽ സ്കൂൾ
അബ്ദുൾ ലത്തീഫ് എ.വി. 39

## പംക്തികൾ

കില ന്യൂസ് 32
വാർത്തകൾ വിശേഷങ്ങൾ 34
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41
എന്ന് വായനക്കാർ 42

ഒക്ടോബർ 2019
പുസ്തകം 59 ലക്കം 7
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി
ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
എം. രാധാകൃഷ്ണൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റേയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

**എഡിറ്റോറിയൽ**

## ശുചിത്വത്തിലേക്ക് കുറുക്കുവഴികളില്ല

ശുചിത്വ സന്ദേശത്തിന്റെ ഏറ്റവും വലിയ പ്രചാരകരിൽ ഒരാളായിരുന്നു ഗാന്ധിജി. തലമുറകൾ കൈമാറിയ മണ്ണിന്റെയും മനസ്സിന്റെയും വിശുദ്ധിയിലേക്ക് തിരികെ നടക്കാൻ മഹാത്മാവിനെ കുറിച്ചുള്ള സ്മരണ ഏവർക്കും പ്രചോദനമാണ്. ഈ ഗാന്ധിജയന്തി ദിനം മുതൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിത നിയമങ്ങൾ കർശനമാക്കുകയാണ്. അന്നേ ദിവസം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ച യോഗത്തിൽ ഇനിമേലിൽ തങ്ങളുടെ സ്ഥാപന പരിധിയിൽ മാലിന്യം കത്തിക്കുകയോ ഒഴുക്കിവിടുകയോ വലിച്ചെറിയുകയോ ചെയ്താൽ കർശന നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപിച്ചിരിക്കുന്നു. നിയമലംഘകർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികളെ സജ്ജമാക്കാൻ ലക്ഷ്യമിട്ടുള്ള തുടർപരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതാണ് ശുചിത്വവും മാലിന്യ പരിപാലനവും. മാലിന്യ പരിപാലനത്തിന്റെ വ്യത്യസ്തങ്ങളായ രീതികളും പുതിയ സാങ്കേതികവിദ്യകളുടെ സാധ്യതകളും കേരളത്തിൽ കൂടുതലായി ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇത് നല്ല സൂചനയാണ്. ഇന്ന് നടക്കുന്ന അതേ ഗൗരവത്തോടെ പത്തോ പതിനഞ്ചോ വർഷം മുമ്പ് ഇതേ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിരുന്നവെങ്കിൽ കേരളത്തിന്റെ ചിത്രം മറ്റൊന്നാകുമായിരുന്നു. മണ്ണും പ്രകൃതിയും സംരക്ഷിക്കാനുള്ള ഒരു വിശാല കർമ്മപദ്ധതിയിൽ നമ്മുടെ ആരോഗ്യ ശുചിത്വ ശീലങ്ങളെ നമുക്ക് കണ്ണി ചേർക്കാം. ഹരിത കേരളം പദ്ധതിക്കു കീഴിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അത്തരമൊരു മഹാദൗത്യത്തിന് ചുക്കാൻ പിടിക്കുകയാണ്.

കാർഷിക സമൃദ്ധിയും ജലസമൃദ്ധിയും തിരിച്ചു വന്നാൽ, ആരോഗ്യമുള്ള പ്രകൃതിയും പരിസരവും വീണ്ടും നമുക്ക് സ്വന്തമാവും. ഇത് ശുചിത്വത്തിലേക്കുള്ള സ്വാതന്ത്ര്യ സമരമാണ്. ഇവിടെ നമുക്കൊരുമിച്ച് വിജയിക്കാം. സർക്കാരിന്റെ ഉത്തരവുകൾക്കും ആനുകൂല്യങ്ങൾക്കും നോക്കിയിരിക്കുന്ന വടക്കുനോക്കി യന്ത്രങ്ങളാവാതെ, നമുക്ക് ഒരു വട്ടം നമ്മിലേക്കു തന്നെ നോക്കാം. നാട് വലിയ മാറ്റങ്ങൾ ആവശ്യപ്പെടുന്നു. വെല്ലുവിളികൾ സമൂഹത്തിലെ നന്മകൾ ഊട്ടിയുണർത്തുന്നത് എങ്ങനെയെന്ന് ഒന്നിനു പിറകേ ഒന്നായി വന്ന രണ്ടു പ്രളയ കാലങ്ങൾ നമുക്ക് കാണിച്ചു തന്നിരിക്കുന്നു. മാലിന്യ നിർമ്മാർജനത്തിനൊപ്പം ശുചിത്വ ജാഗ്രതയും അതേ പ്രാധാന്യത്തോടെ ഏറ്റെടുക്കണം എന്നതാണ് പ്രളയത്തിന്റെ പാഠങ്ങളിൽ ഒന്ന്.

നമ്മുടെ ആരോഗ്യ- ശുചിത്വ സങ്കൽപ്പങ്ങളിലും പാരിസ്ഥിതിക ധാരണകളിലും ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണ്. ജനാധിപത്യത്തിൽ ആരും ഒറ്റയ്ക്ക് വിജയിക്കുന്നില്ല. ഒറ്റയ്ക്ക് പരാജയപ്പെടുന്നുമില്ല. സംസ്കാരത്തിന്റെ നന്മയിൽ നിന്നേ ശുചിത്വ ശീലങ്ങൾ തളിർക്കൂ. പുതിയൊരു ആരോഗ്യ ശുചിത്വ സംസ്കാരം കെട്ടിപ്പടുക്കാൻ നമുക്കൊരുമിക്കാം.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**"എന്തുത്യാഗം സഹിച്ചും ചെയ്യേണ്ടതു ചെയ്യാൻ ധൈര്യപ്പെടുകയാണ് യഥാർത്ഥ ധർമ്മം."**
മഹാത്മാഗാന്ധി



# മികവിന്റെ ഒരു ചുവടു കൂടി

**എ.സി. മൊയ്തീൻ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് മികവിന്റെ പുതിയ ഔന്നത്യങ്ങൾ സ്വന്തമാക്കാൻ ഈ വർഷം നമുക്കാവണം. ചിരസ്ഥായിയായ നേട്ടങ്ങൾക്കു വേണ്ടി, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി നിൽക്കണം.**

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സങ്കൽപ്പത്തിൽ ഓരോ ഗ്രാമവും ഒരു റിപ്പബ്ലിക്ക് ആണ്. സ്വന്തം കാര്യങ്ങൾ സ്വയം തീരുമാനിക്കാനുള്ള അധികാരവും വിഭവസ്രോതസുകളിൽ നിയന്ത്രണവുമുള്ള സമ്പൂർണ്ണ ഗവൺമെന്റുകൾ. ഈ മഹത്തായ സങ്കൽപ്പം ഒരു പരിധി വരെയെങ്കിലും യാഥാർത്ഥ്യമായത് കേരളത്തിലാണ്. ജനകീയാസൂത്രണം നടപ്പിൽ വരുത്തിയതോടെ, നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകൾ എന്ന വിശേഷണം അർഹിക്കുന്ന വിധത്തിൽ ശക്തവും വ്യവസ്ഥാപിതവുമായി. ദൈനംദിന ഭരണ നടപടികളിൽ ഒതുങ്ങി നിൽക്കാതെ, വികസന പ്രോജക്റ്റുകൾക്ക് രൂപം കൊടുക്കുന്നതിനും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുമുള്ള അധികാരവും ആളും അർത്ഥവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി. കേരളത്തിന്റെ വികസന ചരിത്രത്തിൽ വഴിത്തിരിവു കുറിച്ച ഈ മാറ്റത്തിന്റെ ഗുണഫലങ്ങൾ നാമിന്ന് അനുഭവിക്കുകയാണ്.

രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും നമ്മെ തേടി വരുന്ന അംഗീകാരങ്ങളും പ്രശംസാവാക്കുകളും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അടിവരയിടുന്നു. ഈ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വികസന പ്രവർത്തകരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ ഇടവേളകളില്ലാതെ തുടരണം. പോയ വർഷത്തെ പ്രവർത്തനങ്ങൾ അതേപടി ആവർത്തിച്ചാൽ എല്ലാമായെന്ന

ധാരണ ആർക്കും ഉണ്ടാവരുത്. പുതിയ വെല്ലുവിളികളെ യഥാസമയം തിരിച്ചറിയാനും അതിജീവനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കാനും നമുക്കാവണം.

നൂറ്റാണ്ടിന്റെ പ്രളയത്തെ ഇച്ഛാശക്തിയോടെ നേരിട്ട് കേരളം ലോക ശ്രദ്ധ നേടി. സർക്കാർ സംവിധാനങ്ങൾ മുഴുവൻ രംഗത്തിറങ്ങിയാലും എങ്ങുമെത്താതെ പോകുമായിരുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെയും സൂക്ഷ്മബുദ്ധിയോടെയും കൈകാര്യം ചെയ്യാൻ നമുക്കു കഴിഞ്ഞത് ജനങ്ങളുടെ സജീവ പങ്കാളിത്തം കൊണ്ടാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനകീയ പിന്തുണാ സംവിധാനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ കൂടി വിജയമാണ്. ദുരിതാശ്വാസവും ദുരന്തനിവാരണവും കൈകാര്യം ചെയ്യേണ്ടത് റവന്യൂ അധികാരികൾ മാത്രമാണെന്ന പഴയ തോന്നൽ അതോടെ മാറി.

കഴിഞ്ഞ സാമ്പത്തികവർഷം പദ്ധതി പ്രവർത്തനങ്ങൾ റെക്കോർഡ് വേഗത്തിൽ പുരോഗമിക്കുന്നതിനിടയിലാണ് പ്രളയം എത്തിയത്. വലിയ വില നൽകിയിട്ടാണെങ്കിലും അതിനെ നമ്മൾ അതിജീവിച്ചു. ദുരന്താനന്തര ഭൗത്യങ്ങൾക്ക് ഇടയിലും വികസന പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും മുടക്കമില്ലാതെ മുന്നോട്ടു കൊണ്ടുപോയി. ദുരന്തത്തിന്റെ പേരു പറഞ്ഞ്

**മഹാപ്രളയം വരുത്തി വച്ച ഭാരിച്ച സാമ്പത്തിക ഭാരം നിലനിന്നപ്പോൾ പോലും പോയവർഷത്തെ പദ്ധതിതുകയിൽ സർക്കാർ കുറവ് വരുത്തിയില്ല. ഇക്കൊല്ലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക കുറവ് വരുത്താതെ മുന്നോട്ട് പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.**

ആർക്കും യാതൊരാനുകൂല്യവും നിഷേധിച്ചില്ല. സംസ്ഥാന സർക്കാരിന്റെ കൃത്യമായ ആസൂത്രണത്തോടൊപ്പം പ്രാദേശിക സർക്കാരുകളുടെ മുൻകൈ പ്രവർത്തനവും അതിന് സഹായിച്ചു. പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനം കണ്ടെത്താൻ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും സർക്കാർ സ്വീകരിച്ചു. കോർപ്പറേറ്റുകൾ മുതൽ സാധാരണക്കാർ വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തങ്ങളാലാവുന്ന സംഭാവനകൾ നൽകി.

കേരളത്തിൽ പ്രകൃതി ദുരന്ത സാധ്യത തുലോം കുറവാണെന്ന നമ്മുടെ വിശ്വാസത്തിൽ മഹാപ്രളയം വിള്ളലുണ്ടാക്കി. നൂറ്റാണ്ടിന്റെ ഇടവേളകളിൽ മാത്രം സംഭവിക്കുന്നതും മനുഷ്യന്റെ നിയന്ത്രണങ്ങൾക്ക് അതീതവുമായ അപൂർവ്വ പ്രതിഭാസമായി ഇതിനെ കാണാൻ നമ്മൾ ആഗ്രഹിച്ചു. സമീപ ഭാവിയിൽ മറ്റൊരു ദുരന്തത്തിന് സാധ്യതയുണ്ടെന്ന് നല്ലൊരു വിഭാഗം അപ്പോഴും കരുതിയില്ല. മാസങ്ങൾക്ക് മുമ്പ് ഏതാനും ജില്ലകളിൽ ഉണ്ടായ മണ്ണിടിച്ചിലും ദുരന്തങ്ങളും ഈ ധാരണ തിരുത്തി. കാര്യങ്ങളെ കൂടുതൽ യാഥാർഥ്യബോധത്തോടെ സമീപിക്കേണ്ടതാണെന്ന് മലയാളി മനസ്സിലാക്കി.

മഹാപ്രളയത്തിലും പദ്ധതി പ്രവർത്തനത്തിൽ പിന്നാക്കം പോവാതെ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ പ്രാദേശിക സർക്കാരുകളെ എത്ര വട്ടം അഭിനന്ദിച്ചാലും അധികമാവില്ല. ഈ ആത്മവിശ്വാസവും സ്ഥിരോത്സാഹവും നിലനിർത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. മാറിയ സാഹചര്യങ്ങൾ വിലയിരുത്തി പഴുതടച്ച നിർവ്വഹണ തന്ത്രം രൂപപ്പെടുത്തണം. പോയ വർഷം നേടിയ റെക്കോർഡുകൾ ഇക്കൊല്ലത്തെ മികച്ച പ്രവർത്തനം കൊണ്ട്




*തൃശ്ശൂരിൽ നടന്ന പഞ്ചായത്ത് ദിനാഘോഷം 2019-ന്റെ സുവനീർ തൃശ്ശൂർ കിലയിൽ വച്ച് നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പ്രകാശനം ചെയ്യുന്നു.*

തിരുത്തണം. നിലവിലെ നിർവ്വഹണ സ്ഥിതിവിശേഷം മുൻ വർഷത്തേതുമായി തട്ടിച്ച് പരിശോധിച്ച് കുറവുകൾ തീർക്കണം. ദൗർബല്യങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആരായുകയും വേണം.

6879.62 കോടി രൂപയാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ മൊത്തം വികസന ഫണ്ട്. അതിൽ 1814.32 കോടിയാണ് ഇതിനകം ചെലവഴിക്കാനായത്. പട്ടിക ജാതി ഫണ്ടിന്റെയും (എസ്‌സിപി) പട്ടിക വർഗ ഫണ്ടിന്റെയും വിനിയോഗം തൃപ്തികരമെന്ന് പറയാനാവില്ല. ഇത് നല്ല സൂചനയല്ല. നടപടിക്രമങ്ങളുടെ പേരിൽ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തിയാൽ അത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കഴിവുകേടായേ ജനം കരുതൂ. കക്ഷി രാഷ്ട്രീയമോ മറ്റ് പരിഗണനകളോ നോക്കാതെ, സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്ന വികസന ലക്ഷ്യങ്ങളുടെ സമർത്ഥരായ വക്താക്കളും കാര്യക്ഷമതയുള്ള പ്രയോക്താക്കളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലെ സാങ്കേതിക തടസ്സങ്ങൾക്ക് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പരിഹാരമുണ്ടാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.



മഹാപ്രളയം വരുത്തി വച്ച ഭാരിച്ച സാമ്പത്തിക ഭാരം നിലനിന്നപ്പോൾ പോലും പോയവർഷത്തെ പദ്ധതിതുകയിൽ സർക്കാർ കുറവ് വരുത്തിയില്ല. ഇക്കൊല്ലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക കുറവ് വരുത്താതെ മുന്നോട്ട് പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ഒരു രൂപ പോലും നഷ്ടമാകരുത്. നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് മികവിന്റെ പുതിയ ഔന്നത്യങ്ങൾ സ്വന്തമാക്കാൻ ഈ വർഷം നമുക്കാവണം. ചിരസ്ഥായിയായ നേട്ടങ്ങൾക്കു വേണ്ടി, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി നിൽക്കണം. ആരോഗ്യകരമായ കൂട്ടുത്തരവാദിത്തം കൊണ്ടേ വിജയം വരൂ. ഇത് മികവിന്റെ വർഷമാവട്ടെ.

□



## മന്ത്രി എ.സി.മൊയ്തീൻ കൊട്ടാരക്കരയിലെ കില സി.എച്ച്.ആർ.ഡി.സന്ദർശിച്ചു

കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയും ഇ.ടി.സിയും സന്ദർശിച്ച തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ പ്രവർത്തനങ്ങൾ വിലയിരുത്തി. കില സെന്ററുകളുടെ സമഗ്രവികസനം ലക്ഷ്യമിട്ടായിരുന്നു മന്ത്രിയുടെ സന്ദർശനം. മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസനമുൻഗണനകൾ ക്രമീകരിക്കാൻ മന്ത്രി നിർദ്ദേശം നൽകി. കില സെന്ററുകൾ നിൽക്കുന്ന ഭൂമി അളന്നു തിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കും. ഇതിനായി പ്രത്യേക റിപ്പോർട്ടു തയ്യാറാക്കുന്നതിനു കൊട്ടാരക്കര തഹസിൽദാരെ ചുമതലപ്പെടുത്തി. ഇ.ടി.സി. കോമ്പൗണ്ടിൽ നിന്ന് പലപ്പോഴായി ഭൂമി കൈമാറിയ വകുപ്പുമേധാവികളുടെ യോഗം വിളിക്കുമെന്നു മന്ത്രി പറഞ്ഞു. ഓരോ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി അളന്ന് അതിന്റെ അതിർത്തിയും റവന്യൂ റെക്കോർഡുകളും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളും പരിശോധിച്ച് റിപ്പോർട്ട് നൽകാനും മന്ത്രി നിർദ്ദേശിച്ചു. ഭാവിയിൽ ഇ.ടി.സി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ഒരു പൊതുസ്ഥാപനത്തിനും കൈവശമുള്ള ഭൂമി സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടാകാൻ പാടില്ലെന്നും അദ്ദേഹം പറഞ്ഞു.



# എന്തുകൊണ്ട് ഗാന്ധിജി !

■ ഷിജു ഏലിയാസ്

നൂറ്റി ഇരുപത്തിയഞ്ച് വയസു വരെ താൻ ജീവിച്ചിരിക്കുമെന്ന് മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ നർമ്മബോധം അറിയുന്ന ഒരാളെയും ഈ വാക്കുകൾ ആശ്ചര്യപ്പെടുത്തിയിരിക്കാൻ ഇടയില്ല. ഗാന്ധിജിയില്ലാത്ത ഇന്ത്യ അദ്ദേഹം വെടിയേറ്റു വീഴുന്ന നിമിഷം വരെ ഇന്ത്യക്കാരുടെ സങ്കൽപ്പങ്ങളിൽ ഉണ്ടായിരുന്നില്ല. അവർക്കദ്ദേഹം ഒരേയൊരു രാഷ്ട്രീയ നേതാവും യുഗപ്രഭാവനായ ഋഷിയുമായി രുന്നു.

ഇന്ത്യയിലെ ജനകോടികൾ ഗാന്ധിയെ അവരുടെ നേതാവായി കണ്ടു. ഗാന്ധിജിയുടെ വാക്ക് അവർക്ക് അവസാന വാക്കായി. ഗാന്ധിജിയെ സ്നേഹിച്ചവരെ ജനങ്ങൾ സ്നേഹിച്ചു. ഗാന്ധിജിയെ തള്ളിപ്പറഞ്ഞവരെ ജനങ്ങളും തള്ളിപ്പറഞ്ഞു. മുക്കാൽ നൂറ്റാണ്ടിനപ്പുറം, ഇന്ത്യയിലെ മതേതരത്വവും ജനാധിപത്യവും പോറലേൽക്കാതെ നിലനിന്നു കാണാൻ ആഗ്രഹിക്കുന്ന എല്ലാവരും ഗാന്ധിജിയുടെ മഹത്വം അംഗീകരിക്കുന്നു. ഗാന്ധിയെ മനസ്സിലാക്കാൻ വൈകിയതിന് പലരും സ്വയം കുറ്റപ്പെടുത്തുന്നു. എന്തുകൊണ്ട് ഗാന്ധി എന്ന ചോദ്യത്തിന് പുതിയ ഉത്തരങ്ങൾ ഉണ്ടാവുന്നു.

ഗാന്ധിജിക്ക് അഹിംസ വെറുമൊരു തത്വമായിരുന്നില്ല. ചെടികളും പുൽകളും പുഴുക്കളും സ്വന്തം കുടുംബക്കാരാണെന്ന്

കരുതുന്ന സർവ്വാശ്ലേഷിയായ പ്രപഞ്ച ദർശനത്തിന്റെ സാരസർവ്വസ്വമായിരുന്നു. പർവ്വതങ്ങളോളം പഴക്കമുള്ള സത്യമല്ലാതെ, തനിക്ക് യാതൊന്നും പുതുതായി പറയാനില്ലെന്ന് അദ്ദേഹം ആവർത്തിച്ചു. വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും സ്വാശ്രയത്വത്തിന്റെ വക്താവും പ്രയോക്താവുമായിരുന്നു ഗാന്ധി. അദ്ദേഹത്തിന്റെ രാഷ്ട്ര സങ്കൽപ്പത്തിലും സ്വാശ്രയത്വം തന്നെയായിരുന്നു മൂലാധാരം. സ്വാശ്രയത്വമുള്ള ഗ്രാമങ്ങളുടെ കൂട്ടായ്മയായാണ് അദ്ദേഹം രാഷ്ട്രത്തെ കണ്ടത്. ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിന്റെയോ, ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെയോ സമ്പത്തോ സ്ഥാനമാനങ്ങളോ പദവിയോ ആഗ്രഹിക്കുന്നത് പാപമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ജൈന വിശ്വാസികളുടെ പഞ്ചമഹാവ്രതങ്ങളിൽ ഒന്നായ അസ്തേയം ഒരു ജീവിത വ്രതമായി അദ്ദേഹം ഉദ്ഘോഷിച്ചു. യൗവ്വനം അവസാനിക്കുന്നതിനു മുമ്പുതന്നെ ബ്രഹ്മചര്യത്തിന്റെ വഴി സ്വീകരിച്ച ഗാന്ധിജി ജീവിതാവസാനം വരെ അതൊരു കഠിന വ്രതമായി കൊണ്ടു നടന്നു. ഈ തത്വങ്ങൾക്ക് തന്റെ ജീവിതം കൊണ്ട് പുതിയ അർത്ഥ തലങ്ങൾ സമ്മാനിച്ചു. തനിക്കുള്ള വസ്ത്രം അദ്ദേഹം സ്വയം നൂറ്റുണ്ടാക്കി. സ്വന്തം ശുചി മുറി സ്വയം വൃത്തിയാക്കി. സ്വാശ്രയ ബോധത്തിലേക്കുള്ള ഇന്ത്യയുടെ ഉണർവിൽ അദ്ദേഹം രൂപം കൊടുത്ത ഖാദി പ്രസ്ഥാനം പ്രധാന പങ്കു വഹിച്ചു. സർവ്വസംഗ പരിത്യാഗിയായ ഒരു രാഷ്ട്രീയ നേതാവിനെ ലോകം അന്നാദ്യമായി കാണുകയായിരുന്നു.



ആത്മീയതയാണ് രാഷ്ട്രീയത്തിന്റെ അടിത്തറ എന്ന് വിശ്വസിച്ചവർക്ക് ഗാന്ധിജി നേതാവും ആത്മീയ ഗുരുവുമായിരുന്നു. പാവപ്പെട്ടവരുടെയും നിരാശ്രയരുടെയും കണ്ണീരൊപ്പലാണ് രാഷ്ട്രീയം എന്ന് കരുതിയവർക്ക് ഗാന്ധിജിക്കപ്പുറം മറ്റൊരു മാതൃക ഉണ്ടായിരുന്നില്ല. കർഷക വിമോചനത്തിനു വേണ്ടി നിലകൊണ്ടവർക്ക് പാവപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് ഉശിരൻ സമരം നയിച്ച പ്രക്ഷോഭ നായകനായിരുന്നു ഗാന്ധി. ഇന്ത്യയുടെ കർഷക സമര ചരിത്രത്തിൽ ഗാന്ധിജി നേതൃത്വം നൽകിയ ചമ്പാരൻ സമരത്തിന് പ്രമുഖ സ്ഥാനമുണ്ട്. ബ്രിട്ടീഷുകാരെ എങ്ങനെയും ഓടിച്ചു വിടുക എന്ന ഒരൊറ്റ അജണ്ടയിൽ ഒതുങ്ങാൻ അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ വിമോചനമെന്നത് കേവലം ദേശീയ സ്വാതന്ത്ര്യം മാത്രമായിരുന്നില്ല. വ്യക്തിയുടെ വിമോചനവും ആത്മീയമായ ശാക്തീകരണവും മറ്റെന്തിലും പ്രധാനമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. സ്വതന്ത്രരായ വ്യക്തികളുടെ രാഷ്ട്രമായി ഇന്ത്യയെ കാണാനാണ് ഗാന്ധിജി ആഗ്രഹിച്ചത്. സുതാര്യതയായിരുന്നു ഗാന്ധിജിയുടെ വ്യക്തിത്വത്തിന്റെ മുഖമുദ്ര. തന്റെ അഭിപ്രായങ്ങൾ അദ്ദേഹം വെട്ടിത്തുറന്ന് പറഞ്ഞു. വിയോജിപ്പുകളെ കൂസലില്ലാതെ നേരിട്ടു. ഒരു പ്രദേശത്തിന്റെയോ, ഭാഷയുടെയോ, ഏതെങ്കിലും പ്രത്യേക സാംസ്കാരിക വിഭാഗത്തിന്റെയോ വക്താവായി അദ്ദേഹം മാറിയില്ല. എല്ലാ മതവിഭാഗങ്ങളിൽ പെട്ട സാധാരണക്കാർക്കും അദ്ദേഹം ഒരു പൊലെ സ്വീകാര്യനായി. ഹിന്ദുവാണോ എന്ന ചോദ്യത്തിന് താൻ ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും ജൂതനുമാണ് എന്നായിരുന്നു ഗാന്ധിജിയുടെ മറുപടി. മതങ്ങളുടെ ആചാരബാഹുല്യത്തെ തള്ളിക്കളഞ്ഞ് സമത്വം, സാഹോദര്യം, അനുകമ്പ മുതലായ കേന്ദ്ര ആശയങ്ങൾ സ്വീകരിക്കുകയാണ് ഗാന്ധിജി ചെയ്തത്.

**ഗാന്ധിജിയുടെ വ്യക്തിപ്രഭാവവും ഋഷിതുല്യമായ ജീവിതവും ജനമനസുകൾ കീഴടക്കി. സത്യമായിരുന്നു അദ്ദേഹത്തിന്റെ വഴികാട്ടി. ടാഗോർ നൽകിയ മഹാത്മാ എന്ന വിശേഷണം ജനങ്ങൾ ഏറ്റെടുത്തു. മോഹൻദാസ് ഗാന്ധി അവർക്ക് മഹാത്മാഗാന്ധിയായി.**

ആഫ്രിക്കയിലെ വക്കീൽ ജീവിത കാലത്ത് പരീക്ഷിച്ചെടുത്ത സത്യാഗ്രഹം എന്ന സമര മാർഗ്ഗം അദ്ദേഹം ഇന്ത്യയിൽ പ്രയോഗിച്ചു. ആയുധ ശക്തിക്കും ആൾബലത്തിനും മുന്നിൽ സത്യത്തിൽ അടിയുറച്ച ആത്മശക്തി കൊണ്ടും സഹനം കൊണ്ടും വിജയം നേടുക എന്നതായിരുന്നു സത്യഗ്രഹത്തിന്റെ കാതൽ. ഗാന്ധിജിയുടെ സാന്നിധ്യം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ ജനകീയമാക്കി. ചമ്പാരനിലെ തോട്ടം തൊഴിലാളികളെ സംഘടിപ്പിച്ച് നടത്തിയ സത്യഗ്രഹമാണ് ആഫ്രിക്കയിൽ നിന്ന് തിരിച്ചെത്തിയതിനു ശേഷം അദ്ദേഹം നേതൃത്വം നൽകിയ ആദ്യത്തെ പ്രക്ഷോഭം. ഈ സമരത്തിൽ അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. തുടർന്ന് ഘേഡയിലെ കർഷക സമരത്തിലും അദ്ദേഹം ഇടപെട്ടു. അഹമ്മദാബാദിലെ തൊഴിൽ പ്രശ്നം ഗാന്ധിജി ഇടപെട്ട് ഒത്തുതീർപ്പാക്കി.

ഗാന്ധിജിയുടെ വ്യക്തി പ്രഭാവവും ഋഷി തുല്യമായ ജീവിതവും ജനമനസുകൾ കീഴടക്കി. സത്യമായിരുന്നു അദ്ദേഹത്തിന്റെ

വഴികാട്ടി. ടാഗോർ അദ്ദേഹത്തിന് നൽകിയ മഹാത്മാ എന്ന വിശേഷണം ജനങ്ങൾ ഏറ്റെടുത്തു. മോഹൻ ദാസ് ഗാന്ധി അവർക്ക് മഹാത്മാഗാന്ധിയായി. മതത്തിന്റെയോ ജാതിയുടെയോ ലിംഗപദവിയുടെയോ സാമ്പത്തിക നിലയുടെയോ പേരിൽ ആർക്കും അവസരങ്ങൾ നിഷേധിക്കപ്പെടാത്ത ഒരു സമൂഹം രൂപപ്പെട്ടു കാണാൻ മഹാത്മാവ് ആഗ്രഹിച്ചു. മനസ്സാക്ഷിയുടെ ആജ്ഞകൾ അനുസരിക്കുന്ന പ്രബുദ്ധരായ വ്യക്തികളുടെ കൂട്ടായ്മയായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലെ മാതൃകാ സമൂഹം. വ്യക്തിയെ ഭരണകൂടം നിയന്ത്രിക്കുന്നത് അധാർമ്മികമാണെന്ന് ഗാന്ധിജി വിശ്വസിച്ചു. യൂറോപ്പിന്റെ മാതൃകയിൽ ഇന്ത്യ വികസിക്കണമെന്ന് സ്വപ്നം കണ്ടവർക്ക് ഗാന്ധിജിയുടെ ആശയങ്ങൾ തുടക്കത്തിൽ സ്വീകാര്യമായില്ല.

1919-ൽ ആരംഭിച്ച നിസ്സഹകരണ സമരം ഗാന്ധിയൻ സത്യഗ്രഹ സമരമാർഗ്ഗം രാജ്യം മുഴുവൻ വ്യാപിപ്പിച്ചു. സമരത്തിനിടയിൽ ഗാന്ധിജി അറസ്റ്റിലായി. അറസ്റ്റിൽ പ്രതിഷേധിച്ച് നടത്തിയ ഹർത്താലിൽ ലക്ഷക്കണക്കിനു പേർ ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യങ്ങളുമായി തെരുവിലിറങ്ങി. സർക്കാർ ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമടക്കം സർവ്വ മേഖലകളെയും ഹർത്താൽ ബാധിച്ചു. രാജ്യത്തിന്റെ മുക്കിലും മൂലയിലും സമരങ്ങൾ അലയടിച്ചു. അതോടെ, ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മുഖച്ഛായ മാറി. ജാലിയൻ വാലാബാഗിൽ ബ്രിട്ടീഷ് പട്ടാളം സമരക്കാരെ കൂട്ടക്കൊല ചെയ്തു. ഇതുണ്ടാക്കിയ വൈകാരികക്ഷോഭം ചെറുതായിരുന്നില്ല. ചോരയ്ക്ക് ചോര കൊണ്ട് കണക്ക് തീർക്കാൻ ആഗ്രഹിച്ച സാഹസികരായ പ്രക്ഷോഭകാരികൾ പലയിടത്തും അക്രമാസക്തരായി. ചൗരി ചൗരായിൽ പ്രക്ഷോഭകാരികൾ പൊലീസ് സ്റ്റേഷൻ ചുട്ടെരിച്ച് പൊലീസുകാരെ കൊല ചെയ്തു. പ്രവർത്തകർ അഹിംസാ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുന്നത് മനസ്സിലാക്കിയ ഗാന്ധിജി സമരം പിൻവലിച്ചു. ഒരു വിഭാഗം അക്രമത്തിന്റെ മാർഗ്ഗത്തിലേക്ക് തിരിയുന്നതിലുള്ള പ്രതിഷേധം അദ്ദേഹം മറച്ചു വച്ചില്ല. ബ്രിട്ടീഷുകാർ ഗാന്ധിജിയെ വീണ്ടും അറസ്റ്റു ചെയ്തു ജയിലിൽ അടച്ചു. രണ്ടു വർഷത്തിനു ശേഷം ജയിൽ മോചിതനായ ഗാന്ധിജി വീണ്ടും പൊതുരംഗത്ത് സജീവമായി. ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ചു ഭരിക്കൽ തന്ത്രം അതിനകം ഫലംകണ്ടു തുടങ്ങിയിരുന്നു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും വർഗീയ സംഘർഷങ്ങൾ തലപൊക്കി. സ്വാതന്ത്ര്യവും സ്വാശ്രയത്വവും പോലെ മതമൈത്രിയും പ്രധാനമാണെന്ന് കണ്ട ഗന്ധിജി തന്റെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും ഹിന്ദു മുസ്ലിം ഐക്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. ഗാന്ധിജി കോൺഗ്രസിന്റെ അധ്യക്ഷ സ്ഥാനം തിരികെ സ്വീകരിച്ചതോടെ, ജനലക്ഷങ്ങൾ അണിനിരന്ന സമര പരമ്പരയ്ക്ക് വീണ്ടും തുടക്കമായി. പ്രവർത്തകർ സ്വയം ചർക്കയിൽ നൂറ്റെടുത്ത ഖദർ ധരിക്കണമെന്ന് ഗാന്ധി നിർബന്ധിച്ചു. ഖദർ ഒരേ സമയം സമരോൽസുകമായ ദേശീയതയുടെയും അഹിംസയുടെയും പ്രതീകമായി മാറി.

1930ൽ ആരംഭിച്ച സിവിൽ നിയമലംഘന സമരം രാജ്യം മുഴുവൻ വ്യാപിച്ചു. സബർമതി ആശ്രമത്തിൽ നിന്ന് ആരംഭിച്ച ദണ്ഡിയാത്ര രാജ്യത്തെ ഇളക്കി മറിച്ചു. ദണ്ഡി കടപ്പുറത്ത് പതിനായിരങ്ങളെ സാക്ഷി നിർത്തി ഗാന്ധിജി ഉപ്പു നിയമം ലംഘിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുതും വലുതുമായ സിവിൽ നിയമലംഘന സമരങ്ങൾ നടന്നു. പ്രക്ഷോഭകാരികൾ അതിക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയരായി. ഗാന്ധിജി അറസ്റ്റിലായത് പ്രതിഷേധങ്ങൾക്ക് ശക്തി കൂട്ടി. ഇന്ത്യൻ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ എന്ന പേരിൽ വിളിച്ചുകൂട്ടിയ വട്ടമേശ സമ്മേളനങ്ങൾ ഫലം കണ്ടില്ല. സിവിൽ നിയമലംഘന സമരം തുടരുന്നതിനിടയിൽ ഗാന്ധിജി വീണ്ടും അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കപ്പെട്ടു. സബർമതി ജയിലിലും പിന്നീട് യർവാദാ ജയിലിലും കഴിയവേ, ജാതി മർദ്ദനത്തിന്റെ പ്രശ്നത്തെപ്പറ്റി അദ്ദേഹം കൂടുതൽ ചിന്തിക്കുകയും എഴുതുകയും ചെയ്തു. ജയിൽ മോചനത്തിനു ശേഷം ഹരിജനോദ്ധാരണത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം കൂടുതൽ സമയം കണ്ടെത്തി. ലോകമെങ്ങും ഗാന്ധിജിയുടെ വ്യക്തിത്വവും അദ്ദേഹത്തിന്റെ ആശയങ്ങളും ചർച്ച ചെയ്യപ്പെട്ടു. നിർണായക രാഷ്ട്രീയ സന്ദർഭങ്ങളിൽ ഗാന്ധിജിയുടെ വാക്കുകൾക്കു വേണ്ടി ലോകം കാതോർത്തു. തലയെടുപ്പുള്ള ചരിത്ര പുരുഷൻമാരെക്കൊണ്ട് നിറഞ്ഞതായിരുന്ന അന്നത്തെ ലോകരാഷ്ട്രീയം. അവർക്കിടയിൽ ഗാന്ധിജി വേറിട്ടു നിന്നു. അർദ്ധനഗ്നനായ ഫക്കീർ എന്ന വിൻസ്റ്റൺ ചർച്ചിലിന്റെ പരിഹാസം അദ്ദേഹത്തിന്റെ പ്രഭാവത്തിന് മാറ്റ് കൂട്ടിയതേയുള്ളൂ.

**പ്രവർത്തകർ സ്വയം ചർക്കയിൽ നൂറ്റെടുത്ത ഖദർ ധരിക്കണമെന്ന് ഗാന്ധി നിർബന്ധിച്ചു. ഖദർ ഒരേ സമയം സമരോൽസുകമായ ദേശീയതയുടെയും അഹിംസയുടെയും പ്രതീകമായി മാറി. ബർദോളിയിലെ സത്യഗ്രഹ സമരം വലിയ തോതിൽ ജനങ്ങളുടെ അനുഭാവം നേടിയെടുത്തു.**

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് വിട്ടു നിന്ന കാലത്തും ദേശീയ പ്രസ്ഥാനത്തിലെ അദ്ദേഹത്തിന്റെ സ്വാധീനത്തിന് ഇളക്കം തട്ടിയില്ല. ദാരിദ്ര്യം അനുഭവിക്കുന്ന ഗ്രാമീണരുടെ ജീവിതത്തിൽ എങ്ങനെ മാറ്റമുണ്ടാക്കാം എന്ന ചിന്ത ഗാന്ധിജിയെ അലട്ടിക്കൊണ്ടിരുന്നു. 1936-ൽ സേവാഗ്രാം ആശ്രമത്തിലേക്ക് താമസം മാറിയതിനു ശേഷം ഗ്രാമവികസനത്തിലായി അദ്ദേഹത്തിന്റെ ശ്രദ്ധ. സ്വാതന്ത്ര്യാനന്തരം രാജ്യം ഏറ്റെടുത്ത ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് സേവാഗ്രാമിലെ പരീക്ഷണങ്ങൾ വഴികാട്ടിയായി. സ്വന്തം ഭാഷയിലും സംസ്കാരത്തിലും അഭിമാനിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ സഹായിക്കാത്ത വിദ്യാഭ്യാസം അപൂർണ്ണമാണെന്ന് ഗാന്ധിജി കരുതി. വാർധയിൽ നടന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ, പാശ്ചാത്യ മാതൃകയിൽ നിന്ന് തികച്ചും വ്യത്യസ്തമായ പുതിയൊരു വിദ്യാഭ്യാസ പദ്ധതിയുടെ രൂപരേഖ ഗാന്ധിജി അവതരിപ്പിച്ചു. വിദ്യാഭ്യാസ ക്രമത്തിൽ തൊഴിൽ പഠനത്തിന് പ്രാധാന്യം നൽകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

1942 ലെ ക്വിറ്റ് ഇന്ത്യാ സമരം ഗാന്ധിജിയെ വീണ്ടും ഇന്ത്യൻ രാഷ്ട്രീയത്തിലെ ശ്രദ്ധാകേന്ദ്രമാക്കി. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ഗാന്ധിജിയുടെ ആഹ്വാനം സ്വാതന്ത്ര്യസമര സേനാനികളുടെ ആവേശം തട്ടിയുണർത്തി. നാടെങ്ങും സമരങ്ങൾ അലയടിച്ചു. ഗാന്ധിജി ഒരിക്കൽക്കൂടി ജയിലിലായി. ആഗാഖാൻ കൊട്ടാരത്തിലെ തടവുജീവിത കാലത്ത് പ്രകൃതിജീവനമടക്കം വിവിധങ്ങളായ വിഷയങ്ങളെ കുറിച്ച് അദ്ദേഹം ചിന്തിക്കുകയും ലേഖനങ്ങൾ എഴുതുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധം നീണ്ടു പോയ



മുറയ്ക്ക്, കോളനികളിൽ ദേശീയ വിമോചനത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ കൂടുതൽ സമരോത്സുകവും ശക്തവുമായി. ബ്രിട്ടൻ അടക്കമുള്ള കൊളോണിയൽ ശക്തികൾ സാമ്പത്തികമായും സൈനികമായും ക്ഷയിക്കാൻ തുടങ്ങി. കോളനികളുടെ സ്വാതന്ത്ര്യത്തിന് അനുകൂലമായ ഒരു രാഷ്ട്രീയ സാഹചര്യം രൂപപ്പെട്ടു. ദേശീയ വിമോചനം അടുത്തെത്തിയെന്ന പ്രതീക്ഷ ഇന്ത്യൻ രാഷ്ട്രീയത്തിൽ പുതിയ വഴിത്തിരിവുകൾ സൃഷ്ടിച്ചു. ഹിന്ദു രാഷ്ട്രമെന്ന ഒരു വിഭാഗത്തിന്റെ ആവശ്യത്തിന് ബദലായി മുഹമ്മദാലി ജിന്നയുടെ നേതൃത്വത്തിലുള്ള മറ്റൊരു കൂട്ടർ മുസ്ലിം രാഷ്ട്രത്തിനു വേണ്ടിയുള്ള വാദം ശക്തമാക്കി. അവർ പ്രത്യക്ഷ സമരപരിപാടികളുമായി രംഗത്തു വന്നത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. കൊൽക്കത്തയിൽ അതിരൂക്ഷമായ വർഗീയ കലാപം പൊട്ടിപ്പുറപ്പെട്ടു. ആയിരക്കണക്കിനു മനുഷ്യരെ കൊലയ്ക്കു കൊടുത്ത കലാപം, ചെറുതും വലുതുമായ വർഗീയ അസ്വാരസ്യങ്ങളായി രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും പടർന്നു. കലാപകലുഷിതമായ നവഖാലിയുടെ തെരുവുകളിലൂടെ ശാന്തിയുടെ സന്ദേശവുമായി ഗാന്ധിജി നടന്നു. അതിനകം രാജ്യത്തിന്റെ വിഭജനം മാറ്റാനാവാത്ത യാഥാർഥ്യമായി കഴിഞ്ഞിരുന്നു. 1947 ആഗസ്റ്റ് പതിനഞ്ചിന്, വിഭജനത്തിന്റെ മുറിവുമായി രണ്ട് രാജ്യങ്ങൾ സ്വതന്ത്രമായി.

വിഭജനം കലാപങ്ങൾ രൂക്ഷമാക്കി. പലയിടത്തും അഭയാർത്ഥികൾ ഉൾപ്പെടെയുള്ള നിരപരാധികൾ കൂട്ടക്കൊല ചെയ്യപ്പെട്ടു. സ്വാതന്ത്ര്യലബ്ധിയുടെ ആഘോഷങ്ങളിൽ ഗാന്ധിജി പങ്കു കൊണ്ടില്ല. വർഗീയ ലഹളകളിൽ നെടുകെ പിളർന്നു തുടങ്ങിയ രാജ്യത്തെ തകരാതെ നിർത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധയത്രയും. സമാധാനത്തിന്റെ മറുവിലയായി സ്വന്തം ജീവൻ നൽകാൻ താൻ തയ്യാറാണെന്ന് ഗാന്ധിജി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ വാക്കു കേട്ട് കലാപകാരികൾ ആയുധങ്ങൾ താഴെ വയ്ക്കുന്നതും കലാപകലുഷിതങ്ങളായ തെരുവുകൾ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരുന്നതും ലോകം അത്ഭുതത്തോടെ കണ്ടു.

വർഗീയ വാദവിവാദങ്ങളിൽ പക്ഷം പിടിക്കാൻ കൂട്ടാക്കാതിരുന്ന മഹാത്മാവ് വർഗീയ വാദികളുടെ കടുത്ത രോഷത്തിന് പാത്രമായി. 1948 ജനവരി 30ന് ഡെൽഹിയിലെ ബിർളാ മന്ദിരത്തിൽ വച്ച് അദ്ദേഹത്തെ വെടിവച്ചു കൊന്നു. രാഷ്ട്രപിതാവിന്റെ ഘാതകർക്കെതിരെ ഉയർന്നു വന്ന ജനവികാരം വർഗീയ രാഷ്ട്രീയത്തിനെതിരെ രാജ്യത്തെ ജാഗ്രത്താക്കി. മതരാഷ്ട്രീയത്തിന്റെ സ്വാധീനം ശോഷിച്ചു. മതേതരത്വത്തിന്റെ ആദർശങ്ങൾ ഇന്ത്യൻ പൗരസമൂഹത്തിൽ കൂടുതൽ ആഴത്തിൽ വേരോടി. ഏഴു പതിറ്റാണ്ടുകൾക്ക് ഇപ്പുറം, മതാതീതമായ മാനവമൈത്രിയുടെയും ലോക സാഹോദര്യത്തിന്റെയും ആരെയും മാറ്റി നിർത്താത്ത പ്രകൃതി സൗഹൃദ വികസനത്തിന്റെയും പര്യായമായി ഗാന്ധിജി എന്ന മൂന്നക്ഷരം മാറിയിരിക്കുന്നു. നമുക്ക് ഗാന്ധിജിയിലേക്ക് നോക്കാം!

വർഗീയ ലഹളകളിൽ നെടുകെ പിളർന്നു തുടങ്ങിയ രാജ്യത്തെ തകരാതെ നിർത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധയത്രയും. സമാധാനത്തിന്റെ മറുവിലയായി സ്വന്തം ജീവൻ നൽകാൻ താൻ തയ്യാറാണെന്ന് ഗാന്ധിജി പ്രഖ്യാപിച്ചു.



## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സവിശേഷതകളും സമീപനവും

■ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്.

**നമ്മുടെ കൊച്ചുകേരളത്തിൽ സ്ത്രീ സുരക്ഷയും സ്ത്രീശാക്തീകരണവും ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ഒരു വനിതാ വിപ്ലവം സൃഷ്ടിക്കുകയാണ് തൊഴിലുറപ്പ് പദ്ധതി. കഴിഞ്ഞ കുറച്ചു വർഷങ്ങളിലെന്നപോലെ ഈ വർഷവും തൊണ്ണൂറു ശതമാനം തൊഴിൽ ദിനങ്ങളും സ്ത്രീകളാണ് സൃഷ്ടിക്കുന്നത്.**

പ്രാചീനകാലത്തെ ഗ്രീക്ക് ചികിത്സകനും തത്വജ്ഞാനിയുമായ ഗാലൻ പറഞ്ഞു- "തൊഴിൽ എന്നത് പ്രകൃതിയുടെ ചികിത്സകനാണ്, അത് മനുഷ്യൻ സന്തുഷ്ടനായിരിക്കാൻ അത്യന്താപേക്ഷിതമാണ്". ആ വാക്കുകളെ പ്രായോഗികതലത്തിൽ അന്വർത്ഥമാക്കുന്ന ഒരു പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. സ്വതന്ത്ര ഭാരതം കണ്ട ഏറ്റവും ബൃഹത്തായ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിലും ലക്ഷകണക്കിനു കുടുംബങ്ങളുടെ സന്തുഷ്ടിക്കു ഹേതുവാണ് ഇന്ന്. വിവര സാങ്കേതികവിദ്യയുടെ പുരോഗതി പരമമായി പ്രയോജനപ്പെടുത്തി വേതനം നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതിലൂടെ അഴിമതി രഹിതമായി ഈ പദ്ധതി നടത്തുവാനും സുതാര്യത നിലനിർത്തുവാനും എല്ലാ തലങ്ങളിലും സാധിക്കുന്നുവെന്നത് ഒരു വമ്പിച്ച നേട്ടമാണ്.

നമ്മുടെ കൊച്ചുകേരളത്തിൽ സ്ത്രീ സുരക്ഷയും സ്ത്രീശാക്തീകരണവും ഏറെ

ചർച്ചചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ഒരു വനിതാ വിപ്ലവം സൃഷ്ടിക്കുകയാണ് തൊഴിലുറപ്പ് പദ്ധതി. കഴിഞ്ഞ കുറച്ചു വർഷങ്ങളിലെന്നപോലെ ഈ വർഷവും തൊണ്ണൂറു ശതമാനം തൊഴിൽ ദിനങ്ങളും സ്ത്രീകളാണ് സൃഷ്ടിക്കുന്നത്. അതായത് ഒരു ദശലക്ഷത്തിലേറെ സ്ത്രീകൾക്ക് തൊഴിലും വേതനവും- അതോടൊപ്പം കുടുംബങ്ങൾക്ക് സന്തോഷവും സമൃദ്ധിയും പദ്ധതി നൽകി വരുന്നു.

2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി വിജ്ഞാപനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും ആവശ്യാധിഷ്ഠിതമായി 100 ദിവസത്തെ അവിദഗ്ദ്ധ കായികതൊഴിൽ ഉറപ്പുനൽകുന്നു. കൂടാതെ ഈടുറ്റതും ഉത്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുകവഴി ഗ്രാമീണ മേഖലയിൽ ഉപജീവനം മെച്ചപ്പെടുത്താനുതകുന്ന വ്യക്തിഗത ആസ്തികളും ഒപ്പം അടിസ്ഥാന സൗകര്യവികസനവും ഉറപ്പുവരുത്തുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷിതത്വത്തിനുതകുന്ന വിഭവാടിത്തറ ശക്തിപ്പെടുത്തലും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണവും ഈ നിയമത്തിലൂടെ ലക്ഷ്യംവയ്ക്കുന്നു.

ഈ നിയമത്തിന്റെ ഏറ്റവും വലിയ സവിശേഷത ഇതൊരു അവകാശാധിഷ്ഠിത നിയമം ആണെന്നുള്ളതാണ്. ഗ്രാമപ്രദേശത്ത് അധിവസിക്കുന്ന കുടുംബങ്ങളുടെ ചുവടെ പറയുന്ന അവകാശങ്ങളാണ് ഈ നിയമത്തിലൂടെ പ്രധാനമായും ഉറപ്പുവരുത്തിയിട്ടുള്ളത്.

- തൊഴിൽകാർഡ് ലഭിക്കുവാനുള്ള അവകാശം. ഗ്രാമപ്രദേശത്ത് അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും അപേക്ഷ നൽകിയാൽ 15 ദിവസത്തിനകം തൊഴിൽകാർഡ് ലഭിക്കുവാനും 18 വയസ്സ് പൂർത്തിയായ ഏതൊരു കുടുംബാംഗത്തിന്റെയും പേര് രജിസ്റ്റർ ചെയ്യുവാനുമുള്ള അവകാശമുണ്ട്.
- തൊഴിൽകാർഡ് ലഭിച്ച ഏതൊരു വ്യക്തിക്കും തൊഴിൽ ആവശ്യപ്പെടുവാനുള്ള അവകാശം.
- തൊഴിൽ ആവശ്യപ്പെട്ടാൽ 15 ദിവസത്തിനകം തൊഴിൽ ലഭിക്കുവാനുള്ള അവകാശം. (ഒരു സാമ്പത്തിക വർഷം പരമാവധി 100 ദിവസത്തെ തൊഴിൽ)
- ഏതെങ്കിലും സാഹചര്യത്തിൽ തൊഴിൽ ലഭിക്കാതെ വന്നാൽ തൊഴിൽ രഹിത വേതനത്തിനുള്ള അവകാശം.
- പദ്ധതിയിൽ പ്രവൃത്തികൾ ആസൂത്രണം ചെയ്യാനുള്ള അവകാശം.
- താമസസ്ഥലത്തിന് 5 കി.മീ ചുറ്റളവിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. 5 കി.മീ ചുറ്റളവിനു പുറത്ത് ജോലി ലഭിക്കുന്ന സാഹചര്യത്തിൽ 10 ശതമാനം അധികവേതനം ലഭിക്കാനുള്ള അവകാശം.
- പ്രവൃത്തിസ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രൂഷാസൗകര്യം, തണൽ, കുട്ടികളെ പരിചരിക്കുന്നതിനുള്ള ക്രെഷ് തുടങ്ങിയ സൗകര്യങ്ങൾക്കുള്ള അവകാശം. പണിസ്ഥലത്തു വച്ച് അപകടം സംഭവിച്ചാൽ സൗജന്യ ചികിത്സയ്ക്ക് അവകാശം, അപകടമരണം സംഭവിച്ചാൽ എക്സ്ഗ്രേഷ്യാ സഹായധനം ലഭിക്കാനുള്ള അവകാശം.
- കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന നിരക്കിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം. സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യവേതനം നിയമം ഉറപ്പുവരുത്തുന്നു.
- ജോലി ചെയ്തുകഴിഞ്ഞാൽ ആഴ്ചയിലൊരിക്കൽ, പരമാവധി 15 ദിവസത്തിനകം വേതനം ലഭിക്കുവാനുള്ള അവകാശം. വേതനം വൈകിയാൽ നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
- പരാതികൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നതിനുള്ള അവകാശം.
- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് ബാധ്യതയുണ്ട്. ഇതിനായി ആവശ്യമായ പ്രവൃത്തികൾ മുൻകൂട്ടി കണ്ടെത്തി ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കണം. എല്ലാ വർഷവും ഒക്ടോബർ 2-നു നടത്തുന്ന ഗ്രമസഭയിലൂടെയാണ് തൊട്ടടുത്ത വർഷത്തേക്കുള്ള ആസൂത്രണപ്രക്രിയ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിക്കുന്നത്. അയൽക്കൂട്ടതല ചർച്ചകളിലൂടെ ഓരോ കുടുംബത്തിനും തൊട്ടടുത്ത വർഷം ആവശ്യമായ തൊഴിൽ എത്രയെന്ന് കണ്ടെത്തുന്നു. അതിന് അനുസൃതമായി പ്രാദേശികമായി ഏറ്റെടുക്കേണ്ട പ്രവൃത്തികളും അയൽക്കൂട്ടതലത്തിൽ കണ്ടെത്തുന്നു. ഇപ്രകാരം അയൽക്കൂട്ടതലത്തിൽ ലഭ്യമായ വിവരങ്ങൾ വാർഡുതലത്തിൽ ക്രോഡീകരിച്ച് തൊഴിലാളികളുടെ ഗ്രാമസഭയിലും പൊതു ഗ്രാമസഭയിലും അവതരിപ്പിച്ച് അംഗീകാരം തേടുന്നു. അത് ഗ്രാമപഞ്ചായത്ത് സമിതി അംഗീകരിച്ച്



ബ്ലോക്ക്- ജില്ലാ-പഞ്ചായത്തുതല അംഗീകാരത്തോടെ സംസ്ഥാനമിഷന് സമർപ്പിക്കുകയാണ് ചെയ്യുന്നത്.

കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2019-20 ലെ വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ 43 ഇനം പ്രവൃത്തികളിലായി 200 തരം പ്രവൃത്തികൾ അനുവദനീയമായിട്ടുണ്ട്. അവയെ പ്രധാനമായും ചുവടെപ്പറയും വിധം തരംതിരിക്കാവുന്നതാണ്.

**കാറ്റഗറി എ** - പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

**കാറ്റഗറി ബി** - സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ.

**കാറ്റഗറി സി** - ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ നിബന്ധനകൾക്കനുസൃതമായി പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾക്കുള്ള പൊതു അടിസ്ഥാനസൗകര്യങ്ങൾ

**കാറ്റഗറി ഡി** - ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം

കാറ്റഗറി എ-യിൽ മണ്ണ്- ജലസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്. അതിരൂക്ഷമായ പ്രളയവും കഠിനമായ വരൾച്ചയും മാറി മാറി വരുന്ന സംസ്ഥാനമെന്ന നിലയിൽ നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും ഇണങ്ങുന്ന പ്രവൃത്തികൾ ശാസ്ത്രീയമായും നീർത്തടാധിഷ്ഠിതമായും കണ്ടെത്തേണ്ടതാണ്. ജലസംരക്ഷണത്തിന് സഹായകമാകുന്ന നിർമ്മിതികളായ ഗള്ളിപ്ലഗ്ഗിങ്, ഗാബിയോണുകൾ, ബ്രഷ് വുഡ്, ചെക്ക്ഡാമുകൾ, കോൺക്രീറ്റ് തടയണകൾ തുടങ്ങിയ പ്രവൃത്തികൾ ഓരോ പ്രദേശത്തിന്റെയും നീർച്ചാലിന്റെയും സവിശേഷതകൾക്കനുസൃതമായി ഏറ്റെടുക്കണം. കൂടാതെ പൊതുകുളങ്ങളുടെയും നീർച്ചാലുകളുടെയും ഉറവകളുടെയും പരിപാലന പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാൻ സാധിക്കും. കാറ്റഗറി ബിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ഭൂമിയിലും കിണർ റീചാർജ്ജിംഗ് അടക്കമുള്ള വിവിധ ജലസംരക്ഷണ പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുക്കണം. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടത്തി വരുന്ന ജലസംരക്ഷണ പ്രവൃത്തികൾക്കും പച്ചതുരുത്ത് പോലുള്ള വൃക്ഷവത്കരണ പ്രവർത്തനങ്ങൾക്കും തൊഴിലുറപ്പ് പദ്ധതിയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കും. ആഗോളതാപനം മൂലമുള്ള

**സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 304 ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാനുള്ള പ്രവർത്തനം ആരംഭിക്കുകയാണ്.**

കാലാവസ്ഥാ വ്യതിയാനം ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ പരിസ്ഥിതിയുടെ പുനഃസ്ഥാപനത്തിനായി തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

### ജി.ഐ.എസ്. സാങ്കേതികവിദ്യ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 304 ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാനുള്ള പ്രവർത്തനം ആരംഭിക്കുകയാണ്. സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സാങ്കേതിക സഹായത്തോടെ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലായിരിക്കും പ്രവർത്തനം നടക്കുക. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന വിശദമായ പദ്ധതിരേഖയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തിലെ ഓരോ സർവ്വേ നമ്പരിലും ഉൾപ്പെട്ട പൊതു-സ്വകാര്യഭൂമിയിലും കുളങ്ങൾ, നീർച്ചാലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കാവുന്ന മുഴുവൻ പ്രവൃത്തികളും കണ്ടെത്തി ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. അടുത്ത 5 വർഷക്കാലത്തേക്ക് ഗ്രാമപഞ്ചായത്തുകളിൽ ഏറ്റെടുക്കേണ്ട മുഴുവൻ പ്രവൃത്തികളും ശാസ്ത്രീയമായി കണ്ടെത്തുവാനും ഇതിലൂടെ സാധിക്കും.

ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്താൻ സഹായകരമാകുന്ന വ്യക്തിഗത ആസ്തികൾ കാറ്റഗറി ബിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ സാധിക്കും. തരിശ്ശായിട്ടുള്ള കൃഷിഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ സഹായിക്കുന്ന തരത്തിലുള്ള പ്രവൃത്തികളും കൂടാതെ, കാലിതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കംപോസ്റ്റ്പിറ്റുകൾ തുടങ്ങിയ പ്രവൃത്തികളും വ്യക്തിഗത ഭൂമിയിൽ ഏറ്റെടുക്കേണ്ടതുണ്ട്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ തൊഴിലുറപ്പ് നിയമം ഒന്നാംപട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗം, നാടോടികളായ ആദിവാസിഗോത്രവിഭാഗം, ഡീനോട്ടിഫൈഡ് ആദിവാസിഗോത്രങ്ങൾ, മറ്റ് ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ, ഭിന്നശേഷിയുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ, ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ, വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കൾ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച വിഭാഗത്തിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെയും ഭൂമിയിൽ പ്രവൃത്തികൾ ഏറ്റെടുത്തു കഴിഞ്ഞാൽ 2008 ലെ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലും പ്രവൃത്തികൾ ഏറ്റെടുക്കാം. മേൽപ്പറഞ്ഞ വിഭാഗം കുടുംബങ്ങൾ തൊഴിൽകാർഡ് എടുക്കേണ്ടതും പ്രസ്തുത പ്രവൃത്തിയിൽ അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരാകേണ്ടതുമാണ്. കാറ്റഗറി ബി-യിൽ അർഹരായ വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സാമൂഹ്യ സാമ്പത്തിക ജാതി (SECC) സെൻസസിലെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാപ്പട്ടിക തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ വേണം പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. SECC ലിസ്റ്റിൽ പേരില്ലായെങ്കിൽ ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

കാറ്റഗറി സി-യിൽ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾക്കാവശ്യമായ വർക്ക്ഷെഡുകൾ നിർമ്മിച്ചു നൽകാം. കൂടാതെ അജൈവമാലിന്യങ്ങൾ വാർഡുതലത്തിൽ ശേഖരിച്ചു സൂക്ഷിക്കാനുതകുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളും തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാവു

# തൊഴിലുറപ്പിൽ കേരളം മാതൃക

സംസ്ഥാനത്തിലെ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും കേന്ദ്ര നിയമപ്രകാരം ഉറപ്പ് വരുത്തിയിട്ടുള്ള 100 ദിവസത്തെ തൊഴിലിനുപുറമേ അധികമായി 100 ദിവസത്തെ തൊഴിൽ കൂടി നൽകുന്നതിന് സംസ്ഥാന സർക്കാർ കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നു.

സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സവിശേഷമായ ഇടപെടൽ മൂലം 2019-20 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന് മുൻവർഷത്തെ അപേക്ഷിച്ച് കാര്യമായ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക-1)

കഴിഞ്ഞ വർഷം സംസ്ഥാനത്തൊട്ടാകെയുണ്ടായ അതിരൂക്ഷമായ പ്രളയക്കെടുതിയിൽ നിന്ന് കരകയറുന്നതിന് തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തുവാൻ നമുക്ക് സാധിച്ചു. പ്രളയത്തിൽ വീടും വരുമാനദായക ആസ്തിയും നഷ്ടപ്പെട്ട ലക്ഷകണക്കിന് കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും ആസ്തികളും ലഭ്യമാക്കുന്നതിൽ തൊഴിലുറപ്പ് പദ്ധതി സവിശേഷമായ പങ്കു വഹിക്കുകയുണ്ടായി. കേരള ജനതയെ ആട്ടിയുലച്ച പ്രളയത്തിനുശേഷം 2018-19 സാമ്പത്തിക വർഷത്തിൽ 10.31 ലക്ഷം കുടുംബങ്ങൾക്കു തൊഴിൽ നൽകി. 7.63 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചതിലൂടെ 2068.74 കോടി രൂപ വേതനമായി നൽകുവാൻ കഴിഞ്ഞുവെന്നത് ദുരന്തമുഖത്ത് വെമ്പൽ കൊണ്ടുനിന്ന കേരള ജനതയ്ക്ക് ഒരു വലിയ ആശ്വാസമായി ഭവിച്ചു.

## കേരള ട്രൈബൽ പ്ലസ്

സമൂഹത്തിലെ ഏറ്റവും ദരിദ്രരായ ജനവിഭാഗങ്ങൾക്ക് പ്രയോജനപ്പെടേണ്ടതാണ് തൊഴിലുറപ്പ് പദ്ധതി. കേരളത്തിലെ സാമൂഹ്യമായും സാമ്പത്തികമായും ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തേണ്ടതാണ്. സംസ്ഥാനത്തിലെ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും കേന്ദ്ര നിയമപ്രകാരം ഉറപ്പ് വരുത്തിയിട്ടുള്ള 100 ദിവസത്തെ തൊഴിലിനുപുറമേ അധികമായി 100 ദിവസത്തെ തൊഴിൽ കൂടി നൽകുന്നതിന് സംസ്ഥാന സർക്കാർ കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 2018-19 സാമ്പത്തിക വർഷം 12.40 കോടി രൂപ നീക്കി വയ്ക്കുകയുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചുകൊണ്ട് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികതൊഴിൽ നൽകുവാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് 2061 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 തൊഴിൽദിനങ്ങൾ ലഭിക്കുകയുണ്ടായി. 2019-20 ൽ കേരള ട്രൈബൽ പ്ലസ് പദ്ധതിയ്ക്കായി 37.53 കോടി രൂപ സംസ്ഥാന സർക്കാർ നീക്കിവച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൂലി ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി അട്ടപ്പാടി ബ്ലോക്കിലും വയനാട് ജില്ലയിലും മുൻകൂർ കൂലി വിതരണം കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്നു. 2018-19ൽ 120 ലക്ഷം രൂപ മുൻകൂർ കൂലിയിനത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുകയുണ്ടായി. ഇതിന്റെ ഫലമായി പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം പദ്ധതിയിൽ വൻതോതിൽ വർദ്ധിക്കുകയുണ്ടായി. വിശദാംശങ്ങൾ പട്ടിക 2 ൽ നൽകിയിട്ടുണ്ട്.

അവിദഗ്ധ കായിക തൊഴിൽ നൽകുന്നതിനുപുറമെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വരുമാന വർദ്ധനവിനായി ഭൂവികസന പ്രവർത്തനങ്ങൾ, ജലസേചന കുളങ്ങൾ, കിണറുകൾ എന്നിവയുടെ നിർമ്മാണം, ഉപജീവനത്തിന് സഹായകരമായ ആസ്തികളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയുടെ നിർമ്മാണം എന്നിവ ഏറ്റെടുക്കണം. പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് ഗതാഗത സൗകര്യം ഉറപ്പുവരുത്തുന്നതിനായി ഗ്രാമീണ റോഡുകൾ മുൻഗണന നൽകി ഏറ്റെടുക്കുവാൻ സാധിക്കും.

**പട്ടിക-1**

| ഘടകം | 2017-18 | 2018-19 |
|---|---|---|
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 13.06 ലക്ഷം | 14.78 ലക്ഷം |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 6.10 കോടി | 9.75 കോടി |
| ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ | 46.75 | 65.97 |
| 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങൾ | 1,08,513 | 4,41,480 |

**പട്ടിക-2**

| ഘടകം | 2017-18 | 2018-19 |
|---|---|---|
| തൊഴിൽ ലഭിച്ച എസ്.റ്റി കുടുംബങ്ങൾ | 50591 | 67723 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 26,80,474 | 53,54,915 |
| ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ | 52.98 | 79.07 |
| 100 ദിവസം പൂർത്തിയാക്കിയ എസ്.റ്റി കുടുംബങ്ങൾ | 5747 | 22720 |

ന്നതാണ്. ഇത് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് സഹായകമാവും. കാറ്റഗറി ഡി-യിൽ ഉൾപ്പെടുത്തി പ്രധാനമായും അംഗൻവാടികെട്ടിടം, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഡൈനിങ്ഹാൾ, സ്കൂൾ/അംഗൻവാടി ശുചിമുറികൾ, പൊതുശുചിത്വ സമുച്ചയങ്ങൾ, കളിസ്ഥലങ്ങൾ, ഗ്രാമീണചന്തകൾ, അധികജലം/മലിനജലം ഒഴുകിപോകാനുള്ള ഓടകൾ, ഗ്രാമീണറോഡുകൾ, പ്രകൃതിക്ഷോഭ ദുരിതബാധിതർക്കായുള്ള അഭയകേന്ദ്രങ്ങൾ, ഭക്ഷ്യധാന്യ സംഭരണ കേന്ദ്ര



ങ്ങൾ, ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ തുടങ്ങിയ ഗ്രാമീണ ആസ്തികൾ നിർമ്മിക്കുവാൻ സാധിക്കും.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവുമായും കൃഷി, ജലസേചനം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം തുടങ്ങിയ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതി പ്രവർത്ത നങ്ങളുമായുള്ള സംയോജന സാധ്യതകൾ തൊഴിലുറപ്പ് പദ്ധതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കും.

തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തുതലത്തിൽ ഏറ്റെടുക്കുന്ന ആകെ പ്രവൃത്തികളുടെ പരമാവധി 40 ശതമാനം തുകവരെ സാധനസാമഗ്രികൾക്കും വിദഗ്ദ്ധ അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതനത്തിനുംവേണ്ടി വിനിയോഗിക്കാവുന്നതാണ്. എന്നാൽ കേരളത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇപ്രകാരം ചെലവഴിച്ചത് 8.75 ശതമാനം തുക മാത്രമാണ്. പദ്ധതിയിൽ ആസ്തി വികസന പ്രവർത്തന ങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ലായെന്നതിന്റെ സൂചനയാണിത്. ആവർത്തന സ്വഭാവമുള്ള ഭൂവികസന പ്രവർത്തനങ്ങളും കനാലുകളുടെയും തോടുകളുടെയും ചെളിവാരിമാറ്റുന്ന പ്രവർത്തനങ്ങളും മാത്രമാണ് സംസ്ഥാനത്ത് ഏറ്റെടുക്കുന്നതെന്ന പൊതുവായ ഒരു വിമർശനവും നിലവിലുണ്ട്. ഈ പ്രവണത അവസാനിപ്പിച്ച് പരമാവധി ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ 30-35 ശതമാനം എങ്കിലും സാധന സാമഗ്രി ഘടകത്തിനായി ചെലവഴിക്കാൻ സാധിക്കുന്ന തരത്തിൽ വേണം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്. 2020-21 ലെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കി വരുന്ന ഈ വേളയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ഇക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്.

പദ്ധതിയുടെ നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി നിരവധി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എല്ലാ പ്രവൃത്തികളും ആരംഭിക്കുമ്പോൾ തന്നെ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പ്രവൃത്തിയുടെ വിശദാംശങ്ങൾ അടങ്ങിയ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. തൊഴിൽകാർഡുകൾ പ്രവൃത്തി സ്ഥലത്തുണ്ടാകേണ്ടതും പ്രസക്തമായ വിവരങ്ങൾ യഥാസമയം തൊഴിൽ കാർഡുകളിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ഓരോ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭരണാനുമതി, സാങ്കേതികാനുമതി, എസ്റ്റിമേറ്റ് തുടങ്ങിയ പ്രസക്ത രേഖകൾ അടങ്ങിയ കേസ് റിക്കോർഡ് / പ്രവൃത്തി ഫയൽ ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ ഗ്രാമസഭാ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, പ്രവൃത്തി രജിസ്റ്റർ തുടങ്ങി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 7 രജിസ്റ്ററുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ആസൂത്രണം മുതൽ നിർവ്വഹണം വരെയുള്ള പദ്ധതിയുടെ എല്ലാ ഘടകങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമായിരിക്കും. ഇതിനായി സ്വതന്ത്രമായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അവരുടെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഇതിനകം തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഓംബുഡ്സ് പേഴ്സൺമാരെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ഗ്രാമപ്രദേശങ്ങളുടെ സമഗ്രവികസനത്തിന് സഹായകരമാംവിധം പ്രയോജനപ്പെടുത്താൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഫലപ്രദമായി വിനിയോഗിച്ചാൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ പ്രകൃതിവിഭവ പരിപാലനത്തിനും ആസ്തിവികസനത്തിനും ദരിദ്രകുടുംബങ്ങളുടെ വരുമാന വർദ്ധനവിനും ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും തൊഴിലുറപ്പ് പദ്ധതിയെ കാര്യമായി പ്രയോജനപ്പെടുത്തുവാൻ ഇനിയും സാധിക്കും. ഇതിനായി ഗ്രാമ -ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ശ്രദ്ധയും സഹകരണവും തീർച്ചയായും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. □

ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവുമായും കൃഷി, ജലസേചനം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം തുടങ്ങിയ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതി പ്രവർത്ത നങ്ങളുമായുള്ള സംയോജന സാധ്യതകൾ തൊഴിലുറപ്പ് പദ്ധതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കും.

*ലേഖിക മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറാണ്*



# പഞ്ചായത്തുകളുടെ ശാക്തീകരണത്തിന്
# രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ

■ **ജോസ്ന മോൾ എസ്.**

ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധിപ്പിച്ച് അവയെ ശാക്തീകരിക്കുന്നതിനും ജനാധിപത്യവികേന്ദ്രീകരണം ശക്തിപ്പെടുത്തി പ്രാദേശിക വികസന പ്രക്രിയയിൽ കൂടുതൽ ജനപങ്കാളിത്തം ലക്ഷ്യമാക്കികൊണ്ടും 2013 ൽ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ 2017 ൽ പുനരാവിഷ്കരിച്ച് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ എന്ന പേരിൽ നടപ്പാക്കി വരുന്നു.

ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധിപ്പിച്ച് അവയെ ശാക്തീകരിക്കുന്നതിനും ജനാധിപത്യവികേന്ദ്രീകരണം ശക്തിപ്പെടുത്തി പ്രാദേശിക വികസന പ്രക്രിയയിൽ കൂടുതൽ ജനപങ്കാളിത്തം ലക്ഷ്യമാക്കികൊണ്ടും 2013ൽ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാജീവ്ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ). ഈ പദ്ധതി 2017ൽ പുനരാവിഷ്കരിച്ച് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ. ജി. എസ്. എ) എന്ന പേരിൽ നടപ്പാക്കി വരുന്നു. പദ്ധതിയിൽ പരിശീലനപരിപാടികൾക്കാണ് മുൻതൂക്കം. കേരളത്തിൽ കിലയാണ് പരിശീലന ഘടകത്തിന്റെ നിർവ്വഹണ ഏജൻസി. മറ്റു പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് ആർ.ജി. എസ്.എ. കേരള നോഡൽ ഓഫീസർ കൂടിയായ പഞ്ചായത്ത് ഡയറക്ടറാണ്. 60:40 എന്ന അനുപാതത്തിലാണ് പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം. വർഷാവർഷം തയ്യാറാക്കി നൽകുന്ന ആക്ഷൻ പ്ലാൻ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സെൻട്രൽ എംപവേർഡ് കമ്മിറ്റി പരിഗണിക്കുകയും അംഗീകാരം ലഭിക്കുന്ന പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയോടെ നിർവ്വഹണം നടത്തുകയുമാണ് ചെയ്യുന്നത്. കേരളത്തിൽ 2013-14 മുതലാണ് പദ്ധതി നടപ്പാക്കിവരുന്നത്.

### കാര്യശേഷി വികസനം

ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനായി കാര്യശേഷി വികസനം എന്ന ഖടകത്തിൽ ഉൾപ്പെടുത്തി നിരവധി പരിശീലനപരിപാടികൾ തൃശ്ശൂർ കില മുഖാന്തരം നടപ്പാക്കി വരുന്നു.

### അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 33 ഗ്രാമ പഞ്ചാ

യത്തുകൾക്ക് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപ വീതവും 100 ഗ്രാമ പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിട നവീകരണത്തിനും കുടിവെള്ളം, വൈദ്യുതീകരണം, ശൗചാലയ നിർമ്മാണം, റാമ്പ് നിർമ്മാണം എന്നിവയ്ക്കുമായി 3 ലക്ഷം രൂപ വീതവും നല്കുകയുണ്ടായി.

## സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുള്ള പദ്ധതികൾ

ഒരു കോടി രൂപ വിനിയോഗിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് 716 ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വാങ്ങുകയുണ്ടായി. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പൊളിറ്റിക്കൽ മാപ്പ് നിർമ്മിക്കുക, തെരഞ്ഞെടുപ്പ് പൂർവ്വ ബോധവൽക്കരണ പരിപാടികൾ നടത്തുക, ഇലക്ടറൽ റോൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് 45 ലക്ഷം രൂപയും നൽകുകയുണ്ടായി.

## സ്ഥാപനശേഷി വർദ്ധിപ്പിക്കൽ

സ്ഥാപനശേഷി വർദ്ധിപ്പിക്കലിന്റെ ഭാഗമായി 280 ലക്ഷം രൂപ വകയിരുത്തി സംസ്ഥാനത്ത് ഒരു ജില്ലയിലെ രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ എന്ന കണക്കിൽ ആകെ 28 ബ്ലോക്ക് പഞ്ചായത്തുകളിൽ ബ്ലോക്ക് റിസോഴ്സ് സെന്റർ സ്ഥാപിക്കുകയുണ്ടായി. കൂടാതെ ഇടുക്കി, പാലക്കാട്, കാസർഗോഡ്, മലപ്പുറം, ആലപ്പുഴ എന്നീ അഞ്ചു ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്ലാനിംഗ് & റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി ഒരു സെന്ററിന് 2 കോടി രൂപ വീതം ആകെ 10 കോടി രൂപ വകയിരുത്തുകയും അവയുടെ നിർമ്മാണം 5 ജില്ലകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പുരോഗമിക്കുയും ചെയ്യുന്നുണ്ട്.

## ഉപഗ്രഹാധിഷ്ഠിത വിദൂര പഠന സംവിധാനം

ഉപഗ്രഹാധിഷ്ഠിത വിദൂര പഠന സംവിധാനം എന്ന ഘടകപദ്ധതിയിൽ നമ്മുടെ സംസ്ഥാനം മാതൃകാപരമായി നടപ്പാക്കിയ പദ്ധതിയാണ് വിർച്വൽ ക്ലാസ്സ് റൂമുകൾ. ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് ബ്ലോക്ക് അടിസ്ഥാനത്തിൽ 28 ട്രയിനീ നോഡുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 ട്രയിനർ നോഡുകളും സ്ഥാപിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ 14 ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും വെർച്ച്വൽ ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## IMG വഴിയുള്ള പ്രത്യേക പരിശീലനം

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും തത്തുല്യ ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകുന്നതിനായി 140.20 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരം IMG വഴി പരിശീലനം നല്കിവരുന്നു.

## ഗ്രാമ പഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്ന പദ്ധതി 2018 മാർച്ചിൽ ആരംഭിച്ചു. 2019 സെപ്റ്റംബർ വരെ 669 ഗ്രാമ പഞ്ചായത്തുകൾ ഐ.എസ്.ഒ. പദവി കൈവരിച്ചിട്ടുണ്ട്.

## 2019-20 പദ്ധതികളുടെ നിർവ്വഹണം

ചില ഗ്രാമ പഞ്ചായത്തുകളിൽ അസി. എഞ്ചിനീയർമാരുടെ തസ്തിക ഒഴിഞ്ഞ് കിടന്നതിനാലും കൂടുതൽ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായും 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി 99 ഗ്രാമപഞ്ചായത്തുകളിൽ കരാർ വ്യവസ്ഥയിൽ അസി. എഞ്ചിനീയർമാരെ നിയമിക്കുകയുണ്ടായി. കൂടാതെ 6 ഗ്രാമ പഞ്ചായത്തുകൾക്ക് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും 30 ഗ്രാമ പഞ്ചായത്തുകൾക്ക് ഓഫീസ് റിപ്പയറിംഗിനും 30 ഗ്രാമ പഞ്ചായത്തുകളിൽ കോമൺ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രളയത്തിൽ കമ്പ്യൂട്ടറുകൾ കേടായ ഗ്രാമ പഞ്ചായത്തുകൾക്ക് പുതിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ☐

*ലേഖിക പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടറാണ്.*

## നൂതന പ്രോജക്ടുകൾ

ആർ.ജി.എസ്.എ. പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തലത്തിലോ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ നൂതന പ്രോജക്ടുകൾ/മാതൃകാ പ്രോജക്ടുകൾ (Innovative, Income development & Income enhancement projects) ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. നൂതന പ്രോജക്ടുകൾക്ക് സംസ്ഥാനത്തിന് പരമാവധി ഒരു വർഷത്തിൽ 10 കോടി രൂപ ലഭിക്കുന്നതാണ്. Income development വിഭാഗത്തിൽ ഒരു പ്രോജക്ടിന് ശരാശരി 2 കോടി നിരക്കിൽ പരമാവധി 5 കോടി രൂപ ലഭ്യമാകുന്നതാണ്. ഇതിനായി ഇത്തരം മാതൃകാ പ്രോജക്ടുകൾ തയ്യാറാക്കി സെൻട്രൽ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന മികച്ച പ്രോജക്ടുകൾക്ക് കമ്മിറ്റി അംഗീകാരം നൽകിവരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മാതൃകാപരമായ നൂതന പ്രോജക്ടുകൾ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചാൽ അത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി സെൻട്രൽ എംപവർ കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. ഗ്രാമതലത്തിലും ജില്ലാതലത്തിലുമുള്ള നൂതന പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം മുൻകൂട്ടി വാങ്ങേണ്ടതാണ്.

### നൂതന പ്രോജക്ടുകളിൽ ഉൾപ്പെടുത്താവുന്നവ

Innovation in strengthening GP governance and service delivery
Innovation in use of technology to deliver local solutions
Innovative methodologies of capacity building
Increasing Panchayats' own source revenue
Strengthening transparency & accountability
Enhancing impact of panchayat led governance in respect of SDGs etc.

കവർസ്റ്റോറി

# പഞ്ചായത്തുകളുടെ സാമ്പത്തികവിടവ് നികത്താൻ
# നാഷണൽ റർബൺ മിഷൻ

■ ബിജോയ് കെ. വർഗ്ഗീസ്

കേന്ദ്ര ഗ്രാമവികസന വകുപ്പ് 2016 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച പദ്ധതിയാണ് ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ (എസ്.പി.എം.ആർ.എം). ഈ പദ്ധതി നാഷണൽ റർബൻ മിഷൻ എന്ന പേരിൽ അറിയപ്പെടുന്നു. 25000 മുതൽ 50000 വരെ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്ത്/ഗ്രാമപഞ്ചായത്തുകളെ ഒരു വികസന ക്ലസ്റ്ററായി വിജ്ഞാപനം ചെയ്ത് അവയുടെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നല്കുന്ന പ്രോജക്ടുകൾക്ക് മുൻതൂക്കം നല്കി കൊണ്ട് സ്മാർട്ട് വില്ലേജ് ആക്കുകയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്.

താഴെ പറയുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് റർബൻ ക്ലസ്റ്ററുകൾ സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കുന്നത്.

- ജനസംഖ്യയുടെ ദശവർഷ വർദ്ധന.
- കാർഷികേതര മേഖലയിലെ തൊഴിലാളികളുടെ ദശവർഷ വർദ്ധന.
- ഭൂമിയുടെ വിലവർദ്ധന.
- ഹയർ സെക്കന്ററി തലത്തിൽ പെൺകുട്ടികളുടെ അംഗസംഖ്യ.
- പ്രധാനമന്ത്രി ജന്ധന് യോജനയിൽ അക്കൗണ്ട് ആരംഭിച്ച കുടുംബങ്ങളുടെ എണ്ണം.
- സ്വച്ച് ഭാരത് മിഷൻ പ്രവർത്തനങ്ങൾ.
- ഭരണനിർവഹണത്തിലെ പുതിയ മാതൃകകൾ.

പദ്ധതി നടപ്പാക്കുന്നതിനു മുന്നോടിയായി നിർബന്ധമായും ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. തെരഞ്ഞെടുക്കുന്ന ക്ലസ്റ്ററുകളിലെ സാമൂഹിക സാമ്പത്തിക അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള രൂപരേഖയാണ് ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ (ICAP).

ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി വിഭവ സമാഹരണം നടത്തുമ്പോൾ ഉണ്ടാകുന്ന ക്രിട്ടിക്കൽ ഗ്യാപ്പുകൾ (Critical Gaps) പരിഹരിക്കുവാൻ ഒരു ക്ലസ്റ്ററിന് പരമാവധി 30 കോടി രൂപ ക്രമത്തിൽ ഒരു ഘട്ടത്തിൽ നാലു ക്ലസ്റ്ററുകൾക്കായി പരമാവധി 120 കോടി രൂപ ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ട് ആയി നല്കുന്നതാണ്. ഈ തുകയുടെ 60% കേന്ദ്രസർക്കാരും 40% സംസ്ഥാന സർക്കാരും വകയിരുത്തുന്നു. ക്ലസ്റ്റർ കർമ്മ പദ്ധതിയിൽ നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്നതിന് തയ്യാറാക്കുന്ന ആകെ പദ്ധതികളിൽ സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ടുകളിലൂടെ കൺവർജൻസ് രീതിയിൽ അധികമായി 70 കോടി രൂപയുടെ എങ്കിലും ഫണ്ട് വകയിരുത്തുന്നവെന്ന നിബന്ധനയ്ക്ക് വിധേയമായാണ് ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ട് അനുവദിക്കുന്നത്. പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ് വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്.

ഒരു പ്രോജക്ടിന്റെ കാലാവധി 3 വർഷമാണ്. ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ നിലവിലെ ജനകീയാസൂത്രണ മാനദണ്ഡങ്ങൾ അനുസരിച്ച് പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ നടത്താൻ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്.

കേരളത്തിൽ 3 ഘട്ടങ്ങളായി 12 ക്ലസ്റ്ററുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഘട്ടം - I ക്ലസ്റ്ററുകളിലെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. ഘട്ടം - II ഘട്ടം III പ്രവൃത്തികൾ പുരോഗതിയിലാണ്. □

*ലേഖകൻ ഗ്രാമവികസന കമ്മീഷണറേറ്റിൽ അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണറാണ്.*

### വികസന ക്ലസ്റ്ററുകൾ

| ജില്ല | ക്ലസ്റ്റർ, പഞ്ചായത്തുകൾ |
|---|---|
| **ഘട്ടം – I** | |
| കണ്ണൂർ | മങ്ങാട്ടിടം ക്ലസ്റ്റർ, മങ്ങാട്ടിടം, കോട്ടയം |
| എറണാകുളം | പുത്തൻവേലിക്കര ക്ലസ്റ്റർ, പുത്തൻവേലിക്കര, കുന്നുകര |
| കോട്ടയം | പുതുപ്പള്ളി ക്ലസ്റ്റർ, പുതുപ്പള്ളി, മണർക്കാട് |
| തിരുവനന്തപുരം | വെള്ളനാട് ക്ലസ്റ്റർ, വെള്ളനാട്, ആര്യനാട് |
| **ഘട്ടം – II** | |
| തൃശ്ശൂർ | പുന്നയൂർക്കുളം, വടക്കേക്കാട് ക്ലസ്റ്റർ |
| മലപ്പുറം | എടപ്പാൾ, വട്ടംക്കുളം ക്ലസ്റ്റർ |
| ആലപ്പുഴ | കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് ക്ലസ്റ്റർ |
| കണ്ണൂർ | ചെമ്പിലോട്, പെരളശ്ശേരി ക്ലസ്റ്റർ |
| **ഘട്ടം – III** | |
| കൊല്ലം | നെടുമ്പന, തൃക്കോവിൽവട്ടം ക്ലസ്റ്റർ |
| പാലക്കാട് | പുതുക്കോട്, കാവശ്ശേരി ക്ലസ്റ്റർ |
| മലപ്പുറം | താനാളൂർ, നിറമരുതൂർ ക്ലസ്റ്റർ |
| കണ്ണൂർ | പിണറായി, വേങ്ങാട് ക്ലസ്റ്റർ |



## സംയോജിത നീർത്തട പരിപാലനത്തിന്

# പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

■ വി.എസ്. സന്തോഷ് കുമാർ

**5 മുതൽ 10 വരെ സൂക്ഷ്മനീർത്തടങ്ങൾ ഉൾപ്പെട്ടതാണ് ഓരോ പദ്ധതി പ്രദേശവും. ഇതിന്റെ വിസ്തൃതി 4000 മുതൽ 6000 ഹെക്ടർ പ്രദേശമാണ്. ബ്ലോക്ക് പഞ്ചായത്താണ് പദ്ധതി നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്.**

സംസ്ഥാനത്ത് കേന്ദ്രസർക്കാർ ധനസഹായത്തോടെ 2009-10 സാമ്പത്തിക വർഷംമുതൽ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ല്യു.എം.പി) ആയ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന – നീർത്തട ഘടകം (പി.എം.കെ.എസ്.) നടപ്പിലാക്കി വരികയാണ്.

5 മുതൽ 10 വരെ സൂക്ഷ്മനീർത്തടങ്ങൾ ഉൾപ്പെട്ടതാണ് ഓരോ പദ്ധതി പ്രദേശവും. ഇതിന്റെ വിസ്തൃതി 4000 മുതൽ 6000 ഹെക്ടർ പ്രദേശമാണ്. ബ്ലോക്ക് പഞ്ചായത്താണ് പദ്ധതി നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. കുന്നിൻ പ്രദേശത്തിന് ഒരു ഹെക്ടറിന് 15,000 രൂപയും നിരന്ന ഭൂമിയ്ക്ക് 12,000 രൂപയുമാണ് യൂണിറ്റ് കോസ്റ്റ്.

2009-10 ൽ പദ്ധതികൾ അനുവദിക്കപ്പെട്ടു എങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 2010-11 മുതലാണ്. 2014-15 വരെ സംസ്ഥാനത്ത് 83 പദ്ധതികളിലായി 422987 ഹെക്ടർ പ്രദേശം നീർത്തട വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആകെ 58161.97 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

2015-16 മുതലാണ് ഈ പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകമായി ഉൾപ്പെടുത്തിയത്. പദ്ധതിയുടെ ആരംഭഘട്ടത്തിൽ 90:10 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന വിഹിതം നല്കിയിരുന്നത്. 2015-16 ൽ പി.എം.കെ.എസ്.വൈ.-യുടെ ഭാഗമായപ്പോൾ 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന വിഹിതം നല്കിവരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ പ്രധാനമായും 3 വിഭാഗത്തിൽപ്പെടുന്നു.

- പ്രകൃതി വിഭവ പരിപാലനം
- ഉല്പാദന സമ്പ്രദായവും ചെറുകിട സംരംഭവും
- ജീവനോപാധി പ്രവർത്തനങ്ങൾ

### പ്രകൃതി വിഭവ പരിപാലനം

പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മണ്ണുസംരക്ഷണ പ്രവർത്തനങ്ങളായ കോണ്ടൂർ ബണ്ടിംഗ്, കോണ്ടൂർ ട്രെഞ്ചിംഗ്, staggered trenching, മഴക്കുഴി നിർമ്മാണം, തട്ടുതിരിക്കൽ, graded contour bunding, ജൈവവേലി തുടങ്ങി മണ്ണ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രാദേശികമായി ഏറ്റെടുക്കാവുന്ന എല്ലാ പ്രവർത്തികളും നടപ്പിലാക്കി വരുന്നു.

## സൻസദ് ആദർശ് ഗ്രാമ യോജന

ഇന്ത്യൻ പാർലമെന്റ് അംഗങ്ങൾ (എം.പി.മാർ) ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുടെ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി, ദത്തെടുത്ത ഗ്രാമത്തെ എല്ലാ മേഖലകളിലും ഒരു മാതൃകാ ഗ്രാമം ആക്കിമാറ്റുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് 2014-ൽ ആരംഭിച്ച സൻസദ് ആദർശ് ഗ്രാമ യോജന (സാഗി). ലോകസഭാംഗത്തിന് തന്റെ നിയോജകമണ്ഡലത്തിലെയും ജില്ലയിലെയും ഗ്രാമീണമേഖലയിൽ നിന്നും ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കാവുന്നതാണ്. 2019 മാർച്ച് മാസത്തോടെ മൂന്ന് ആദർശ് ഗ്രാമങ്ങൾ വികസിപ്പിച്ചെടുക്കുകയാണ് പ്രാഥമികമായി ലക്ഷ്യമിട്ടിരുന്നത്. ഓരോ വർഷവും ഒന്ന് എന്ന കണക്കിൽ 2024-ഓടെ അഞ്ച് ആദർശ് ഗ്രാമങ്ങൾ തെരഞ്ഞെടുക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, പരിസ്ഥിതി, ഉപജീവനമാർഗ്ഗം മുതലായ വിവിധ മേഖലകളിലൂടെ ഗ്രാമത്തിന്റെ സംയോജിത വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സാഗി മൂന്ന ഘട്ടങ്ങളിലായി 82 ഗ്രാമപഞ്ചായത്തുകളെ സാഗി ഗ്രാമ പഞ്ചായത്തുകളായി തെരഞ്ഞെടുത്തു. ഈ പഞ്ചായത്തുകളിൽ 4436 പദ്ധതികൾ ഉൾപ്പെടുത്തുകയും അതിൽ 2622 പദ്ധതികൾ പൂർത്തീ കരിക്കുകയും ചെയ്തിട്ടുണ്ട്.

ജലസംരക്ഷണ പ്രവർത്തനങ്ങളായ കുളം, ചെക്ക്ഡാം മുതലായവയുടെ നിർമ്മാണവും പുനരുദ്ധാരണവും, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണികളുടെ നിർമ്മാണം, പൊതു കിണറുകളുടെ നവീകരണം, ഉറവ സംരക്ഷണം, പാരമ്പര്യ ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം തുടങ്ങി ജല സംരക്ഷണവുമായി ബന്ധപ്പെട്ട് എല്ലാ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

ഇതിനോടൊപ്പം തന്നെ തോടുകളും ആഴം കൂട്ടി സംരക്ഷിക്കൽ അധിക ജലത്തെ നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടുന്ന സംവിധാനങ്ങൾ, gully plugging, ചെറിയ തടയണകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും ചെയ്തു വരുന്നു.

തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ, വനവല്ക്കരണം, ഫലവൃക്ഷ തൈകളുടെ വിതര ണവും നടീലും തോടുകളുടെയും വയലേലകളുടെ ബണ്ടിലും ഫലവൃക്ഷതൈ നടീൽ, കാവുകളുടെ സംരക്ഷണം മുതലായ വിവിധ യിനം പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

### ഉല്പാദന സമ്പ്രദായവും ചെറുകിടസംരംഭവും

ഉല്പാദന വർദ്ധനവിനായുള്ള വിവിധയിനം പ്രവൃത്തികളായ ഇടവിളകൃഷി, ജൈവകൃഷി, കൂട്ടുകൃഷി, homestead farming, സൂക്ഷ്മ ജലസേചനം, poly house, യന്ത്രവല്ക്കരണം, തീറ്റപ്പുൽ കൃഷി, പുതിയയിനം വിത്തുകളും സാങ്കേതിക വിദ്യകളും പ്രാവർത്തികമാക്കുക, സംയോജിത കീട രോഗ നിയന്ത്രണം തുടങ്ങി വിവിധയിനം പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

ചെറുകിട സംരംഭങ്ങളായ മത്സ്യകൃഷി, പട്ടുനൂൽകൃഷി, തേനീച്ച വളർത്തൽ, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്കു വേണ്ടുന്ന വർക്ക്ഷോപ്പ്. കാർഷിക ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും ഭക്ഷ്യസംസ്കരണം തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കുന്നുണ്ട്.

### ജീവനോപാധി പ്രവർത്തനങ്ങൾ

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് ഓരോ ഗ്രൂപ്പിനും 25,000 രൂപ റിവോൾവിംഗ് ഫണ്ട് എന്ന നിലയിൽ നല്കി അവർക്ക് താല്പര്യമുള്ളതും പ്രാദേശികമായി യോജിച്ചതുമായ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്. പാട്ടകൃഷി, ജൈവപച്ചക്കറി കൃഷി, ആടുവളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ പല പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.

### സംയോജന സാദ്ധ്യതകൾ

പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ ഭൂരിഭാഗവും ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെട്ട പ്രവൃത്തികളാണ്. അതിനാൽ ദേശീയ തൊഴിലുറപ്പുമായി സംയോജിച്ച് തൊഴിലാളിയുടെ സേവനം കൂടുതൽ ആവശ്യമായ പ്രവൃത്തികളെല്ലാം തന്നെ നടപ്പിലാക്കി വരുന്നു. കൂടാതെ കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട്, ഡയറി വകുപ്പ് തുടങ്ങിയവയുമായി സംയോജിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

പി.എം.കെ.എസ്.വൈ പദ്ധതിയിൽ ഇതുവരെയായി താഴെപറയുന്ന ഭൗതിക നേട്ടങ്ങൾ ആർജ്ജിതമാക്കാൻ സാധിച്ചു.

- മഴവെള്ളം സംഭരിക്കാനുള്ള 17297 പുതിയ പ്രവൃത്തികൾ മുഖാന്തരവും 2344 പുനർനിർമ്മാണ പ്രവൃത്തികൾ മുഖാന്തരവും കൂടി 24242 ഹെക്ടർ പ്രദേശത്ത് ജലസേ ചനം നടത്താനുള്ള ജലം സംഭരിക്കാൻ സാധിച്ചു.
- കിണർ റീചാർജ്ജു പ്രവൃത്തി മൂലം പദ്ധതി പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് 2 മുതൽ 3 അടി വരെ ഉയർത്താൻ സാധിച്ചു.
- 15381 ഹെക്ടർ പ്രദേശത്ത് മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക വഴി മണ്ണൊലിപ്പ് തടയുന്നതിനും ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും സാധിച്ചു.
- ഉല്പാദന വർദ്ധനവിനായി വിവിധ പ്രവൃത്തികൾ 3013 ഹെക്ടർ പ്രദേശത്ത് നടപ്പാക്കി. തരിശായിക്കിടന്നിരുന്ന കൃഷി ഭൂമിയിൽ പാട്ടകൃഷി നടത്തുക, ആട്, പശു, കോഴി മുതലായ വളർത്തുക വഴി കർഷകർക്ക് അധികം വരുമാനമാർഗ്ഗം ലഭ്യമാക്കി.
- 769.75 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി JLG-കൾക്ക് വിതരണം ചെയ്യുക വഴി ചെറുകിട സംരംഭങ്ങളിലൂടെ ബന്ധപ്പെട്ട പ്രവർത്തകർക്ക് വരുമാന മാർഗ്ഗം കണ്ടെത്താൻ സാധിച്ചു.
- 139596 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി.
- പദ്ധതി പ്രവർത്തനങ്ങൾക്കായി 621924 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.

☐

*ലേഖകൻ ഗ്രാമ വികസന കമ്മീഷണറേറ്റിൽ അഡിഷണൽ ഡവലപ്മെന്റ് കമ്മീഷണറാണ്.*



കവർസ്റ്റോറി

# നാടിനെ മാലിന്യരഹിതവും ശുചിത്വപൂർണ്ണവുമാക്കുന്നതിന്
# സ്വച്ഛ് ഭാരത് മിഷൻ

■ എബ്രഹാം തോമസ് രഞ്ജിത്

**2014 ൽ പദ്ധതി ആരംഭിക്കുമ്പോൾ രാജ്യത്ത് ആകെ 38.7% കുടുംബങ്ങൾക്ക് മാത്രമായിരുന്നു ടോയ്‌ലറ്റ് ലഭ്യത ഉണ്ടായിരുന്നത്. അന്ന് 96% കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് ലഭ്യത ഉണ്ടായിരുന്ന രാജ്യത്തെ ഏക സംസ്ഥാനം കേരളമായിരുന്നു.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്കുള്ള ഫണ്ടും സാങ്കേതിക പിന്തുണയും നൽകുന്നതിനൊപ്പം ശാസ്ത്രീയവും സുസ്ഥിരവുമായ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സാർവ്വത്രികമാക്കി രാജ്യത്തെ വൃത്തിയും വെടിപ്പുമുള്ളതും വെളിയിട വിസർജ്യമുക്തവുമാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ 2014 ഒക്ടോബറിൽ തുടക്കം കുറിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വച്ഛ് ഭാരത് മിഷൻ.

അന്താരാഷ്ട്രതലത്തിൽ ഭാരതത്തിന് നാണക്കേടുണ്ടാക്കുന്ന കാര്യങ്ങളായിരുന്നു വെളിയിടവിസർജ്ജനവും മാലിന്യക്കൂനകൾ നിറഞ്ഞ നഗരങ്ങളും. ഇതിന് ഒരു മാറ്റം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ആദ്യഘട്ടത്തിൽ രാജ്യത്തെ വെളിയിട വിസർജ്ജനമുക്തമാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾക്കാണ് മുൻഗണന നൽകിയത്. 2014 ൽ പദ്ധതി ആരംഭിക്കുമ്പോൾ രാജ്യത്ത് ആകെ 38.7% കുടുംബങ്ങൾക്ക് മാത്രമായിരുന്ന ടോയ്‌ലറ്റ് ലഭ്യത ഉണ്ടായിരുന്നത്. അന്ന് 96% കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് ലഭ്യത ഉണ്ടായിരുന്ന രാജ്യത്തെ ഏക സംസ്ഥാനം കേരളമായിരുന്നു. 2014ൽ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ 1,74,720 കുടുംബങ്ങൾക്കും നഗരപ്രദേശങ്ങളിൽ 29,578 കുടുംബങ്ങൾക്കുമാണ് ടോയ്‌ലറ്റ് സൗകര്യം ഇല്ലാതിരുന്നത്. മുഴുവൻ ഗ്രാമീണ കുടുംബങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കികൊണ്ട് 2016 നവംബർ 1 ന് സംസ്ഥാനത്തിന്റെ ഗ്രാമപ്രദേശങ്ങൾ വെളിയിട വിസർജ്ജ്യമുക്തമാക്കുന്നതിന് സാധിച്ചു. നഗരപ്രദേങ്ങളിലെ 29578 കുടുംബങ്ങളിൽ അമ്പതിൽ താഴെ കുടുംബങ്ങൾക്ക് മാത്രം ചില സാങ്കേതിക കാരണങ്ങളാൽ ടോയ്‌ലറ്റ് ലഭ്യമാക്കുന്നതിന് സാധിച്ചില്ല. ബാക്കിയുള്ളവയ്ക്ക് 2017 ൽ തന്നെ ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

വ്യക്തിഗത ഗാർഹിക ശൗചാലയത്തിന്റെ കാര്യത്തിൽ സംസ്ഥാനം ലക്ഷ്യം കൈവരിച്ചു എന്ന തന്നെ പറയാം. എന്നാൽ സ്വച്ഛ് ഭാരത് മിഷൻ മാനദണ്ഡ പ്രകാരം വെളിയിട വിസർജ്യമുക്തമായി പ്രഖ്യാപിക്കണമെ ങ്കിൽ ആവശ്യമായ അളവിൽ പൊതുശുചിമുറികൾ കൂടി നിർ

മ്മിച്ചിരിക്കണം. ഇതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. സംസ്ഥാനത്തെ വിവിധ തദ്ദേശസ്ഥാപനങ്ങളിലായി 246 പൊതുശൗചാലയ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1352 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## ഖര-ദ്രവ മാലിന്യ സംസ്കരണം

ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി ഫണ്ട് ലഭ്യമാകുന്നുണ്ട്. ഇത് പ്രകാരം ആളൊന്നിന് 686 രൂപയിൽ അധികരിക്കാത്ത വിധത്തിൽ നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പദ്ധതിക്കുള്ള ഡി.പി.ആർ തയ്യാറാക്കി സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് സാധിക്കും. വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങൾ, ബെയിലിംഗ്, ഷ്രെഡ്ഡിംഗ് സംവിധാനങ്ങളോടു കൂടിയ റിസോഴ്സ് റിക്കവറി സെന്ററുകൾ എന്നിവയെല്ലാം നഗരസഭകൾക്ക് ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്നതിന് സാധിക്കും. ഇതേ ഘടകങ്ങൾ എല്ലാംതന്നെ സ്വച്ഛ് ഭാരത് മിഷന് (ഗ്രാമം) പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും നടപ്പിൽ വരുത്തുന്നതിന് സാധിക്കും. ഓരോ ഗ്രാമ പഞ്ചായത്തിനും 20 ലക്ഷം രൂപ വീതം ലഭിക്കും.

സംസ്ഥാനത്ത് ഇതിനോടകം 82 നഗരസഭകൾ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 295.08 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് വിവിധ നഗരസഭകളിലായി ഈ മേഖലയിൽ നടന്നു വരുന്നത്.

ഖരമാലിന്യ സംസ്കരണത്തിനായി സാമൂഹികതല/സ്ഥാപനതല ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ, അജൈവമാലിന്യ ശേഖരണ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങൾ, റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ തുടങ്ങിയവയൊക്കെ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾക്ക് നടപ്പിലാക്കുന്നതിന് സാധിക്കും. തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ ശരിയായ വിധത്തിൽ മനസിലാക്കുകയും തങ്ങളുടെ കൃത്യമായ ആവശ്യകത നിശ്ചയിച്ച് പദ്ധതി ആസൂത്രണം നടത്തുകയും ചെയ്താൽ ആവശ്യമായ മുഴുവൻ അളവിൽ വീടുകൾക്കും സ്ഥാപനങ്ങൾക്കും സാമൂഹികതലത്തിലും ജൈവമാലിന്യ സംസ്കരണ ഉപാധികൾ ലഭ്യമാക്കുന്നതിന് സാധിക്കും.



നഗരപ്രദേശങ്ങളിൽ ഖര-ദ്രവ മാലിന്യ പദ്ധതികൾ നടപ്പിലാക്കുന്നതിന് 58% ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് ലഭ്യമാക്കുമ്പോൾ 42% തുക അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതായി വരും. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ പൊതു ഇടങ്ങളിലേക്കും പൊതു സ്ഥാപനങ്ങളിലേക്കുമുള്ള ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശസ്ഥാപനവിഹിതം ചേർക്കാതെ പദ്ധതി നടപ്പിലാക്കുവാൻ കഴിയും. പൊതുമേഖലയിലെ ഓഫീസ് സമുച്ചയങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിലേക്കു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോബിക് ബിൻ (തുമ്പൂർമൂഴി) കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് മുഴുവൻ തുകയും കേന്ദ്രവിഹിതത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കും.

സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾക്കും പരിശീലന-ശേഷീ വികസന പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമാണ്. 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടപ്രകാരവും സംസ്ഥാനത്തിന്റെ നയത്തിനനുസൃതമായും പദ്ധതികൾ രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ നേരിട്ടും കില മുഖേനയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ തദ്ദേശ സ്ഥാപനങ്ങൾക്കും പ്രാദേശികമായ ആവശ്യകതയ്ക്ക് അനുസൃതമായി ഐ.ഇ.സി പ്രവർത്തനങ്ങൾ നടത്തുന്നതിനും ശുചിത്വമിഷൻ മുഖേന പിന്തുണാ സഹായം ലഭ്യമാണ്.

☐

*ലേഖകൻ ശുചിത്വ മിഷനിൽ പ്രോഗ്രാം ഓഫീസറാണ്*

# കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതികൾ

## പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

ഗ്രാമീണ പാർപ്പിട രംഗത്തെ കുറവ് നികത്തുന്നതിനും 2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെയും 2016 ഏപ്രിൽ 1 മുതൽ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി നടപ്പിലാക്കുന്നു. 2022 വർഷത്തോടെ എല്ലാവർക്കും സ്ഥിരമായ പാർപ്പിടം നല്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

**സവിശേഷതകൾ**

1. 2016-17 മുതൽ 2018-19 വരെ ഗ്രാമപ്രദേശങ്ങളിൽ 1 കോടി വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക.
2. 25 ചതുരശ്ര മീറ്റർ (269 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീട്.
3. സമതല പ്രദേശങ്ങളിലുള്ളവർക്ക് 1,20,000 രൂപയും ദുർഘട പ്രദേശങ്ങളിലുള്ളവർക്ക് 1,30,000 രൂപയും ധനസഹായം.
4. 1,20,000 രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നല്കുന്നു.
5. സംസ്ഥാന സർക്കാർ പി.എം.എവൈ. (ജി) ഭവന പദ്ധതിയിലെ പൊതു വിഭാഗം, പട്ടികജാതി വിഭാഗം ഇവർക്ക് 4,00,000 രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 6,00,000 രൂപയും നല്കുന്നു) 1,20,000 രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നല്കുന്നു.
6. വീടുകൾക്ക് ആവശ്യമായ കക്കൂസുകൾ സ്വച്ഛ് ഭാരത് മിഷൻ പദ്ധതി സംയോജനം വഴി നിർമ്മിക്കുന്നു.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ.
8. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011 വിവരങ്ങളിൽ നിന്നും ഗുണഭോക്താക്കളെ ഗ്രാമസഭ പരിശോധിച്ച് കണ്ടെത്തുന്നു.
9. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും സഹായം നല്കുന്നു.
10. കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ മറ്റ് പദ്ധതികളിലെ സംയോജന സാധ്യതകളിൽ നല്കുന്നു
11. സാങ്കേതികപിന്തുണ നല്കുന്നതിനായി നാഷണൽ ടെക്നിക്കൽ സപ്പോർട്ട് ഏജന്റ്സ് രൂപീകരിക്കുന്നു.
12. ധനസഹായം ബാങ്ക്/പോസ്റ്റാഫീസ് മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നു..

## പ്രധാൻമന്ത്രി ആവാസ് യോജന (നഗരം)

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം). സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കാൻ തുക അനുവദിക്കുന്ന ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണം, വീട് വാങ്ങുന്നതിന്/ നിർമ്മിക്കുന്നതിന് പലിശ സബ്സിഡി അനുവദിക്കുന്ന ക്രെഡിറ്റ്-ലിങ്ക്ഡ് സബ്സിഡി സ്കീം, ഭൂരഹിത - ഭവന രഹിതർക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ച് നൽകുന്ന Affordable Housing in Partnership, ചേരി വികസനം എന്നീ ഘടകങ്ങൾ സമന്വയിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് നാളിതു വരെ 1,11,740 വീടുകൾ നിർമ്മിക്കുന്നതിന് 3,732.26 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 71,614 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 25,140 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വീടുകൾ നിർമ്മിച്ചു നൽകുന്നതോടൊപ്പം കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും വിവിധ പദ്ധതികളുമായുള്ള സംയോജനത്തിലൂടെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നു. അയ്യങ്കാളി പദ്ധതിയിൽ ഉൾപ്പെടുത്തി 13,47,002 തൊഴിൽ ദിനങ്ങൾ നൽകി. കുടുംബശ്രീ കെട്ടിട നിർമ്മാണ യൂണിറ്റുകളിലൂടെ 20 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

മുൻകാലങ്ങളിൽ നടപ്പിലാക്കി വന്ന ഭവന പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ 2016 -19 കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ മികച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2007-2015 കാലയളവിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വന്ന വിവിധ കേന്ദ്ര-സംസ്ഥാന ഭവന പദ്ധതികളായ VAMBAY, IHSDP, BSUP, RAY എന്നിവ മുഖേന 84,606 ഭവനങ്ങൾ നിർമ്മിക്കുന്നതിന് 899.53 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 65,553 ഭവനങ്ങൾ പൂർത്തീകരിച്ചു. എന്നാൽ 2016-19 കാലയളവിൽ മാത്രം 1,11,252 വീടുകൾ നിർമ്മിക്കുന്നതിന് 3,675.94 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചു. സർവ്വേയിലൂടെ ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയ 1,11,252 കുടുംബങ്ങളിൽ 1,11,252 പേർക്കും ഭവന നിർമ്മാണത്തിനുള്ള അനുമതി നേടാൻ സാധിച്ചു. സംസ്ഥാനത്ത് 4 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുള്ള ഒന്നര ലക്ഷം രൂപയ്ക്ക് പുറമെ സംസ്ഥാന -നഗരസഭാ വിഹിതമായി 2.5 ലക്ഷം രൂപ കൂടി അനുവദിച്ചാണ് യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളത്.



## തൊഴിലെടുക്കുന്നവരുടെ അറിവും ശേഷിയും വർദ്ധിപ്പിക്കാൻ

# മേസ്തിരി പരിശീലനം

■ ആർ. ഷൈനി

അർഹരായ എല്ലാവർക്കും ഭവനം നല്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ നൈപുണ്യമുള്ള മേസ്തിരിമാരുടെ സേവനം ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ആവശ്യകത മുന്നിൽ കണ്ട് നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ അറിവും ശേഷിയും വർദ്ധിപ്പിക്കുന്നതിനായാണ് മേസ്തിരി പരിശീലനം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പ്രധാനമന്ത്രി ആവാസ് യോജനയുടെ അതിപ്രധാനമായ ഘടകമാണ് മേസ്തിരി പരിശീലനം. വാസയോഗ്യമല്ലാത്തതും ഇടിഞ്ഞുപൊളിഞ്ഞതും ജീർണ്ണിച്ചതുമായ വീടുകളിൽ താമസിക്കുന്നതും സ്വന്തമായി ഭവനം ഇല്ലാത്തതുമായ എല്ലാവർക്കും ഭവനം നല്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ നൈപുണ്യമുള്ള മേസ്തിരിമാരുടെ സേവനം ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ആവശ്യകത മുന്നിൽ കണ്ട് നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ അറിവും ശേഷിയും വർദ്ധിപ്പിക്കുന്നതിനായാണ് മേസ്തിരി പരിശീലനം ഉൾക്കൊള്ളിച്ചിരിക്കുന്നത്. വീടുനിർമ്മാണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക, ഭാഗിക നൈപുണ്യമുള്ള ഗ്രാമീണ മേസ്തിരി പണിക്കാരെ തൊഴിൽ വൈദഗ്ധ്യമുള്ളവരാക്കുക അങ്ങനെ അവരുടെ വരുമാനം വർദ്ധിപ്പിക്കുക. ഭാവിയിൽ വിപുലീകരണ സാധ്യതയുള്ള വീടുകൾ നിർമ്മിക്കാൻ ഗുണഭോക്താക്കളെ സജ്ജരാക്കുക തുടങ്ങിയ വിവിധോദ്ദേശ്യങ്ങൾ കൈവരിക്കുവാൻ മേസ്തിരി പരിശീലനം ലക്ഷ്യമിടുന്നു. പരിശീലനം ലഭിച്ച മേസ്തിരിമാരുടെ കുറവ് പരിഹരിക്കുന്നതിനും ഇതിലൂടെ കഴിയുന്നു.

### പരിശീലനാർത്ഥികളുടെ തെരെഞ്ഞെടുപ്പ്

പി.എം.എ.വൈ (ജി) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ, ഭാഗിക പരിചയം മാത്രമുള്ള, എന്നാൽ താൽപര്യമുള്ളതുമായ പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതാണ് ആദ്യപടി. ബ്ലോക്ക് പഞ്ചായത്ത് മുഖേന പരിശീലനത്തിന് താൽപര്യമുള്ള ഒരു കൂട്ടം ഗുണഭോകതാക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി ആവശ്യാനുസരണം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിശീലനത്തിനായി നിയോഗിക്കാം. പരിശീലനത്തിനായും

നിർമ്മാണത്തിനായുമുള്ള വീട് കണ്ടെ ത്തുക എന്നതും ഇതോടൊപ്പം നടത്തണം. പരിശീലനാർത്ഥികളെ മുഖാമുഖ കൂടിക്കാ ഴ്ചയിലൂടെയാണ് തെരഞ്ഞെടുക്കുന്നത്. 45 ദിവസമാണ് പരിശീലനത്തിന്റെ കാലാ വധി. ഒരു മുഖ്യപരിശീലകൻ അഞ്ചുപരി ശീലകർ എന്നിവരെ ഒരു വീടിന്റെ നിർമ്മാ ണത്തിനായി വിനിയോഗിക്കാം. ഒരു ഗുണഭോക്താവിന്റെ വീട് നിർമ്മിച്ച് പൂർത്തിയാകുന്നതോടെ പരിശീലനവും പൂർത്തിയാകും. ഇതിനുള്ള ചെലവ് സ്കീം അഡ്മിൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



## പരിശീലനത്തിനായി വീടുകളുടെ തെരഞ്ഞെടുപ്പ്

പ്രായാധിക്യം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, രോഗങ്ങ ളാൽ വലയുന്നവർ, പ്രായപൂർത്തിയാ കാത്തവർ, അനന്തരാവകാശ ഗുണഭോ ക്താക്കളായി വന്ന കുടുംബങ്ങൾ തുടങ്ങി സ്വന്തമായി വീട് നിർമ്മിക്കാൻ പ്രാപ്തിയി ല്ലാത്ത എല്ലാവരുടെയും വീടുകൾ മേസ്തിരി പരിശീലനത്തിലൂടെ നിർമ്മിച്ച് നല്കാം. പി.എം.എ.വൈ (ജി) പദ്ധതിയുടെ പ്രവ ർത്തന ഫണ്ടിന്റെ 20% മേസ്തിരി പരിശീ ലനത്തിനായി വിനിയോഗിക്കാം.

## പരിശീലന സ്ഥാപനങ്ങൾ

നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ പാക്കിന് അനുസൃതമായിട്ടാണ് പരി ശീലനം നല്കുന്നത്. ഇതിനായി നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഇന്ത്യയുടെ രജിസ്ട്രേഷനുള്ള സ്ഥാപന ങ്ങളെ മാത്രമേ മേസ്തിരി പരിശീലനത്തി നായി തെരഞ്ഞെടുക്കൂ. ക്ലാസ്റൂം നിർദ്ദേ ശങ്ങൾ കുറച്ച് നിർമ്മാണ സ്ഥലത്ത് വീട് നിർമ്മിച്ച് തന്നെയാണ് പരിശീലനം നടത്തുന്നത്. പരിശീലകരുടെ സ്ഥാപന ങ്ങളിൽ നടത്തുന്ന പരിശീലകരുടെ പരി ശീലനത്തിൽ പങ്കെടുത്തവർ നിർബന്ധ മാണ്. ദേശീയ തൊഴിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതിന് ഇത് ഉപകരിക്കും. കേരളത്തിൽ എസ്.ബി.ഐ യുടെ ഭാഗമായ റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് മുഖ്യ പരിശീലന സ്ഥാപനം. കുടുംബശ്രീയും ഡി.ഡി.യു.ജി.കെ.വൈ-യുടെ ഭാഗമായി മേസ്തിരി പരിശീലനം നടത്തുന്നുണ്ട്. സ്ത്രീ കളാണ് ഈ പരിശീലനം പ്രയോജന പ്പെടുത്തുന്നതിൽ ഭൂരിഭാഗവും. പുരുഷന്മാർ ഉൾപ്പെടെ പരിശീലനത്തിൽ പങ്കെടുക്കാം.

## തൊഴിൽ സാധ്യതകൾ

പരിശീലനം ലഭിച്ചവരെ തൊഴിലിൽ പ്രാപ്തിയുള്ളവരായിട്ടാണ് കണക്കാക്കപ്പെ ടുന്നത്. ഇവരെ CSDCI മാനദണ്ഡങ്ങൾക്ക നുസൃതമായി പരിശോധന നടത്തി കേന്ദ്ര സർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാൽ അവരെ സമർത്ഥക തൊഴിലാളികളായി (Skilled labour) അംഗീകരിക്കുകയും അതിനനുസരിച്ചുള്ള വേതനം ലഭിക്കുകയും ചെയ്യും. പി. എം.എ.വൈ (ജി) യിൽ നിർമ്മിക്കുന്ന മറ്റ് വീടുകളുടെ നിർമ്മാണം, ഇതര സർക്കാർ പദ്ധതികളിലൂടെ നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണം, ശുചിമുറികളുടെ നിർമ്മാണം, താങ്ങ്ചുമരുകളുടെ നിർമ്മാണം എം.ജി. എൻ.ആർ.ഇ.ജി.എയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി സർക്കാർ പദ്ധതികളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ ഇവരെ നൈപുണ്യ തൊഴിലാളികളായി പരിഗണിക്കാം. പരിശീലനം ലഭിച്ചവരെ Skill India Portalൽ രജിസ്റ്റർ ചെയ്യുന്നതിന് പരി ശീലന പങ്കാളിക്ക് കഴിയുന്നതാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നതോടെ ഇവർ ദേശീയ തലത്തിൽ രൂപീകൃതമാകുന്ന നിപുണ തൊഴിൽ സേനയുടെ ഭാഗമാകുക യും ചെയ്യും. പരിശീലനത്തിന് ശേഷം തുടർതൊഴിൽ ലഭ്യമാക്കുക എന്നതും ദ്വി തീയമായ ലക്ഷ്യം തന്നെയാണ്. ഭാഗിക നൈപുണ്യമുള്ളവരെ പൂർണ്ണ വൈദഗ്ധ്യമു ള്ളവരാക്കി മാറ്റുന്നതോടൊപ്പം വീടു പണി യാൻ ശേഷി ഇല്ലാത്ത ആൾക്ക് കെട്ടുറപ്പു ള്ള വീട് പണിതു നല്കി ആസ്തി വികസിപ്പി ക്കുന്നതാണ് മേസ്തിരി പരിശീലനം. □



*ലേഖിക ഗ്രാമവികസന കമ്മീഷണറേറ്റിലെ സംസ്ഥാന കോർഡിനേറ്ററാണ്.*

## സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങളുമായി

# മഹിളാ കിസാൻ ശാക്തീകരൺ പരിയോജന

■ ഡോ.പി.കെ. സനിൽകുമാർ

ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. രാജ്യത്തെയാകെ ജനസംഖ്യയുടെ 60 ശതമാനത്തിലധികം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നതെങ്കിലും ദേശീയ വരുമാനത്തിൽ ഈ മേഖലയുടെ സംഭാവന വെറും 16 ശതമാനം മാത്രമാണ്. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ 80 ശതമാനം സ്ത്രീകളാണെങ്കിലും അവരുടെ ജീവിത നിലവാരം വളരെ പരിതാപകരമാണ്. സ്ഥിരമായി ജോലിയില്ല എന്നതാണ് അവർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. പ്രതിവർഷം 100 തൊഴിൽദിനം പോലും ഈ മേഖലയിൽ നിന്നും ലഭിക്കുന്നില്ല.

കെട്ടിട നിർമ്മാണം പോലെയുള്ള മറ്റ് പല സേവന മേഖലയിലും ജോലി ചെയ്യുന്നവർക്ക് താരതമ്യേന മെച്ചപ്പെട്ട കൂലി ലഭിക്കുമ്പോഴും കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇന്നും ലഭിക്കുന്ന പ്രതിഫലം വളരെ പരിമിതമാണ്. മിക്ക സ്ഥലത്തും ഒരേ ജോലി ചെയ്യുന്ന സ്ത്രീക്കും പുരുഷനും വ്യത്യസ്ത നിരക്കിലാണ് പ്രതിഫലം ലഭിക്കുന്നത്. സ്ഥിരമായ ജോലിയും മാന്യമായി ജീവിക്കാൻ ആവശ്യമായ വേതനവും ലഭിക്കാത്തതു മൂലം ഇന്ത്യയിൽ കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ ജീവിതം വളരെ പരിതാപകരമാണ്. ഈ ഒരു സാഹചര്യത്തിലാണ് കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട പ്രതിഫലവും ഉറപ്പ് വരുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി മഹിളാ കിസാൻ ശാക്തീകരണ പരിയോജന എന്ന പേരിൽ ഒരു പുതിയ പദ്ധതി 2011 ൽ തുടങ്ങിയത്.

ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ലേബർ ഗ്രൂപ്പുകളും ലേബർ ബാങ്കുമാണ് ഈ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങൾ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ



കഴിഞ്ഞ 2 വർഷങ്ങളിലായി 40 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള 18 നും 50 നും വയസ്സിനിടയിൽ പ്രായമുള്ള സ്ത്രീ തൊഴിലാളികളെയാണ് തെരഞ്ഞെടുക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്യുന്ന അവിദഗ്ധരായ തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ ബാങ്കുകളായി രൂപീകരിച്ച് അവർക്ക് കൃഷിയിലും മറ്റ് അനുബന്ധ മേഖലയിലും ആധുനിക കാർഷിക ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദഗ്ധ പരിശീലനം നല്കി കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തന രീതി.

നെൽകൃഷി, പച്ചക്കറി കൃഷി, തെങ്ങ് കയറ്റം എന്നീ മേഖലയിലാണ് ഈ പദ്ധതിയിൽ പരിശീലനവും മറ്റ് സഹായങ്ങളും നല്കുന്നത്. പരിശീലനത്തോടൊപ്പം തന്നെ അവർക്കാവശ്യമായ ആധുനികകാർഷിക യന്ത്രസാമഗ്രികളും തെങ്ങ്കയറ്റ യന്ത്രങ്ങളും ഈ പ്രോജക്ടിന്റെ ഭാഗമായി സൗജന്യമായി പഞ്ചായത്തുതല ലേബർ ഗ്രൂപ്പുകൾക്ക് നല്കുന്നു. ഓരോ ജില്ലയിലും അഗ്രോ ക്ലൈമറ്റിക് സോൺ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഫെഡറേഷനുകൾക്കാണ് ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പ്രധാന ചുമതല. ഗ്രാമപഞ്ചായത്ത് ലേബർബാങ്ക് പ്രസിഡന്റുമാർ ചേരുന്നതാണ് ഫെഡറേഷന്റെ ജനറൽബോഡി. ഈ ജനറൽ ബോഡിയിൽ നിന്നും ഫെഡറേഷൻ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. കർഷകരിൽ നിന്ന് പ്രവൃത്തികൾ കണ്ടെത്തുന്നതിനും ജോലിക്കാവശ്യമായ ലേബർ ബാങ്ക് അംഗങ്ങളെ നിയമിക്കുന്നതും അവരുടെ പ്രതിഫലം നല്കുന്നതും അവർക്കാവശ്യമായിട്ടുള്ള മറ്റ് സാമൂഹ്യ സുരക്ഷ ഉറപ്പാക്കേണ്ടതും ഫെഡറേഷന്റെ ഉത്തരവാദിത്തമാണ്. □

*ലേഖകൻ എം.കെ.എസ്.പി. പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറാണ്.*

# ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മന്വർ പ്രോഗ്രാം

■ ടി.എം. മുഹമ്മദ് ജാ

കേന്ദ്ര സർക്കാർ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ന്യൂ നാഷണൽ ബയോഗ്യാസ് പ്ലാന്റ് & ഓർഗാനിക് മന്വർ പ്രോഗ്രാം. ഈ പദ്ധതിയിലൂടെ രാജ്യത്തെ സാധാരണ കുടുംബാംഗങ്ങൾക്ക് പ്രത്യേകിച്ച് ക്ഷീരകർഷകർക്കും ഇതര കർഷകർക്കും വിവിധ ശേഷിയുള്ള ബയോഗ്യാസ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് സഹായം നല്കുന്നു. ഇതുവഴി പാചക ആവശ്യങ്ങൾക്കുള്ള ഇന്ധനം തുടങ്ങിയുള്ള ഊർജ്ജ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ബയോഗ്യാസ് പ്ലാന്റിൽ ഉല്പാദിപ്പിക്കപ്പെടുന്ന 'സ്ലറി' ഉപയോഗപ്പെടുത്തി കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ഗ്രാമപ്രദേശങ്ങളിലും ചെറിയ നഗര പ്രദേശങ്ങളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. രാജ്യത്തെ ശുചിത്വ നിലവാരം മെച്ചപ്പെടുത്തുക, ഊർജ്ജ ആവശ്യങ്ങൾക്കായി വനത്തെ ആശ്രയിക്കുന്നത് കുറയ്ക്കുക, രാസവളങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക, സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുക, ഹരിതഗ്രഹ വാതകങ്ങളുടെ നിർഗമനം ഒഴിവാക്കുക എന്നീ ഉയർന്ന ലക്ഷ്യങ്ങളും കൈവരിക്കുവാൻ പദ്ധതി ഉപയോഗപ്പെടുന്നു.



വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട നോഡൽ വകുപ്പ് വഴിയും യോഗ്യരായ ഇതര ഏജൻസികൾ വഴിയുമാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ ഗ്രാമവികസന വകുപ്പ്, കാർഷിക കർഷക ക്ഷേമ വകുപ്പ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ ഏജൻസികൾ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ രംഗത്ത് പരിചയ സമ്പന്നരായ ടേൺ കീ ഏജന്റുമാർ വഴി യൂണിറ്റുകൾ നിർമ്മിക്കുന്നു. പ്രധാനമായും $1m^3$ മുതൽ $25m^3$ വരെ ശേഷിയുള്ള പ്ലാന്റുകൾ നിർമ്മിക്കുന്നതിനാണ് ഊന്നൽ നല്കുന്നത്. വിവിധ ശേഷിയുള്ള പ്ലാന്റുകൾ നിർമ്മിക്കുന്നതിന് വിവിധ നിരക്കിലുള്ള സബ്സിഡി നല്കുന്നു.

പദ്ധതിയിൽ ഗുണഭോക്താക്കളെ ഗ്രാമസഭ വഴിയാണ് തെരഞ്ഞെടുക്കുന്നത്. നിർമ്മിക്കപ്പെടുന്ന പ്ലാന്റുകളുടെ തുടർസംരക്ഷണത്തിനും പരിപാലനത്തിനുമായി നിർമ്മാണം നടത്തിയ ടേൺ കീ ഏജന്റുമാരെ 5 വർഷത്തേക്ക് ടേൺ കീ ഫീ നല്കി ചുമതലപ്പെടുത്തുന്നതിനും പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

അതിനുള്ള ടേൺ കീ ഫീ താഴെ കാണിച്ചിട്ടുള്ള പ്രകാരമാണ്. (തുക രൂപയിൽ)

| ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി | Im3 -10 m3 | 15m3-25m3 | പ്രീ ഫാബ്രിക്കേറ്റഡ് മോഡൽ |
|---|---|---|---|
| ടേൺ കി ഫീ | 2500 | 4500 | 1000 |

പ്ലാന്റിന്റെ നിർമ്മാണം ടേൺ കീ ഏജന്റുമാർ വഴി ഗുണഭോക്താക്കളുടെ ചുമതലയിലാണ് പൂർത്തീകരിക്കേണ്ടത്. കേന്ദ്ര സർക്കാർ അംഗീകരിച്ച വിവിധ മോഡലുകളിൽ ഉള്ള ബയോഗ്യാസ് പ്ലാന്റുകൾ പദ്ധതിയിൽ നിർമ്മിക്കാവുന്നതാണ്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഡയറക്ട് ബനഫിറ്റ് ട്രാൻസ്ഫർ മുഖേന സബ്സിഡി തുക കൈമാറുന്നു.

വിവിധ ജില്ലകളിൽ ദാരിദ്ര്യ ലഘൂകര

# ദീന ദയാൽ അന്ത്യോദയ യോജന

## നാഷണൽ അർബൻ ലൈവ്‌ലി ഹുഡ്സ് മിഷൻ
## കേരളത്തിലെ 93 നഗരസഭകളിൽ

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വച്ച് കേന്ദ്ര സംസ്ഥാന സംയുക്ത പങ്കാളിത്തത്തോടെ 2015-16 മുതൽ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ.

ഈ പദ്ധതി പ്രകാരം 93 നഗരങ്ങളിലായി 10877 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതിലൂടെ 174032 കുടുംബങ്ങളെ അയൽക്കൂട്ട അംഗങ്ങളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. 30578 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതവും 3002 എഎൽഎഫ്കൾക്ക് 50,000 രൂപ വീതവുമായി ആകെ 45.58 കോടി രൂപ റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് നഗരപ്രദേശങ്ങളിലെ 16191 തൊഴിൽരഹിതർ 75 കോഴ്സുകളിൽ നൈപുണ്യ പരിശീലനത്തിന് എൻറോൾ ചെയ്തു. ഇതിൽ പരിശീലനം പൂർത്തിയായ 9669 പേരിൽ 6326 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 93 നഗരസഭകളിലായി 19,205 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭ്യമാക്കി. 32,413 അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡി ഇനത്തിൽ 21.61 കോടി രൂപ നൽകി. 2371 പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. നഗരപ്രദേശങ്ങളിലെ 22,272 തെരുവോര കച്ചവടക്കാരെ സർവ്വേയിലൂടെ കണ്ടെത്തി. ഇവരിൽ 20617 പേർക്ക് തിരിച്ചറിയൽ രേഖ നൽകിയിട്ടുണ്ട്.

രാത്രികാല സർവേ നടത്തി തെരുവിൽ കഴിയുന്ന 3,195 ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിലേക്കായി 37 അഭയകേന്ദ്രങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 20 പുതിയ പദ്ധതികളും 17 അഭയകേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തികളുമാണുള്ളത്. ഇതുവരെ 3 പുതിയ പദ്ധതികളും 13 നവീകരണ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

# ദീന ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന

ദരിദ്ര്യ കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ആജീവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന.

ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. നിലവിൽ സംസ്ഥാനത്ത് 78 പിഐഎകൾ ഉണ്ട്. അവർ 119 കോഴ്സുകൾ നടത്തുന്നു.

ണവിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കാണ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല. ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ മത്സര സ്വഭാവമുള്ള ടെണ്ടർ നടപടികളിലൂടെ അംഗീകൃത ടേൺ കീ ഏജന്റുമാരെ കണ്ടെത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ പദ്ധതി നടപ്പാക്കുന്നു. ഫീൽഡ് തലത്തിൽ പദ്ധതിയുടെ മേൽനോട്ടം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കാണ്.

**വിവിധ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് അനുവദിക്കുന്ന സബ്സിഡി**

*(തുക രൂപയിൽ)*

| ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി | $1m^3$ | $2m^3$-$6m^3$ | $8m^3$-$10m^3$ | $15m^3$ | $20m^3$-$25m^3$ |
|---|---|---|---|---|---|
| ജനറൽ വിഭാഗം സബ്സിഡി | 7500 | 12000 | 16000 | 20000 | 25000 |
| സബ്സിഡി പട്ടികജാതി വിഭാഗം | 10000 | 13000 | 18000 | 21000 | 28000 |
| സബ്സിഡി പട്ടിക വർഗ്ഗ വിഭാഗം | 10000 | 13000 | 18000 | 21000 | 28000 |
| ടോയ്‌ലറ്റുമായി ബന്ധിപ്പിക്കപ്പെട്ട പ്ലാന്റിന് അധിക സഹായം | 1600 | 1600 | 1600 | Nil | Nil |

2019-20 വർഷം കേരളത്തിൽ 1400 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ജനറൽ വിഭാഗം 800, പട്ടികജാതി വിഭാഗം 400, പട്ടികവർഗ്ഗ വിഭാഗം 200 എന്നിങ്ങനെയാണ് ഭൗതിക ലക്ഷ്യം നിശ്ചയിച്ചിട്ടുള്ളത്.

പദ്ധതിയുടെ നടത്തിപ്പിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മൃഗസംരക്ഷണം, ക്ഷീര വികസനം, കാർഷിക കർഷക ക്ഷേമം, ശുചിത്വ മിഷൻ എന്നീ വകുപ്പുകളുടെ പദ്ധതികളിലെ സൗകര്യം ഉപയോഗപ്പെടുത്തി സംയോജന പദ്ധതിയായും നടപ്പാക്കാവുന്നതാണ്. ☐

*ലേഖകൻ ഗ്രാമ വികസന കമ്മീഷണറേറ്റിൽ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണറാണ്.*

പരിസ്ഥിതി



# ഹരിത നിയമങ്ങൾ കർശനമാക്കി തദ്ദേശസ്ഥാപനങ്ങൾ

## ഹരിത നിയമ ബോധവൽക്കരണ പരിശീലനം 20 ലക്ഷം പേരിലേക്ക്

■ മനോജ് ബി.

സംസ്ഥാനത്ത് ഹരിതനിയമങ്ങൾ നടപ്പാക്കുകയും ഇത് സംബന്ധിച്ച അവബോധം വ്യാപകമാക്കുകയും ചെയ്യുന്നതിന് പുറമെ കർശനമായ നിയമനടപടികൾ സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികളെ സജ്ജമാക്കാനും ലക്ഷ്യമിട്ടുള്ള തുടർപരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷം ഗാന്ധി ജയന്തി ദിനം മുതൽ ഹരിത നിയമങ്ങൾ കർശനമാക്കുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന ഹരിത നിയമം ബോധവൽക്കരണ പരിശീലന പരിപാടിയുടെ തുടർച്ചയായാണ് നടപടി. പോലീസ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയുടെ സഹായത്തോടെയാണ് ഹരിത നിയമ ലംഘനങ്ങൾക്കെതിരെ തദ്ദേശവകുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കണം എന്ന ലക്ഷ്യത്തോടെ 'അരുത്, വലിച്ചെറിയരുത്, കത്തിക്കരുത്' എന്ന ആശയം ഉയർത്തി ഹരിതകേരളം മിഷനും കിലയും സംയുക്തമായി വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി നടത്തിയ ഹരിത നിയമാവലി പരിശീലനം 20 ലക്ഷം പേരിലേക്ക് എത്തുകയാണ്. ഇതിനു തുടർച്ചയായി 2019 ഒക്ടോബർ രണ്ടിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ച യോഗത്തിൽ ഇനിമേലിൽ തങ്ങളുടെ സ്ഥാപന പരിധിയിൽ മാലിന്യം കത്തിക്കുകയോ ഒഴുക്കിവിടുകയോ വലിച്ചെറിയുകയോ ചെയ്താൽ കർശന നടപടി എടുക്കുമെന്ന് പ്രഖ്യാപനം നടത്തുകയും ചെയ്തു.

സംസ്ഥാനത്ത് ഹരിതനിയമങ്ങൾ നടപ്പാക്കുകയും ഇത് സംബന്ധിച്ച അവബോധം വ്യാപകമാക്കുകയും ചെയ്യുന്നതിന് പുറമെ കർശനമായ നിയമനടപടികൾ സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികളെ സജ്ജമാക്കാനും ലക്ഷ്യമിട്ടുള്ള തുടർപരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്.

എല്ലാ സ്കൂളുകളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എൻ.സി.സി., എസ്.പി.സി., സ്കൗട്ട് ആന്റ് ഗൈഡ്സ്, എൻ.എസ്.എസ്. എന്നിവയിലൂടെ ഹരിതനിയമ ബോധവൽക്കരണ പരിശീലന പരിപാടിക്കും ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ശുചിത്വ-മാലി

# ഹരിത ടൂറിസം പദ്ധതിക്ക് തുടക്കം

വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്ലാസ്റ്റിക് വിമുക്തമേഖലകളാക്കി മാറ്റാൻ ടൂറിസം, വനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളും മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി എന്നീ ഏജൻസികളും ചേർന്നുള്ള കർമ്മ പരിപാടിക്ക് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് തുടക്കമായി. വാഗമൺ ടൂറിസം മേഖലയിലാണ് സംസ്ഥാനത്ത് ഹരിത ടൂറിസത്തിന് തുടക്കമായത്. ഇതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'വഴികാട്ടാൻ വാഗമൺ' പദ്ധതിയുടെ ഭാഗമായി ഏകദിന മെഗാശുചീകരണ പ്രവർത്തനങ്ങൾ ഗാന്ധിജയന്തി ദിനത്തിൽ നടന്നു. കോലാഹലമേട്, പുള്ളിക്കാനം, വാഗമൺ വാർഡുകളിലായി പരന്നു കിടക്കുന്ന മൊട്ടക്കുന്ന് അടക്കമുള്ള പ്രദേശങ്ങളിൽ നടന്ന ജനകീയശുചീകരണ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ 1500 ഓളം പേർ അണിനിരന്നു. പതിനാല് കേന്ദ്രങ്ങളിലാണ് ജനകീയ ശുചീകരണം നടന്നത്.

'വഴികാട്ടാൻ വാഗമൺ' പദ്ധതിയുടെ ഭാഗമായി വാഗമണ്ണിലേക്കുള്ള എല്ലാ റൂട്ടുകളും ഹരിത ഇടനാഴികളായി മാറ്റും. ഉപ്പുതറ, ഏലപ്പാറ, തീക്കോയി, പുള്ളിക്കാനം എന്നിവിടങ്ങളിൽ ഹരിത ചെക്ക് പോസ്റ്റുകളും ഉറക്കും. ഇതിനു പുറമേ വഴിക്കടവിലെ വനംവകുപ്പ് ചെക്ക് പോസ്റ്റും ഹരിതചെക്ക് പോസ്റ്റാക്കും. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഏലപ്പാറ, അറക്കുളം, കൂട്ടിക്കൽ, തീക്കോയി ഗ്രാമപ്പഞ്ചായത്തുകളാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നത്.



ഹരിത കർമ്മസേനയെ സുസജ്ജമാക്കി കർമ്മപഥത്തിലെത്തിക്കുക, അജൈവ പാഴ്‌വസ്തുക്കൾ ശേഖരിച്ച് വയ്ക്കുന്നതിന് എം.സി.എഫ് ക്രമീകരിക്കുക, പൊതു ജൈവമാലിന്യ സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കൽ, പ്രദേശത്തെ ഓരോ സ്ഥാപനത്തിലും വീടുകളിലും ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുക, അജൈവ മാലിന്യം ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുക, പൊതുടോയ്‌ലറ്റുകൾ, വിശ്രമസ്ഥലങ്ങൾ എന്നിവ നിർമ്മിക്കുക, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കുക എന്നിവ പദ്ധതിയുടെ ഭാഗമാണ്. 2020 ൽ സമ്പൂർണ്ണ ഹരിത ടൂറിസം മേഖലയായി വാഗമൺ പ്രദേശത്തെ പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഗാന്ധിജയന്തിദിനത്തിൽ തുടക്കമായത്.

**വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്ലാസ്റ്റിക് വിമുക്ത മേഖലകളാക്കി മാറ്റാൻ ടൂറിസം, വനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളും മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി എന്നീ ഏജൻസികളും ചേർന്നുള്ള കർമ്മ പരിപാടിക്ക് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് തുടക്കമായി.**

ന്യ സംസ്കരണ ഉപദൗത്യത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിനും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കിയിട്ടുണ്ട്. 1033 തദ്ദേശസ്ഥാപനങ്ങളിൽ അജൈവ മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത് ഇതിനുദാഹരണമാണ്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) എന്നിവ കൂടുതൽ ഇടങ്ങളിൽ സ്ഥാപിക്കാനായതും ഗൃഹതലസർവേ, അനുബന്ധ വിവരശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം ജനങ്ങളിലെത്തിക്കുന്നതിനും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാനും ഉപകരിച്ചു.

☐

ലേഖകൻ ഹരിതകേരളം മിഷനിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്.

# കില ന്യൂസ്



*ബ്ലൂ ആർമി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യുന്നു.*

## ബ്ലൂ ആർമി പ്രവർത്തനങ്ങൾക്കു ബ്ലോക്ക് തലത്തിൽ കർമ്മപരിപാടി

ജലരക്ഷ-ജീവരക്ഷ പദ്ധതിയുടെ ഭാഗമായ ബ്ലൂ ആർമി പ്രവർത്തനങ്ങളുടെ കർമ്മപരിപാടി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ജില്ലാപഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പ്രസിഡന്റുമാർ, ബ്ലോക്ക് സെക്രട്ടറിമാർ, വി.ഇ.ഒ മാർ, എഞ്ചിനിയർമാർ എന്നിവർ പങ്കെടുത്ത ഏകദിന ശില്പശാല തീരുമാനിച്ചു. ശില്പശാല തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജെന്നി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക്പഞ്ചായത്ത് തല ഉദ്ഘാടനം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലായിരുന്നു. തുടർന്ന് മറ്റ് ബ്ലോക്ക് പഞ്ചായത്തുകളിലും പ്രവർത്തനങ്ങൾക്കു തുടക്കമായി. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജലസംരക്ഷണം സാധ്യമാക്കുന്ന സംയുക്ത പ്രോജക്ടാണ് ജലരക്ഷ-ജീവരക്ഷ. പദ്ധതിയുടെ സമഗ്ര നടത്തിപ്പിനു വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് ബ്ലൂ ആർമി ജല ക്ലബ്ബിലൂടെ ലക്ഷ്യമിടുന്നത്. കിലയും ജില്ലാ പഞ്ചായത്തും സംയുക്തമായാണ് പരിശീലനപരിപാടിക്കു നേതൃത്വം നൽകുന്നത്.

## ദുരന്തമേഖലയിലെ വികസന പ്രവർത്തനങ്ങൾ: കിലയിൽ പ്രത്യേക പരിശീലന പരിപാടി

പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി കണ്ട് വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനുള്ള പരിശീലനപരിപാടി കിലയിൽ തുടങ്ങി. കിലയും പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് എൻജിനിയേഴ്സ് അസോസിയേഷനും (റഡാർ) സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. ദുരന്ത സാദ്ധ്യത കണക്കിലെടുത്ത് കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, സാമൂഹ്യക്ഷേമം, തുടങ്ങിയ വിവിധ മേഖലകളിൽ ആവിഷ്ക്കരിക്കേണ്ട വികസന-ക്ഷേമപ്രവർത്തനങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുകയായിരുന്നു പരിശീലന ലക്ഷ്യം. ജനപ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരാണ് ദ്വിദിന പരിശീലനത്തിൽ പങ്കെടുത്തത്.

## നഗരസഭകളിലെ സേവനങ്ങളും നിബന്ധനകളും: പരിശീലനം തുടങ്ങി

നഗരസഭകളിൽനിന്നു നൽകുന്ന വിവിധ സേവനങ്ങളും അവയുടെ നിബന്ധനകളും സംബന്ധിച്ച പരിശീലന പരിപാടി കിലയിൽ തുടങ്ങി. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, വസ്തുനികുതി, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ലൈസൻസുകൾ, കെട്ടിടനിർമ്മാണാനുമതി തുടങ്ങിയ സേവനങ്ങൾ നഗരസഭയുടെ പ്രധാന പ്രവർത്തനങ്ങളാണ്. ചില കാര്യങ്ങളിൽ ഭരണസമിതി അപ്പീൽ അധികാരി കൂടിയാണ്. അതുകൊണ്ട് ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സേവനങ്ങളുടെ നിബന്ധനകളിൽ വന്ന ആനുകാലിക മാറ്റങ്ങൾ മനസ്സിലാക്കുക എന്നതാണ് ഈ പരിശീലനത്തിന്റെ പ്രധാന ലക്ഷ്യം.

## കേരളത്തിന്റെ വികസനമാതൃകകൾ പഠിക്കാൻ ഇന്തോനേഷ്യൻ സംഘം കിലയിൽ

കേരളത്തിലെ പ്രധാനപ്പെട്ട വികസന മാതൃകകൾ നേരിൽ കണ്ടു മനസ്സിലാക്കാനും പഠിക്കാനുമായി ഇന്തോനേഷ്യയിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കിലയിലെത്തി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കു തുല്യമായ 'ഗ്രാമങ്ങളുടെ' തലവന്മാരായ നാലുപേരും പന്ത്രണ്ട് സർക്കാർ ഉദ്യോഗസ്ഥരും മൂന്നു റിസോഴ്സ് പേഴ്സൺമാരുമാണ് സംഘത്തിലുണ്ടായിരുന്നത്. ഹൈദരാബാദിലെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റും പഞ്ചായത്തിരാജും (എൻ.ഐ.ആർ.ഡി-പി.ആർ) കിലയും ചേർന്നാണ് ഇവർക്കു നാലുദിവസത്തെ പരിശീലനവും പഠനസന്ദർശനവും ഒരുക്കിയത്.



*കിലയിലെത്തിയ ഇന്തോനേഷ്യൻ സംഘം*



*പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് സ്കൂൾ അധ്യാപികമാർക്ക സംഘടിപ്പിച്ച ഏകദിന പരിശീലനം.*

## പ്രാദേശികഭരണത്തെക്കുറിച്ച് സ്കൂൾ അധ്യാപികമാർക്ക പരിശീലനം

പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് സ്കൂൾ അധ്യാപികമാർക്ക കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോലഴി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സഭയിലെ സുപ്പീരിയർ ജനറൽ സിസ്റ്റർ ലൂസിന ആമുഖപ്രഭാഷണം നടത്തി. ശിശു സൗഹൃദ പ്രാദേശികഭരണത്തെക്കുറിച്ച് കില അസോസിയേറ്റ് പ്രൊഫ. ഡോ. പീറ്റർ എം. രാജും പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് പി.വി. രാമകൃഷ്ണനും ശിശുസൗഹൃദ വിദ്യാഭ്യാസത്തെക്കുറിച്ച് ഹയർ സെക്കണ്ടറി സ്കൂൾ മുൻ പ്രിൻസിപ്പാൾ കെ.രാജൻ, മുൻ പ്രധാന അധ്യാപകൻ പ്രസാദ് എന്നിവരും ക്ലാസ്സെടുത്തു. കോലഴി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽനിന്നുള്ള 120 അധ്യാപികമാരാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്.

## തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ: സ്ഥിതിവിവരകണക്കെടുക്കാൻ നടപടി തുടങ്ങി

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സ്ഥിതിവിവരകണക്കെടുക്കാൻ നടപടി തുടങ്ങി. 2016-17 സാമ്പത്തികവർഷം മുതൽ 2019-20 വരെയുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്. സാമ്പത്തികസ്ഥിതിവിവരകണക്ക വകുപ്പിനാണ് ഇതിന്റെ ചുമതല. ഇതുമായി ബന്ധപ്പെട്ട ചോദ്യാവലിക്ക അന്തിമരൂപം നൽകാൻ കിലയിൽ സംസ്ഥാനതല ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ഡോ. കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ആർ. സുഭാഷ് അദ്ധ്യക്ഷനായിരുന്നു.

കൃഷി, ജലസേചനം, മണ്ണുസംരക്ഷണം, പരിസ്ഥിതി, ജൈവവൈവിധ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ചെറുകിട സംരംഭങ്ങൾ, കുടുംബശ്രീ, ഭവനനിർമ്മാണം, സാമൂഹ്യനീതി, വനിതാശിശുവികസനം, സദ്ഭരണം, വിദ്യാഭ്യാസം, സംസ്കാരം, കായികം, അടിസ്ഥാനസൗകര്യവികസനം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, സഹകരണം എന്നീ മേഖലകളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പുചർച്ചകളും അതിന്റെ ക്രോഡീകരണത്തിനും ശേഷമാണ് ചോദ്യാവലിക്ക അന്തിമ രൂപം നൽകിയത്. .

## കിലയിൽ പരിശീലനത്തിനു ടി.പി.എം.എസ്

പരിശീലനപദ്ധതികൾ വെബ് അടിസ്ഥാനത്തിലാക്കുന്ന ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം (ടി.പി.എം.എസ്) കിലയിൽ പ്രാവർത്തികമാക്കി. ട്രെയിനിംഗ് പ്ലാൻ വെബ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതോടെ വിവിധ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്ന പരിശീലനത്തിന്റെ സംഘാടകർക്കും ഗുണഭോക്താക്കൾക്കും പരിശീലനത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പാക്കുന്നതിനും സാധിക്കുന്നു. ഈ സിസ്റ്റം സുഗമമായി ഉപയോഗിക്കാവുന്ന രീതിയിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക ഇത് ഏറെ പ്രയോജനപ്പെടും. കിലയാണ് ടി.പി.എം.എസ്. പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കുന്നത്. സ്വതന്ത്ര സോഫ്റ്റ് വെയർ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുത്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഐ.ടി നയത്തിന്റെ ഭാഗം കൂടിയാണിത്.

## കിലയിൽ രണ്ടു പുതിയ പഠന– ഗവേഷണ വിഭാഗങ്ങൾ

കിലയെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി രണ്ടു പുതിയ പഠന-ഗവേഷണ വിഭാഗങ്ങൾകൂടി കിലയിൽ പ്രവർത്തനം തുടങ്ങി. പ്രാദേശികഭരണത്തിനായുള്ള നിയമവിഭവകേന്ദ്രവും കീഴാളപഠനകേന്ദ്രവും (സബ് ആൾട്ടേൺ സ്റ്റഡീസ്) 2019 ആഗസ്റ്റ് 1 മുതൽ പ്രവർത്തനം ആരംഭിച്ചു. നിയമ വിഭവകേന്ദ്രത്തിന്റെ ഹോണററി ഡയറക്ടറായി തിരുവനന്തപുരം ഗവ.ലോ കോളേജിലെ പ്രൊഫ. ഡോ.എ. സുഹൃദ്കുമാറിനെയും കീഴാളപഠനകേന്ദ്രത്തിന്റെ ഹോണററി ഡയറക്ടറായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ഹോണററി ഫെലോ പ്രൊഫ. പി. ശിവാനന്ദനെയും നിയമിച്ചു. മൂന്നുവർഷമാണ് നിയമന കാലാവധി.

ഫോട്ടോ അടിക്കുറിപ്പ്: കൊട്ടാരക്കരയിലെ കില സി.എച്ച്.ആർ.ഡി, ഇ.ടി.സി പരിശീലനകേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണവ



*തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സ്ഥിതിവിവരകണക്കെടുക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ദ്വിദിനശില്പശാല.*

# വാർത്തകൾ വിശേഷങ്ങൾ

## ലൈഫ് ഗുണഭോക്താക്കളുടെ അർഹത: നിബന്ധനകളിൽ ഭേദഗതി

ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ അർഹത പരിശോധനാ നിബന്ധനകൾ ഭേദഗതി ചെയ്ത് ഉത്തരവായി. ഭേദഗതി പ്രകാരം ഗുണഭോക്താവിന് സ്വന്തമായോ/കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു ഇല്ല എന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാനുള്ള സാധ്യത ഇല്ല എന്നുള്ള ഗുണഭോക്താവിന്റെ സത്യപ്രസ്താവനയും നൽകിയാൽ മതി.
(ജി.ഒ. (എം.എസ്) നം.121/ 2019/എൽ.എസ്.ജി.ഡി, തീയതി 30/9/2019)

## ലൈഫ്: സ്വന്തമായി ഭൂമി വാങ്ങുന്നതിന് നിരക്ക് നിശ്ചയിച്ചു

ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി ഭൂമി വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പൊതുവിഭാഗത്തിനും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും നിരക്ക് നിശ്ചയിച്ച സർക്കുലർ പുറപ്പെടുവിച്ചു. മൂന്ന സെന്റിൽ കുറയാത്ത ഭൂമിക്കുള്ള പരമാവധി തുകയാണ് നിശ്ചയിച്ചിട്ടുള്ളത്.

*(തുക ലക്ഷം രൂപയിൽ)*

| വിഭാഗം | ഗ്രാമ പഞ്ചായത്ത് | മുനിസിപ്പൽ പ്രദേശം | കോർപ്പറേഷൻ പ്രദേശം |
|---|---|---|---|
| ജനറൽ | 2 | 2.7 | 5.25 |
| പട്ടികജാതി | 2.25 | 3 | 6 |
| പട്ടികവർഗ്ഗം | 2.25 | 3 | 6 |

(സർക്കുലർ നം.LSGD - DB1/304/2019/LSGD,തീയതി 26/09/2019)

## കെൽട്രോണിൽ നിന്നും എൽഇഡി ഉൽപ്പന്നങ്ങൾ വാങ്ങാം

കെൽട്രോൺ നിർമ്മിക്കുന്ന എൽഇഡി ഉൽപ്പന്നങ്ങളും ശ്രവണസഹായികളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ടെൻഡർ നടപടി കൂടാതെ വാങ്ങാൻ അനുമതി നൽകി ഉത്തരവായി.
(സ.ഉ.(സാധാ) നം. 2080/2019/തസ്വഭവ, തീയതി 26/09/2019)

## ഡെപ്പോസിറ്റ് വർക്കുകൾ: മിച്ചം തുക ഉപയോഗിക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ KSEB, KWA, GWD എന്നീ ഏജൻസികളിൽ പദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ മിച്ചം വരുന്ന തുക ഉപയോഗിച്ച് അതതു മേഖലയിൽ മറ്റു പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതിനൽകി ഉത്തരവായി.
(സ.ഉ. (സാധാ) നം. 2077/2019/തസ്വഭവ, തീയതി 25/09/2019)

## തൊഴിൽ നികുതി അടയ്ക്കുവാൻ കോർപ്പറേഷനുകളിൽ ഓൺലൈൻ സംവിധാനം

തൊഴിൽ നികുതി (Profession Tax) അടയ്ക്കുവാൻ മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നു. സ്ഥാപനങ്ങൾക്കും ജനങ്ങൾക്ക് നേരിട്ടും ഈ സംവിധാനം ഉപയോഗപ്പെടുത്തി തൊഴിൽ നികുതി അടയ്ക്കാവുന്നതാണ്.

## സ്കൂളുകളിലും ഓഫീസുകളിലും ഐടി ഉപകരണങ്ങൾ വാങ്ങുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി

സംസ്ഥാനത്തെ സർക്കാർ, എം.പി, എം.എൽ.എ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്കും ഓഫീസുകൾക്കും ഐടി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവിറക്കി. ഐടി ഉപകരണങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക, മിനിമം സ്പെസിഫിക്കേഷൻ, വില്പനാനന്തര സേവനവ്യവസ്ഥകൾ എന്നിവ നിഷ്കർഷിക്കുന്നതാണ് ഉത്തരവ്. ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, എൽ.ഇ.ഡി ടെലിവിഷൻ എന്നീ ഇനങ്ങൾ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പോർട്ടബിലിറ്റി, പവർബാക്ക്അപ്, വൈദ്യുതി ഉപയോഗം എന്നിവ പരിഗണിച്ച് ലാപ്ടോപ്പുകളാണ് സ്കൂളുകളിൽ വാങ്ങേണ്ടത്. എല്ലാ ഉപകരണങ്ങൾക്കും അഞ്ചു വർഷ വാറണ്ടി ഉറപ്പാക്കണം. ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾ സെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കണം.

ഈ സർക്കാർ ഉത്തരവനുസരിച്ചല്ലാത്ത പ്രൊപ്പോസലുകൾ ടി.എസ്.പി.കൾ ആയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളോ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളോ സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്കായി പരിഗണിക്കാൻ പാടില്ല. സർക്കാർ റേറ്റ് കോൺട്രാക്ട് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോൺ വഴി ഉപകരണങ്ങൾ വാങ്ങാം. ഇതേ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അനുവദനീയമായ ഉപകരണങ്ങൾ ഐടി വകുപ്പ് വഴി നടപ്പാക്കുന്ന സി.പി.ആർ.സി.എസ് വഴിയും വാങ്ങാവുന്നതാണ്. ഉത്തരവ് www.kite.kerala.gov.in, www.education.kerala.gov.in സൈറ്റുകളിൽ ലഭ്യമാണ്.
(സ.ഉ.(സാധാ) നം. 3847/2019/പൊ.വി.വ., തീയതി 27/09/2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**



*പായം ഗ്രാമപഞ്ചായത്ത് ഡിജിറ്റൽ ലൈബ്രറി മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിക്കുന്നു.*

# പായം: സമാനതകളില്ലാത്ത വികസന മുന്നേറ്റത്തിലേക്ക്

■ **എൻ. അശോക്**

**സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ ലൈബ്രറി & റീഡിംഗ് റൂം വിത്ത് പബ്ലിക് ഇൻഫർമേഷൻ സെന്റർ ഇന്ന് പായത്തിന് സ്വന്തം. ഡിജിറ്റൽ ലൈബ്രറിയിലൂടെ അതിലെ അംഗങ്ങൾക്ക് ലോകത്തെവിടെ നിന്നും പുസ്തകങ്ങൾ കാണാനും വായിക്കാനും മൊബൈൽ ആപ്പ്.**

കണ്ണൂർ ജില്ലയിൽ വടക്ക്-കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന തികച്ചും ഒരു കാർഷിക ഗ്രാമമാണ് പായം. കാർഷികരംഗത്തെ വികസന കുതിപ്പിനൊപ്പം അടിസ്ഥാന, പശ്ചാത്തല, സാമൂഹ്യ മുന്നേറ്റത്തിനും വിനോദ-വിജ്ഞാന രംഗത്തും സമഗ്ര പദ്ധതി ആവിഷ്കരിച്ച് പായം വിജയകരമായി മുന്നേറുന്നു.

സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ ലൈബ്രറി & റീഡിംഗ് റൂം വിത്ത് പബ്ലിക് ഇൻഫർമേഷൻ സെന്റർ ഇന്ന് പായത്തിന് സ്വന്തം. മൂന്ന് നില കെട്ടിടത്തിലായി 6000 ചതുരശ്ര അടി വിസ്തൃതിയിൽ റീഡിംഗ് റൂം, ഗ്രന്ഥാലയം, ഡിജിറ്റൽ ലൈബ്രറി, മിനി ഡിജിറ്റൽ ഹാൾ. പാർക്കിംഗ് എന്നീ സൗകര്യങ്ങളോടെ സ്ഥാപിച്ച ഈ ലൈബ്രറി കെട്ടിട സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. ഡിജിറ്റൽലൈബ്രറിയിലൂടെ അതിലെ അംഗങ്ങൾക്ക് ലോകത്തെവിടെ നിന്നും പുസ്തകങ്ങൾ കാണാനും വായിക്കാനും ഉള്ള സൗകര്യം മൊബൈൽ ആപ്പിലൂടെ ഒരുക്കും.

വിനോദ വിജ്ഞാനരംഗത്ത് പുതിയ ഒരു ചരിത്രം കൂടി പായം സൃഷ്ടിക്കുകയാണ്. കിഫ്ബി പദ്ധതിയിൽ കേരള ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് കേരളത്തിലെ ആദ്യത്തെ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയേറ്റർ മാടത്തിയിൽ ഒരുങ്ങുന്നു. 7 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിൽ രണ്ട് ഡിജിറ്റൽ മൾട്ടിപ്ലക്സ് തിയേറ്ററുകളാണ് ഇവിടെ യാഥാർത്ഥ്യമാകുന്നത്.



*പാടശേഖരങ്ങളിലെ നെൽകൃഷിക്കുള്ള വിത്ത് വിതയ്ക്കൽ മന്ത്രി വി.എസ്. സുനിൽകുമാർ നിർവ്വഹിക്കുന്നു.*

### കാർഷിക മേഖല

കുടുംബശ്രീ മുഖേന സ്ത്രീശക്തിയെയും തൊഴിലുറപ്പ് പദ്ധതിയും കൂട്ടിയോജിപ്പിച്ചും കർഷക കൂട്ടായ്മ വളർത്തിയെടുത്തും ഒരു പുതിയ കാർഷിക വിപ്ലവം പായത്ത് സംജാതമായിരിക്കുന്നു. സമതലങ്ങളിലും കുന്നിൻചെരുവുകളിലുമായി 250 ഏക്കർ തരിശിടങ്ങളിൽ കരനെൽകൃഷി വിളയിച്ച് മാതൃകയായി. തരിശ് രഹിത ഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി 45000 ഞാലിപ്പൂവൻ വാഴക്കന്നുകൾ, 15000 കശുമാവിൻ തൈകൾ, കുരുമുളക് തൈകൾ, കവുങ്ങിൻ തൈകൾ, ഇടവിള കൃഷിക്കായി ചേന, ചേമ്പ്, കാച്ചിൽ, മഞ്ഞൾ വിത്തുകൾ എല്ലാം കർഷകർക്ക് വിതരണം ചെയ്തു.

ജൈവ പച്ചക്കറി കൃഷിയിലും പായം പുതിയ മാതൃക തീർത്തു. 60 ഏക്കർ സ്ഥലത്ത് കുടുംബശ്രീ വനിത ജെ.എൽ.ജി മുഖേന ജൈവ പച്ചക്കറി കൃഷി വിജയകരമായി ചെയ്തു. 'കേരഗ്രാമം പദ്ധതി' നടപ്പിലാക്കി. 70 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ രണ്ടായിരത്തിൽപരം കേര കർഷകർക്ക് സമ്മാനിക്കാൻ കഴിഞ്ഞു. 55 ഹെക്ടർ പാടത്ത് കർഷക കൂട്ടായ്മയിൽ 4 പാടശേഖരങ്ങളിലായി നെൽകൃഷി ചെയ്യുന്നു. ഓരോ വർഷവും ഹെക്ടറിന് 15000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു.

കരനെൽകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കൃഷി വകുപ്പിന്റെ ജൈവ അവാർഡ് പഞ്ചായത്തിന് ലഭിച്ചു. സ്വന്തമായി ഒരു ജൈവ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. 'പായം ജൈവ' എന്ന പേരിൽ വളം വിൽപനയും നടത്തുന്നു.



*പരിശീലനം പൂർത്തിയാക്കിയ സ്റ്റുഡന്റ് ഡോക്ടർമാർക്ക് മന്ത്രി കെ.കെ. ശൈലജ ടീച്ചർ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു.*

### വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസ മേഖലയിൽ അഭിമാനകരമായ പ്രവർത്തനങ്ങൾക്കാണ് കഴിഞ്ഞ 4 വർഷവും നേതൃത്വം നൽകിയത്. പഞ്ചായത്തിലെ ഏക ഗവ. യു.പി സ്കൂളിന്റെ പശ്ചാത്തല സൗകര്യം വളരെ പരിതാപകരമായിരുന്നു. 70 വർഷം പഴക്കമുള്ള ഇടിഞ്ഞു വീഴാറായ ഓടിട്ട കെട്ടിടമായിരുന്നു ഇവിടെയുണ്ടായിരുന്നത്. പഞ്ചായത്തിലെ ഫണ്ടും എസ്.എസ്.എ ഫണ്ടും സംഘടിപ്പിച്ച് 70 ലക്ഷം രൂപയുടെ ഇരുനില സ്കൂൾ കെട്ടിടം വലിയ പ്രതാപത്തോടെ ഇപ്പോൾ ഉയർന്നിരിക്കുന്നത് പായത്തിന് അഭിമാനമാണ്.

വിദ്യാഭ്യാസമേഖലയിൽ നടത്തിയ ഏറ്റവും ഹൃദയസ്പർശിയായ പ്രവർത്തനമായിരുന്നു പട്ടികവർഗ്ഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം. പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് കുടുംബശ്രീ മുഖേന എല്ലാ പ്രവൃത്തി ദിവസവും പ്രഭാത ഭക്ഷണം നൽകുന്ന പരിപാടി വിജയകരമായി നടന്നുവരികയാണ്. കുട്ടികളുടെ ക്ലാസ്സിലെ പഠനവും മികവും ഉയർത്താൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞു.

### സ്റ്റുഡന്റ് ഡോക്ടർ

കേരളത്തിലെ ആദ്യത്തെ കുട്ടി ഡോക്ടർമാർ പായത്തിന് സ്വന്തം. നാഷണൽ ഹെൽത്ത് മിഷൻ മാർഗ്ഗരേഖ പ്രകാരം ഡി.പി.എം ഡോ. ലതീഷ് കെ.വി.യുടെയും വള്ളിത്തോട് എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ. ജയകൃഷ്ണന്റെയും സൈക്കോളജിസ്റ്റ് അഹർനാഥിന്റെയും നേതൃത്വത്തിൽ പഞ്ചായത്തിലെ ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 101 വിദ്യാർത്ഥികളെയാണ് 11 ദിവസത്തെ വിവിധ പരിശീലനങ്ങളിലൂടെ സ്റ്റുഡന്റ് ഡോക്ടർമാരാക്കിയത്.

## ജലസംരക്ഷണം

ജലസംരക്ഷണ പ്രവർത്തനത്തിൽ മികച്ച മാതൃകയാണ് പായം തീർത്തത്. ആയിരക്കണക്കിന് ബഹുജനങ്ങളെ അണി നിരത്തി ഹരിത കേരള ദിനത്തിൽ 32 തോടുകളിലായി 1500ൽ പരം താൽക്കാലിക തടയണകൾ നിർമ്മിച്ചു. 'പുഴയഴക്', 'തോടഴക്' എന്നീ പദ്ധതികളിലൂടെ പുഴയിലെയും തോടുകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വൻജനകീയ ഇടപെടൽ തന്നെ നടത്തി. പായത്തിന്റെ അതിർത്തിയിൽ വരുന്ന ബാരാപ്പുഴയും ബാവലിപ്പുഴയും മാലിന്യമുക്തമാക്കി. മികച്ച ജലസംരക്ഷണ പ്രവർത്തനത്തിന് മലയാള മനോരമ -നബാർഡ് ജില്ലാ പുരസ്കാരം 'ഒരു തുള്ളി പലതുള്ളി' പഞ്ചായത്തിന് ലഭിച്ചു. ജലസംരക്ഷണ പ്രവർത്തനത്തിലെ മികച്ച വിജയത്തിന് 2018ലെ ജില്ലാ ഹരിത കേരള പുരസ്കാരവും ലഭിച്ചു.

## വിദ്യാർത്ഥികൾക്ക് കായിക പരിശീലനങ്ങൾ

വാർഷിക പദ്ധതിയിൽ പ്രോജക്ട് വച്ചുകൊണ്ട് സർക്കാർ, എയ്ഡഡ് മേഖലയിലെ 13 വിദ്യാലയങ്ങളിലും യോഗ ക്ലാസ്സ് നടത്തുകയുണ്ടായി. 600 ലധികം കുട്ടികളെ രണ്ട് വർഷവും യോഗം അഭ്യസിപ്പിക്കാനും 2019 ഒക്ടോബർ മുതൽ യോഗ ക്ലാസ്സ് ആരംഭിക്കാനും കഴിഞ്ഞു. ഫുട്ബോളിൽ പുതിയ താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യം വച്ച് കഴിഞ്ഞ 2 വർഷ മായി 75 കുട്ടികൾക്ക് വിദഗ്ധ പരിശീ ലനം നൽകി. ഹൈസ്കൂൾ വരെയുള്ള വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകിയത് അവരിൽ വലിയ ആത്മവിശ്വാസം വളർത്തിയെടുക്കുവാൻ സാധിച്ചു. വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസവും പ്രതിരോധശേഷിയും വളർത്തുക എന്ന ലക്ഷ്യത്തോടെ യു.പി സ്കൂൾ വരെയുള്ള കുട്ടികൾക്ക് തൈ ക്കോണ്ട, കരാട്ടെ പരിശീലനവും വിജയകരമായി നടത്തി വരുന്നു. പഞ്ചായത്തിൽ ആധുനിക സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ 5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്.



## പായത്തെ വളയിട്ട കർഷക കൈകളിൽ ഇനി തറിയും വിളയും

കേരള ഹാൻവീവ് ഡവലപ്മെന്റ് കോർപ്പറേഷന്റെയും കേരള സർക്കാരിന്റെയും സഹകരണത്തോടെ പായത്തെ 194 വനിതകൾ ആദ്യമായി നെയ്ത്ത് പരിശീലിച്ച് തുണി നെയ്യാൻ തയ്യാറായി കർമ്മപഥത്തിലേക്ക്. കുടുംബശ്രീ മുഖേന തെരഞ്ഞെടുത്ത 194 വനിതകൾക്ക് മൂന്ന് മാസത്തെ പരിശീലനവും പരിശീലന കാലയളവിൽ 4000 രൂപ സ്റ്റൈപ്പെന്റും നൽകിയാണ് ഹാന്റ്‌വീവ് വനിതകളെ പ്രാപ്തരാക്കിയത്. 50000 രൂപയുടെ തറി ഈ 194 വീടുകളിലും സ്ഥാപിച്ചു. ഇപ്പോൾ വളയിട്ട കർഷക മക്കൾ മലയോരത്ത് ആദ്യമായി തുണി നെയ്യാൻ തുടങ്ങിയിരിക്കുന്നു. ശരാശരി 10000 മുതൽ 15000 രൂപ വരെ മാസം വരുമാനം ലഭിക്കുന്ന ഒരു പദ്ധതിക്കാണ് പായത്ത് തുടക്കം കുറിച്ചിരിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിന്റെ പുതിയ മാതൃക ഹാന്റ് വീവിലൂടെ പായത്ത് ഒരുങ്ങിയിരിക്കുന്നു



## കുഞ്ഞുകൈകളിൽ വിത്തും കൈക്കോട്ടും

പുതിയ തലമുറയിൽ കാർഷികാഭിമുഖ്യം വളർത്തിയെടുക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് 'കുഞ്ഞുകൈകളിൽ വിത്തും കൈക്കോട്ടും' കുഞ്ഞു



*കൂട് മത്സ്യകൃഷി*

വിദ്യാർത്ഥികൾക്ക് എങ്ങനെയാണ് നെല്ല ണ്ടാകുന്നതെന്നും അരിയുണ്ടാക്കുന്നതെന്നും നേരിട്ട് പഠിപ്പിക്കാൻ ഉപകരിക്കുന്ന രൂപത്തിലാണ് വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയത്.

### മാലിന്യ നിർമ്മാർജ്ജനം

'മാലിന്യ വിമുക്ത ഗ്രാമം' യാഥാർത്ഥ്യ മാക്കാൻ ശ്രദ്ധേയമായ പ്രവർത്തനങ്ങ ളാണ് നടത്തിയത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി പ്ലാസ്റ്റിക് ജീവജാലങ്ങൾക്കും പ്രകൃതിക്കും വരുത്തി വയ്ക്കുന്ന ദുരന്തങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽകരിക്കുന്നതിന് പ്രത്യേക ഗ്രാ മസഭകൾ, ഗൃഹ സന്ദർശനം, വിളംബര ജാഥകൾ, വിദ്യാലയങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ നടത്തി. ഹരിത കർമ്മസേന മുഖേന വീടുകളിൽ നിന്നും 30 രൂപ വീതം ഈടാക്കി പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് റീസൈക്ലിങ്ങ് യൂണിറ്റുകൾക്ക് നൽകുകയും ചെയ്തു. കുപ്പി, ചെരുപ്പ്, ബാഗ്, ഇ-മാലിന്യ ങ്ങൾ തുടങ്ങിയവ പ്രത്യേക മാസങ്ങളിൽ ശേഖരിച്ച് 42 ലോഡ് കയറ്റി അയച്ചു. പ്ലാ സ്റ്റിക് സംഭരണ കേന്ദ്രം പെരിങ്കരിയിൽ നിർമ്മിച്ചു.ജൈവ മാലിന്യങ്ങൾ ഉറവിട ത്തിൽ തന്നെ സംസ്കരിക്കുന്നതിന് 187 ബയോ ഗ്യാസ് പ്ലാന്റുകൾ, 460 റിങ്ങ് കമ്പോസ്റ്റുകൾ, 997 കലം കമ്പോസ്റ്റുകൾ എന്നിവ വീടുകളിൽ സ്ഥാപിച്ചു. കൂടാതെ 2000 ത്തിൽപരം വീടുകളിൽ കമ്പോസ്റ്റ് പിറ്റും നിർമ്മിച്ചു. 70 ലക്ഷം രൂപ വരുന്ന ആധുനിക വാതക ശ്മശാനം കോളിക്കടവിൽ നിർമ്മാണം പൂർത്തിയായി വരുന്നു.

### ആനിമൽ റസ്ക്യൂ & റിഹാബിലിറ്റേഷൻ സെന്റർ

പായം ഗ്രാമപഞ്ചായത്തിലെ പെരുമ്പ റമ്പിൽ പഴശ്ശി പദ്ധതി വിട്ടുനൽകിയ പുഴ യോരത്തെ സ്ഥലത്ത് 1986-88ൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനമാ രംഭിച്ചിരുന്ന 'മഹാത്മാഗാന്ധി പാർക്കിന്റെ പ്രവർത്തനം നിലച്ചു പോയിട്ട് പതിറ്റാണ്ടു കളായി. ഈ പാർക്കിനെ കേരളത്തിലെ ആദ്യത്തെ ആനിമൽ റസ്ക്യൂ & റിഹാ ബിലിറ്റേഷൻ സെന്റർ വിത്ത് പബ്ലിക് പാർക്കാക്കി മാറ്റുവാൻ വിശദമായ ഡി. പി.ആർ പഞ്ചായത്ത് മുൻകയ്യിൽ തയ്യാറാ ക്കി സർക്കാരിലേക്ക് അംഗീകാരത്തി നായി സമർപ്പിച്ചിരിക്കുകയാണ്.

കേരളത്തിലെ ആദ്യ കൂട് മത്സ്യകൃഷി പഞ്ചായത്തിലെ പെരുമ്പറമ്പിൽ ഫിഷറീസ് വകുപ്പ് മന്ത്രി മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. 8 കോടി രൂപ ചെലവിൽ ഫിഷറീസ് വകുപ്പുമായി ചേർന്ന് സംയുക്ത മായാണ് പദ്ധതി നടപ്പിലാക്കുന്നത്. ☐

*ലേഖകൻ പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*

## പൊതുജനസേവനരംഗത്തെ നൂതന ആശയാവിഷ്കാരത്തിന് അവാർഡുകൾ

### ബുധനൂർ ഗ്രാമപഞ്ചായത്തിലെ കുട്ടൻപേരൂർ നദി പുനരുജ്ജീവന പദ്ധതിക്കും മയ്യിൽ ഗ്രാമപഞ്ചായത്തിലെ സമ്പൂർണ നെൽകൃഷി പദ്ധതിക്കും പുരസ്കാരം

പൊതുജനസേവനരംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള മുഖ്യമന്ത്രിയുടെ 2017-ലെ അവാർഡിന് അർഹരായവരെ പ്രഖ്യാപിച്ചു. പേഴ്സണൽ മാനേജ്മെന്റ്, പബ്ലിക് സർവ്വീസ് ഡെലിവറി, പ്രൊസീജ്വൽ ഇന്റർവെൻഷൻ, ഡെവലപ്മെന്റൽ ഇന്റർവെൻഷൻ എന്നീ വിഭാഗങ്ങളിലായി അഞ്ചുലക്ഷം രൂപയുടെ ഓരോ അവാർ ഡാണ് നൽകുന്നത്.

പബ്ലിക് സർവ്വീസ് ഡെലിവറി വിഭാഗ ത്തിൽ ദേശീയ ആരോഗ്യമിഷനു കീഴിലെ ഹൃദ്യം പദ്ധതിക്ക് ഒന്നാംസ്ഥാനവും വനിതാ ശിശുവികസന വകുപ്പിനു കീഴിലെ അവർ റെസ്പോൺസബിലിറ്റി ടു ചിൽഡ്രൻ പദ്ധതി രണ്ടാം സ്ഥാനവും നേടി.

പ്രൊസീജ്വൽ ഇന്റർവെൻഷൻ വിഭാ ഗത്തിൽ കുറ്റ്യാടി ഇറിഗേഷൻ കനാലിലെ ഭൂവസ്തുത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. ഡെവലപ്മെന്റൽ ഇന്റർവെൻഷനിൽ ചെങ്ങന്നൂരിലെ ബുധനൂർ ഗ്രാമപഞ്ചായ ത്തിലെ കുട്ടൻപേരൂർ നദി പുനരുജ്ജീവന പദ്ധതിക്കും കേരള ഭൂവിനിയോഗ ബോർഡ് നടത്തുന്ന ജലസ്രോതസുകളുടെ സംരക്ഷ ണത്തിനും ഒന്നാംസ്ഥാനം ലഭിച്ചു. കണ്ണൂരിലെ മയ്യിൽ ഗ്രാമപഞ്ചായത്തിലെ സമ്പൂർണ നെൽകൃഷി പദ്ധതിക്ക് രണ്ടാം സ്ഥാനം ലഭിച്ചു.




# മാതൃകയായി കിരണം സ്പെഷ്യൽ സ്കൂൾ

■ അബ്ദുൾ ലത്തീഫ് എ.വി.

**ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ പ്രത്യേക പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ അവരുടെ ജീവിത പന്ഥാവ് മെച്ചപ്പെടുത്താനും അവരുടെ അമ്മമാർക്കും കുടുംബത്തിനും ആശ്വാസമാവാനും ഈ സ്ഥാപനം വഹിക്കുന്ന പങ്ക് ചെറുതല്ല.**

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമ പഞ്ചായത്തിലെ 'കിരണം' സ്പെഷ്യൽ സ്കൂൾ അതിന്റെ പ്രവർത്തന മികവുകൊണ്ട് മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാവുകയാണ്. 1998-ൽ ഗ്രാമ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ 8 കുട്ടികളുമായി ആരംഭിച്ച ഈ സ്ഥാപനത്തിന് ഇന്ന് 50 സെന്റ് സ്ഥലത്ത് ആറ് ക്ലാസ് മുറികളും ഡൈനിംഗ് ഹാൾ, സന്ദർശക മുറി, സ്റ്റാഫ് റൂം ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളുള്ള കെട്ടിടവുമുണ്ട്.

ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ പ്രത്യേക പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ അവരുടെ ജീവിത പന്ഥാവ് മെച്ചപ്പെടുത്താനും അവരുടെ അമ്മമാർക്കും കുടുംബത്തിനും ആശ്വാസമാവാനും ഈ സ്ഥാപനം വഹിക്കുന്ന പങ്ക് ചെറുതല്ല. കാവിലുംപാറ പഞ്ചായത്ത് പരിധിയിലെ 35 കുട്ടികളും സമീപ പഞ്ചായത്തുകളിലെ 16 കുട്ടികളും ഉൾപ്പെടെ 51 കുട്ടികൾ ഇവിടെ പഠിക്കുന്നു.

1998-ൽ ആരംഭിച്ച സ്കൂളിന് 2005-06ൽ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ കെട്ടിടം നിർമ്മിച്ചു. 2009ൽ വിദ്യാഭ്യാസ വകുപ്പിന്റെ സ്പെഷ്യൽ സ്കൂളിനുള്ള അംഗീകാരവും നേടി. കുട്ടികൾ വർദ്ധിച്ചതോടെ 2016ൽ കെട്ടിടം വിപുലീകരിച്ച് ഇന്നത്തെ നിലയിലേക്ക് മാറ്റി.

മൂന്ന് ടീച്ചർമാർ, ആയ, പാചകത്തൊഴിലാളി, രണ്ട് തെറാപ്പിസ്റ്റുകളുള്ള ഈ സ്കൂളിൽ കുട്ടികളെ പ്രത്യേക പാഠ്യപദ്ധതിക്കനുസരിച്ച് വിവിധ ക്ലാസ്സുകളാക്കി തിരിച്ചാണ് പരിശീലനം നൽകുന്നത്. ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയ്ക്കു വേണ്ട അത്യാവശ്യ ഉപകരണങ്ങൾ സജ്ജമാക്കി ആഴ്ചയിൽ 5 ദിവസം തെറാപ്പിസ്റ്റുകളുടെ സേവനവും ഏർപ്പെടുത്തി കുട്ടികളുടെ ശേഷികൾ വർദ്ധിപ്പി





ക്കുന്നുണ്ട്.

കുട്ടികളുടെ മാനസികോല്ലാസത്തിനും സമൂഹത്തോടൊപ്പം സഞ്ചരിക്കുന്നതിനുമുള്ള കാര്യശേഷി പോഷണത്തിനും ഉതകും വിധത്തിലാണ് പരിശീലനം. പല സ്ഥാപനങ്ങളിലും വീട്ടുകളിലും ഇത്തരം കുട്ടികളെ കൂട്ടിലടച്ചപോലെ കൈകാര്യം ചെയ്യുമ്പോൾ വളരെ ആനന്ദകരമായ അന്തരീക്ഷത്തിലാണ് ഇവിടെ കുട്ടികൾ. 21 വയസ്സിനു മുകളിലുള്ള 20 പഠിതാക്കൾ ഈ സ്ഥാപനത്തിലെത്തുന്നുണ്ട്. ക്രാഫ്റ്റ് ഇനങ്ങൾ, ഫയൽ ബോർഡ്, പേപ്പർ ബാഗ്, പേപ്പർ പേന, മാറ്റുകൾ, മുത്തുമാലകൾ, ബാത്ത് സോപ്പ് എന്നിവ നിർമ്മിക്കുന്നതിൽ പരിശീലനം നൽകി നൈപുണ്യമുള്ളവരാക്കുകയും അവർ നിർമ്മിക്കുന്ന വസ്തുക്കൾ വിവിധ മേളകളിലൂടെയും മറ്റും വിപണനം നടത്തുകയും ചെയ്യുന്നു. ഈ സ്കൂളിന്റെ മറ്റൊരു പ്രത്യേകത കുട്ടികളുടെ നേതൃത്വത്തിൽത്തന്നെ അലങ്കാര മത്സ്യകൃഷിയും ശലഭോദ്യാനവും നടത്തുന്നുവെന്നതാണ്.

കൂടാതെ കൃഷിഭവന്റെ സഹായത്തോടെ നേന്ത്രവാഴ, കപ്പ, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ് തുടങ്ങിയ ഇടവിള കൃഷി ചെയ്യും വെണ്ട, വെള്ളരി, ചീര, പാവയ്ക്ക, തക്കാളി, മുളക്, കോവൽ, പൊട്ടിക്ക, ചുരങ്ങ തുടങ്ങിയ പച്ചക്കറി കൃഷി ചെയ്തും അവരുടെ മികവും ശേഷിയും തെളിയിച്ചിട്ടുണ്ട്. കുട്ടികളുടെ കായികവും കലാപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തി വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. എല്ലാ വർഷവും ഭിന്നശേഷി കലോത്സവങ്ങൾ സംഘടിപ്പിക്കുന്നു. ഭിന്നശേഷി കലോത്സവത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഒട്ടേറെ നേട്ടങ്ങൾ ഈ സ്ഥാപനത്തിലെ കുട്ടികൾ കരസ്ഥമാക്കിയിട്ടുണ്ട്.

ജീവനക്കാരുടെ ശമ്പളം, കുട്ടികൾക്കുള്ള ഭക്ഷണം, വാഹനചെലവ് ഉൾപ്പെടെയുള്ള നടത്തിപ്പുചെലവുകൾ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി വിഹിതവും വിദ്യാഭ്യാസ വകുപ്പിന്റെ വാർഷിക ഗ്രാന്റും ഉപയോഗിച്ചാണ് നടത്തുന്നത്.

സാമൂഹിക ക്ഷേമ വകുപ്പ് ഇംഹാൻസുമായി ചേർന്ന് ജില്ലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതിയിൽ സ്പെഷ്യൽ സ്കൂൾ ടീച്ചർമാർക്ക് പരിശീലനം നൽകുന്ന സെന്ററായി ഈ സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നത് ഐ.സി.ഡി.എസ്. സൂപ്പർവൈസറാണ്. ഫലപ്രദമായി പ്രവർത്തിക്കുന്ന സ്കൂൾ വികസന മാനേജ്മെന്റ് സമിതിയും പി.ടി.ഐ., മദർ പി.ടി.ഐ. കമ്മിറ്റികളും ഉച്ചഭക്ഷണകമ്മിറ്റിയുമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

□

*ലേഖകൻ കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാണ്.*


## കുടുംബശ്രീക്ക് സ്കോച്ച് ഓർഡർ ഓഫ് മെരിറ്റ് അവാർഡ്

സംസ്ഥാനത്ത് വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതിലൂടെ സാമൂഹ്യ സുരക്ഷാ മേഖലയിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചതിനും കുടുംബശ്രീക്ക് ഈ വർഷത്തെ സ്കോച്ച് (SKOCH) ഓർഡർ ഓഫ് മെരിറ്റ് അവാർഡ് ലഭിച്ചു. അയൽക്കൂട്ട രൂപീകരണം വഴി വയോജനങ്ങൾക്കായി കൂട്ടായ്മകൾ സൃഷ്ടിക്കാനും അവരുടെ ആവശ്യങ്ങളും ആശയങ്ങളും പങ്കുവയ്ക്കാനുള്ള ഏറ്റവും അനുയോജ്യമായ ഒരിടമായി വയോജന അയൽക്കൂട്ട വേദികളെ മാറ്റുന്നതിനും സാധിച്ചതിനാണ് കുടുംബശ്രീക്ക് അവാർഡ്.

ന്യൂദില്ലിയിലെ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ് ഓഫ് ഇന്ത്യ ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ കുടുംബശ്രീക്കു വേണ്ടി സ്റ്റേറ്റ് സീനിയർ കൺസൾട്ടന്റ് അനീഷ് കുമാർ എം.എസ്. സ്കോച്ച് ഡെവലപ്മെന്റ് ഫൗണ്ടേഷൻ സീനിയർ ഡിസ്റ്റിങ്ഗ്വിഷ്ഡ് ഫെല്ലോ നിർമൽ ബെൻസാഷലിൽ നിന്നു അവാർഡ് സ്വീകരിച്ചു. മെമന്റോയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്.

രാജ്യമെമ്പാടു നിന്നും ലഭിച്ച ആയിരത്തിലേറെ എൻട്രികളിൽ നിന്നാണ് കുടുംബശ്രീയെ അവാർഡിനായി തെരഞ്ഞെടുത്തത്. പ്രാഥമിക ഘട്ടത്തിൽ വയോജന സംരക്ഷണത്തിനും അവരുടെ സാമൂഹ്യ ജീവിതം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തി. ഇതിൽ നിന്നും മികവുറ്റ രീതിയിൽ പദ്ധതി നടപ്പാക്കുന്നുവെന്ന് വിലയിരുത്തിയ അധികൃതർ രണ്ടാം ഘട്ടത്തിൽ ജൂറി പാനലിനു മുമ്പാകെ പദ്ധതി അവതരിപ്പിക്കാൻ കുടുംബശ്രീയെ ക്ഷണിക്കുകയായിരുന്നു.

ഈ രണ്ടു ഘട്ടങ്ങളിലും വിജയിച്ച പദ്ധതികൾക്കായി വോട്ടു രേഖപ്പെടുത്തുന്നതിനുള്ള അവസരം പൊതു ജനങ്ങൾക്ക് നല്കിയിരുന്നു. ഇപ്രകാരം വിവിധ ഘട്ടങ്ങളിലെ മികവിന്റെയും വോട്ടിന്റെയും അടിസ്ഥാനത്തിലാണ് കുടുംബശ്രീക്ക് അവാർഡ് നല്കിയത്.



# അമ്മിക്കല്ലും ആട്ടുകല്ലും അടുക്കളയിൽ തിരിച്ചുവരുമോ?

■ മുരളീധരൻ തഴക്കര

**ആട്ടുകല്ലിൽ അരിയും ഉഴുന്നും അരയ്ക്കുന്നതും അരകല്ലിൽ കറിക്കൂട്ടുകൾ അരച്ചെടുക്കുന്നതും തിരികല്ലിൽ ഉഴുന്ന് പിളർന്നെടുക്കുന്നതും ആരോഗ്യകരമായ ഒരു കായികാദ്ധ്വാനമായിരുന്നു.**

പണ്ട് പുതിയ വീടുവെച്ച് താമസം തുടങ്ങുമ്പോൾ ആദ്യം വാങ്ങുന്ന വീട്ടുപകരണങ്ങളുടെ പട്ടികയിൽപെട്ടവയാണ് അരകല്ലും ആട്ടുകല്ലും. ഇന്ന് നാം ഗൃഹപ്രവേശസമയത്ത് മിക്സിയും ഗ്രൈൻഡറും മറ്റും സ്നേഹോപഹാരമായി നൽകുമ്പോൾ പണ്ട് പ്രിയപ്പെട്ടവർ അരകല്ലും ആട്ടുകല്ലും തിരികല്ലും കാൽപ്പെട്ടിയും അരിപ്പെട്ടിയും മറ്റുമാണ് നൽകിയിരുന്നത്.

ആട്ടുകല്ലിൽ അരിയും ഉഴുന്നും അരയ്ക്കുന്നതും അരകല്ലിൽ കറിക്കൂട്ടുകൾ അരച്ചെടുക്കുന്നതും തിരികല്ലിൽ ഉഴുന്ന് പിളർന്നെടുക്കുന്നതും ആരോഗ്യകരമായ ഒരു കായികാദ്ധ്വാനമായിരുന്നു. ആട്ടുകല്ലിൽ അരച്ചെടുത്ത മാവുകൊണ്ട് ദോശയും ഇഡ്ഡലിയും ഉണ്ടാക്കിയാൽ അതിന് പ്രത്യേക മൃദുത്വവും രുചിയുമുണ്ടായിരുന്നുവെന്ന് ഇന്ന് നാം തിരിച്ചറിയുന്നു. അമ്മിക്കല്ലിൽ അരച്ചെടുത്ത കറിക്കൂട്ടുകൾ ചേർത്തു തയ്യാറാക്കുന്ന വിഭവങ്ങൾക്കുള്ള തനിമയാർന്ന സ്വാദ് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. എന്തിനേറെ അമ്മിക്കല്ലിൽ അരച്ചെടുത്ത ചമ്മന്തിക്കുതന്നെ എന്താ രുചി. യന്ത്രങ്ങളുടെ മുരൾച്ചയ്ക്കും ക്രമാതീതമായ ചൂടിനും പകരം അമ്മയുടെ വാത്സല്യവും കൈപുണ്യവും കൂടിയാണ് അമ്മിക്കല്ലിൽ അരഞ്ഞുചേരുന്നത്.

നാട്ടിൻപുറത്തെ ചായക്കടകളിലും നഗരങ്ങളിലെ വലിയ ഹോട്ടലുകളിലും സാധാരണയിൽകവിഞ്ഞ ആട്ടുകല്ലാണ് ഉപയോഗിച്ചിരുന്നത്. ഇങ്ങനെ അളവിൽ വളരെക്കൂടുതലുള്ള അരിയും ഉഴുന്നും അരയ്ക്കുന്നതിന് നല്ല ആരോഗ്യവും പ്രത്യേക പ്രാ

## ...എന്ന് വായനക്കാർ

### വിഭവസമൃദ്ധം

ഒരു പ്രളയകാലത്തെക്കൂടി സധൈര്യം നേരിട്ട് മുന്നോട്ട് പോയ നമ്മുടെ സംസ്ഥാനം ഒരു ദുരന്തത്തെ എപ്രകാരമാണ് നേരിടേണ്ടതെന്ന മാതൃക ലോകത്തിനു കാട്ടി കൊടുത്തുകൊണ്ട് മുന്നോട്ട് പോകുമ്പോൾ തോളോട് ചേർന്ന് നിന്ന് നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളും ശ്ലാഘനീയമായ പ്രവർത്തനങ്ങളുമായി സർക്കാരിന് ഉറച്ച പിന്തുണയുമായി ഒപ്പമുണ്ടായിരുന്നു. ആ ദുരന്തകാലത്തിനുശേഷം പ്രസിദ്ധീകരിച്ച പഞ്ചായത്ത്‌രാജ് മാസികയുടെ സെപ്റ്റംബർ ലക്കം വിഭവസമൃദ്ധമായിരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ വ്യത്യസ്തമായ തലങ്ങളെ സംബന്ധിച്ചുള്ള കില ഡയറക്ടറുടെ ലേഖനം വളരെ വിജ്ഞാനപ്രദമായിരുന്നു.

ജനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എന്നും കീറാമുട്ടിയായി അവശേഷിച്ച തീരദേശ പരിപാലന നിയമവും അതിന്റെ പ്രയോഗവും വളരെ ലളിതമായും കാര്യമാത്രപ്രസക്തമായും കൈകാര്യം ചെയ്യുന്ന തരത്തിലുള്ള ലേഖനം പ്രസിദ്ധീകരിച്ചതിന് ലേഖികയും പത്രാധിപസമിതിയും അഭിനന്ദനമർഹിക്കുന്നു. ഈസ് ഓഫ് ഡ്യൂയിംഗ് ബിസിനസുമായി ബന്ധപ്പെട്ട് വിവിധ നിയമങ്ങളിൽ വന്ന പ്രധാന ഭേദഗതികൾ സൂചിപ്പിച്ചുകൊണ്ടുള്ള വിവരണം ശ്രദ്ധേയമായി. മാലിന്യ സംസ്കരണത്തിന്റ അടിമാലി, ഉവ്വൂർ മാതൃകകൾ, വാരപ്പെട്ടിയിലെ പച്ചതുരുത്ത്, ചേലേമ്പ്രയിലെ മിഷൻ ഫസ്റ്റ് എയിഡ് എന്ന നൂതന പദ്ധതി, ചൂർണിക്കര ഗ്രാമപഞ്ചായത്തിന്റെ കാർഷിക വിളകൾക്ക് ആരോഗ്യകേന്ദ്രം എന്നീ പദ്ധതികൾ സംബന്ധിച്ച് മാസികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങൾ വിജ്ഞാനപ്രദമായതും മറ്റ് സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന തരത്തിലുള്ളവയുമാണ്. ഒരു പുരോഗമന സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനും ശാക്തീകരിക്കുന്നതിനും സഹായകരമായ തരത്തിലുള്ള വിഭവങ്ങൾ ഉൾപെടുത്തിയ പഞ്ചായത്ത് രാജ് മാസികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**അരവിന്ദാക്ഷൻ, നെടുമങ്ങാട്**

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

---

വണ്യവുമുള്ള ജോലിക്കാരെയും നിയോഗിച്ചിരുന്നു. നാട്ടിൻപുറത്തെ പഴയ ചായക്കടയിൽ കയറി ദോശയും ചായയും മറ്റും കഴിച്ച് കൈയിൽ പണമില്ലാത്തതിനാൽ കടം പറയുന്നവരോട് ചായക്കട മുതലാളിയുടെ ഒരു ഭാഷ്യമുണ്ട്. "ഒരു കാര്യം ചെയ്യ്, കൈയിൽ കാശില്ലെങ്കിൽ അടുക്കളേലോട്ട് കേറിക്കോ. നാളത്തെ ദോശയ്ക്കുള്ള അരിയും ഉഴുന്നും അരച്ച് തന്നിട്ട് പോയാൽ മതി." ഒരുകാലത്ത് നാട്ടിൻപുറത്തെ ചായക്കടകളിൽ നിലനിന്ന ഒരു സംഭാഷണമായിരുന്നു ഇത്.

നല്ല ഉറപ്പുള്ള പ്രത്യേകതരം കരിങ്കൽശിലയാണ് ആട്ടുകല്ലും അരകല്ലും ഉണ്ടാക്കുവാൻ എടുക്കുന്നത്. ഇവ ഉണ്ടാക്കുന്നതിന് പരിചയസമ്പന്നരായ പരമ്പരാഗത കല്ലാശാരിമാർ ഉണ്ടായിരുന്നു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, കല്ലിശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ കരിങ്കൽ ശിലയിൽ വിഗ്രഹങ്ങളും സ്തൂപങ്ങളും വീട്ടുപകരണങ്ങളും നിർമ്മിക്കുന്ന നിരവധി ശില്പി കുടുംബങ്ങളുണ്ട്. വീടുകളിൽ അരകല്ലിലും ആട്ടുകല്ലിലും അരച്ചിരുന്നത് വീട്ടമ്മമാർ തന്നെയാണ്. അല്പം ആയാസകരമായ ജോലി എന്ന നിലിയിൽ സ്ത്രീകൾക്ക് ആരോഗ്യദായകമായ ഒരു കായികാഭ്യാസമായിരുന്നു ഇത്. ഈ വിധ ആരോഗ്യ നന്മകളെല്ലാം ഒഴിവാക്കിയിട്ടാണ് നമ്മൾ വലിയ പണം നൽകി ഇപ്പോൾ നഗരങ്ങളിലെ ഹെൽത്ത് ക്ലബ്ബുകളിൽ പോകുന്നത്. ഏറെ തിരക്കുപിടിച്ച ജീവിതത്തിനിടയിലെ സമയക്കുറവും ആയാസകരമായി പ്രവർത്തിപ്പിക്കാവുന്ന നൂതനയന്ത്ര ഉപകരണങ്ങളുടെ ലഭ്യതയും മാറിയ ഭക്ഷണശീലവുമെല്ലാം ആട്ടുകല്ലും അരകല്ലും തിരികല്ലുമെല്ലാം അടുക്കളയ്ക്ക് പുറത്താകാൻ കാരണമായി.

കല്ലുകൊത്താനുണ്ടോ, കല്ലുകൊത്താനുണ്ടോ എന്ന് ഉച്ചത്തിൽ വിളിച്ച് ചോദിച്ച് ചുറ്റികയും കല്ലുളിയുമായി കടന്നുവന്ന് ആട്ടുകല്ലും അരകല്ലും തിരികല്ലും കൊത്തിക്കൊടുത്ത് ഉപജീവിച്ചിരുന്നവരുടെ കാലവും കഴിഞ്ഞു. ആട്ടുകല്ലും അരകല്ലും സ്ഥിരമായ ഉപയോഗത്താൽ തേഞ്ഞുമാറുമ്പോൾ കല്ലുളികൊണ്ട് കൊത്തിയാണ് വീണ്ടും ഒരം വരുത്തുന്നത്. നല്ല ഒരമുണ്ടെങ്കിലേ അരിയും ഉഴുന്നും നല്ലതുപോലെയും വേഗത്തിലും അരഞ്ഞുകിട്ടൂ.

ദോശമാവും ഇഡ്ഡലിമാവും റെഡിമെയ്ഡായി പ്ലാസ്റ്റിക് കവറിൽ കേരളത്തിലെവിടെയും ഇപ്പോൾ സുലഭമാണ്. മാത്രമല്ല, നമ്മുടെ വീടുകളിൽ പത്തുപേർ ഒത്തുചേരുന്ന ചടങ്ങുനടന്നാൽപോലും പലഹാരമായാലും ഊണായാലും കാറ്ററിംഗ് മുൻകൂട്ടി കരാറുകൊടുക്കുന്ന നിലയിലേക്ക് കേരളം മാറിയിരിക്കുന്നു. ജീവിതവേഗം കൂടിയ ഈ പുതിയ കാലത്ത് ആട്ടുകല്ലിലും അരകല്ലിലും അരച്ചെടുത്ത് ആവിയിൽപ്പുഴുങ്ങി പലഹാരമാക്കാനും മറ്റും ആർക്കാണ് നേരം? അതുകൊണ്ടുതന്നെ അമ്മിക്കല്ലും ആട്ടുകല്ലും അടുക്കളയിൽ നിന്ന് പുറത്തായി. പല വീടുകളിലും വീടിനോട് ചേർന്ന പുരംപറമ്പുകളിൽ അരഞ്ഞുതേഞ്ഞ അമ്മിക്കല്ലും ആട്ടുകല്ലും അനാഥമായി കിടക്കുന്നത് കാണാം.

പഴയ ഒരു വസ്തുത പറയാതെ വയ്യ. പഴമയുടെ നന്മ തിരിച്ചറിയുന്ന കാലമാണിത്. പ്രത്യേകിച്ച് ഭക്ഷണത്തിന്റെ കാര്യത്തിൽ. നാടൻ പച്ചക്കറികളും നാടൻ പഴവും നാടൻ പശുവിന്റെ പാലും മറ്റും ഇതാ അടുക്കളയിലേക്കു തിരിച്ചു വന്നിരിക്കുന്നു. നാടൻ ഊണും നാടൻ ഭക്ഷണവും കിട്ടുന്ന നാട്ടിൻപുറത്തെ ചെറിയ ചായപ്പീടിക അന്വേഷിച്ച് ഇപ്പോഴിതാ വീണ്ടും മലയാളി തിരിച്ചു നടക്കുകയാണ്.

അതുകൊണ്ടുതന്നെ ആട്ടുകല്ലും അമ്മിക്കല്ലും തിരികല്ലും തിരിച്ചുവരും. ഒപ്പം മൺപാത്രങ്ങളും. ആയുരാരോഗ്യത്തിന് ഇതാണ് അത്യുത്തമമെന്ന് ആധുനിക ആരോഗ്യശാസ്ത്രവും ശരിവയ്ക്കുകയാണ്. കാരണം ഇവയൊന്നും കൃത്രിമ ലോഹ നിർമ്മിതമല്ല. അരകല്ലും ആട്ടുകല്ലും മൺകലവും പ്രകൃതിജന്യമാണ്, പ്രകൃതിയുടെ ഭാഗമാണ്. അതിനാൽ പ്രകൃതി നൽകുന്ന നന്മ ആരോഗ്യത്തിന് മേന്മയായി മാറുന്നു.




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** October 2019
Annual Subscription ₹120, Published on 20 October 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

# അതിജീവനത്തിനായി കൈകോർക്കാം






**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യാം**

Website: donation.cmdrf.kerala.gov.in
A/C No. 67319948232, A/C Name: Chief Ministers Distress Relief Fund,
Branch: SBI, City Branch, Thiruvananthapuram
IFSC: SBIN0070028, PAN: AAAGD0584M, SWIFT CODE: SBININBBT08
(google pay, phone pay, paytm, bhim) വഴിയും പണം അയയ്ക്കാം
**CMDRF ലേയ്ക്കുള്ള സംഭാവന പൂർണ്ണമായും ആദായ നികുതി മുക്തമാണ്**

STAND WITH KERALA

കേരള സർക്കാർ ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്

Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS